Reg: No. M. 2639.
T. 32.

License No: 427
Dated 14—8—1943.

# മലയാളരാജ്യം

പുസ്തകം ൧൯ | കൊല്ലം ൧൯൪൫ മാർച്ച് ൫-ാംതി | ലക്കം ൨൨൪
പേജ് ൧ | ൧൧൨൦ കുംഭം ൨൧-ാംതി തിങ്കളാഴ്ച | ഒററപ്രതി ൨ അണ.

## ദാദാ കൃപലാനി

പ്രൊഫസർ എൻ. ആർ. മൽക്കാനി

ഞാൻ ഒരു കൊച്ചു വിദ്യാർത്ഥിയായിരുന്ന കാലം മുതൽ എനിക്കു കൃപലാനിജിയെ അറിയാം. അദ്ദേഹം എന്റെ അയൽവാസസ്ഥനും അകന്ന ഒരു ബന്ധുവുമായിരുന്നു. അനന്തരകാലങ്ങളിൽ പല വർഷം ഞങ്ങൾ സഹപ്രവർത്തകരായിരുന്നിട്ടുണ്ട്—മുസഫർപൂരിലെ ജി. ബി. ബി. കാളേജിലും, അഹമ്മദബാദിലെ ഗുജറാത്ത് മഹാവിദ്യാലയത്തിലും—അതിനിപ്പുറം ഞങ്ങൾതമ്മിൽ അത്രയധികം കാണാറില്ല. ഞങ്ങളുടെ മനോഗതികളും കർത്തവ്യങ്ങളും ഭിന്നലക്ഷ്യങ്ങളിലേക്കാണു ഞങ്ങളെ നയിച്ചത്. 1914-നിപ്പുറം ഞാൻ വെറും പ്രൊഫ: മൽക്കാനിയായിത്തന്നെ കഴിയുന്നു. എന്നാൽ എന്റെ കുട്ടിക്കാലത്തെ 'ജീവത്ത്' ആകട്ടെ, പ്രൊഫസർ കൃപലാനിയിൽനിന്നു ദാദാ കൃപലാനിയായും പിന്നെ ആചാര്യ കൃപലാനിയായും വളർന്നു. ഇന്ന് അദ്ദേഹം പ്രസിഡൻറു കൃപലാനിയായി അഗ്രഭാഗത്തുതന്നെ വർത്തിക്കുന്നു. എങ്കിലും ഞങ്ങളിൽ പലർക്കും എന്നും അദ്ദേഹം പ്രിയപ്പെട്ട ദാദാ മാത്രമായിരിക്കും.

ഒരു മനുഷ്യന്റെ ഏററവും നിസ്സാരമായ ഒരു സ്വഭാവവിശേഷം ആയാളുടെ ഏററവും നീണ്ട പ്രസംഗങ്ങളേക്കാൾ കൂടുതൽ പ്രാധാന്യമുള്ളതാണെന്നും ഒരാൾ പറയുന്ന വാക്ക് ആയാളുടെ എഴുത്തിനെക്കാൾ ശരിയായ സാക്ഷ്യമാണെന്നും പറയപ്പെടുന്നു. കൃപലാനിജി പല പ്രസംഗങ്ങൾ ചെയ്കയും ചില പുസ്തകങ്ങൾ എഴുതുകയും ചെയ്തിട്ടുണ്ട്. എന്നാൽ ആൾ ഇവ രണ്ടിനെക്കാൾ കൂടുതൽ പ്രധാനനാണ്. സ്വല്പനേരത്തെ പരിചയംമാത്രം മതി, അദ്ദേഹം പ്രകൃതിയുടെ ഒരു വിചിത്രസൃഷ്ടിയാണെന്നു ഗ്രഹിക്കുവാൻ. ആ സൃഷ്ടി ഒരു പ്രത്യേകവിഭാഗത്തിലോ വർഗ്ഗത്തിലോ പെട്ടതല്ല. അവയെല്ലാം അതിൽനിന്നു പരിണമിക്കയാണു ചെയ്യുന്നത്. കൃപലാനിജി ഹൈദരബാദിലെ ഒരു പ്രധാന അമീൽ കുടുംബത്തിൽ ജനിച്ചു. ഏഴു പുത്രന്മാരും ഒരു പുത്രിയുമുണ്ടായിരുന്നവരിൽ കൃപലാനിജി 6-ാമനാണ്. അവരുടെ പിതാവ് കാകാ ഭഗവൻദാസ്—ഒരു റിട്ടയർഡ് തഹശീൽദാർ—രാജഭക്തനായ ഇൻഡ്യാക്കാരനായിരുന്നു. തികഞ്ഞ വൈഷ്ണവനായിരുന്ന അദ്ദേഹം ഗംഭീരമായ കുടുംബഭവനത്തിന്റെ മുൻവശത്തായി പണിയിച്ച ഒരു ചെറുഗൃഹത്തിൽ നിരാഡംബരവും തപസപ്രായവുമായ ഒരു ജീവിതം നയിച്ചുപോന്നു. കുടുംബാംഗങ്ങൾക്കും അയൽവാസികൾക്കും അദ്ദേഹത്തെ വലിയ ബഹുമാനമായിരുന്നു. എന്നാൽ ആ ബഹുമാനത്തിൽ ഭീതിയുടെ ഒരു വലിയ അംശം കലർന്നിരുന്നു. ആദരാർഹമായ ആ ആകാരത്തിനുള്ളിൽ ക്ഷിപ്രകോപം കുടികൊണ്ടിരുന്നു. ആരെയും അതു് ഒഴിവാക്കിയിരുന്നില്ല. ഉഗ്രാറൻ പടങ്ങളിൽകൂടിയാണ് അതിന്റെ നിർഗ്ഗമനം. രണ്ടാമത്തെയും അഞ്ചാമത്തെയും സഹോദരന്മാർ ഇസ്ലാംമതത്തിൽ ചേർന്നു. അതിന്റെ ബലിപീഠത്തിൽ ജീവിതമർപ്പിച്ചു. അവരിൽ ഒരാൾ ഖിലഫത്തു പ്രക്ഷോഭണകാലത്ത് ഒളിച്ചോടിയ കൂട്ടത്തിലാണു മരിച്ചതു്. ഇൻഡ്യയെ ആക്രമിക്കുവാൻ അഫ്ഗാനിസ്ഥാനുമായി ഗൂഢാലോചന നടത്തിയിരുന്നതായിട്ടാണു വിശ്വസിക്കപ്പെട്ടുന്നതു്. മറേറയാൾ മരിച്ചതു ടർക്കിയിൽവച്ചാണ്. ഒന്നാമത്തെ ഗ്രീക്കുയുദ്ധത്തിനു മുമ്പ് ഗ്രീക്കുകാർക്കെതിരായി ടർക്കിയെ സംരക്ഷിക്കുന്നതിനിടയ്ക്കായിരുന്നു ആ മരണം. ഹൈദരബാദിലെ (സിൻഡ്) ആദ്യത്തെ സ്വദേശിഷാപ്പും ആദ്യത്തെ തോൽകടയും തുടങ്ങിയ ആദ്യത്തെ ആൾ ഈ സഹോദരരിൽ മൂന്നാമനായിരുന്നു. ഏഴാമത്തെ സഹോദരൻ ആദ്യം മരപ്പണിയിൽ ഏർപ്പെട്ടുകയും പിന്നീടു പെട്ടെന്നു സന്യാസവസ്ത്രം ധരിക്കയും ചെയ്തു. ആ വേഷത്തിന്റെയും ആളിന്റെയും തീക്ഷ്ണത ആരെയും ഭയപ്പെടാത്ത കൃപലാനിജിക്കുപോലും ആ സഹോദരനിൽ ഭീതിയുളവാക്കത്തക്കതായിരുന്നു. കികിബെൻ എന്ന സഹോദരിയായിരുന്നു ഏററവും ഇളയതു്. കുടുംബാംഗങ്ങൾക്കെല്ലാം സ്നേഹഭാജനമായിരുന്ന ആ കുട്ടി ഇപ്പോൾ ദേശീയസമരത്തിൽ ആത്മസമർപ്പണം ചെയ്തിരിക്കയാണ്. എങ്കിലും കുടുംബവിശേഷത്തിനു മാററമൊന്നുമില്ല. ഉയർന്ന ശ്രുതിയിലുള്ള വ്യക്തികൾ നിറഞ്ഞതാണ് ആ കുടുംബം. പതിഞ്ഞ ചുണ്ടുകൾ; ഒതുങ്ങിയ മുഖം; പക്ഷേ ജാഗ്രതയേറിയ കണ്ണുകൾ, സ്നേഹം നിറഞ്ഞ ഹൃദയം. അവർക്കെല്ലാം ഉറക്കം വളരെ കുറവാണെന്നാണ് എന്റെ വിശ്വാസം. നാക്കിനു മൂച്ച് വളരെ കൂടും. ഇഷ്ടാനിഷ്ടങ്ങളും വളരെ കട്ടത്തതാണ്. മതത്തിനു വലിയ വില കല്പിച്ചിരുന്നില്ലാത്തതും കല്പിക്കുന്നില്ലാത്തതുമായ ഒരു സമുദായത്തിൽ ഈ കുടുംബം തികച്ചും മതപ്രതിപത്തിയുള്ള ഒന്നായിരുന്നു.

കൃപലാനിജി മട്രിക്കു പാസ്സായി—കുറെയൊക്കെ പ്രയത്നവും ഒട്ടേറെ ഭാഗ്യവുംകൊണ്ട് — വാസ്തവത്തിൽ അവ രണ്ടിന്റെയും നല്ല യോഗംകൊണ്ടാണ് അദ്ദേഹം സാധാരണ പരീക്ഷകൾ പാസ്സാകാറ്—ബാംബയിലെ വിൽസൺകാളേജിൽ ചേർന്നപ്പോളാണ് അദ്ദേഹത്തെ



പ്പററി ഞാൻ അറിഞ്ഞുതുടങ്ങിയതു്. അന്നൊരു സായാഹ്നത്തിൽ സംഭവിച്ചതു വ്യക്തമായി ഞാൻ ഓർക്കുന്നു. ഒന്നാംവർഷത്തെ പരീക്ഷ പാസായിക്കഴിഞ്ഞപ്പോൾ അദ്ദേഹം തന്റെ തടിയൻ മാത്മാററിക്സ് പുസ്തകങ്ങളെല്ലാം എടുത്തു ചപ്പു വാരിയെറിയുന്നതുപോലെ പുറത്തേക്ക് വലിച്ചെറിഞ്ഞു. രത്നംവച്ച ശകാരവാക്യങ്ങളും ഒരു കഴുതച്ചിരിയുമായി കഴിഞ്ഞു ആ രംഗം. പാഠ്യപുസ്തകങ്ങളെന്നുവച്ചാൽതന്നെ അദ്ദേഹത്തിനു വലിയ വിരോധമാണ്. കാളേജുകളിൽ പഠിപ്പിക്കുന്ന രീതിയിലുള്ള ജ്യാമെട്രിയോടും ട്രിഗണോമെട്രിയോടും ആർക്കെങ്കിലും പ്രേമം തോന്നുക സാധ്യമാണോ? എന്നാൽ അദ്ദേഹത്തിന്റെ ആ വലിയ മുറിയിൽ മിക്കവാറും എല്ലാം ഇംഗ്ലീഷ് കവികളുടെയും പടങ്ങൾ ചില്ലിട്ടു നാലു ഭിത്തിയിലും തൂക്കിയിരിക്കുന്നതു നല്ലതിന്മണ്ണം ഞാൻ ഓർമ്മിക്കുന്നു. ഇംഗ്ലീഷ് കവിതയോട് അദ്ദേഹത്തിനുണ്ടായിരുന്ന സ്നേഹപാരവശ്യം അനന്തരകാലങ്ങളിൽ ഇംഗ്ലീഷുകാരായ ഭരണക്കാരോടും ഇൻഡ്യയിലെ അവരുടെ രീതികളോടും ഉണ്ടായ വെറുപ്പിനോളംതന്നെ ശക്തിയേറിയതായിരുന്നു. വികാരപരവശനായി അദ്ദേഹം ഇംഗ്ലീഷുകവിത വായിക്കും. ആ ശബ്ദത്തിൽ തന്നെയുണ്ട് കണ്ണുനീരിന്റെ ഒരു നനവ്. കുറെനാൾ കഴിഞ്ഞു ഞങ്ങൾ രണ്ടാളും മുസഫർപൂരത്തു കൂടിയപ്പോൾ രണ്ടുപേരും പ്രൊഫസർപദമുറപ്പിക്കുവാനുള്ള സാഹസത്തിൽ ഏർപ്പെട്ടിരുന്നവരാണ്—ഞങ്ങൾ പലപ്പോഴും പുൽത്തകിടിയിൽവച്ചു ഗുസ്തി പിടിക്കും. അതു കഴിഞ്ഞു മരത്തിൽ കയറിയിരുന്ന് സിൻഡിലെ സൂഫി മഹാകവി ഷാ അബ്ദുലത്തീഫിന്റെ സുപ്രസിദ്ധപദ്യങ്ങൾ ഉറക്കെപ്പാടും. ലാളിത്യമില്ലാത്ത ഭാഷ, സൗമ്യത അശേഷമില്ലാത്ത ശബ്ദം! പക്ഷേ യുവത്വത്തിന്റെ എന്തൊരു വികാരതീവ്രതയും ഉത്സാഹപ്രകർഷവുമാണ് ആ നിസ്സംഗീതകച്ചേരികളിൽ ഞങ്ങൾ രണ്ടാളും കലർത്തിയിരുന്നതു്! നമ്മുടെ ബീഹാർ വിദ്യാർത്ഥികൾ ചിരിച്ചുകൊണ്ടുതന്നെ കേട്ടുകൊണ്ടിരിക്കും. പക്ഷേ ഞങ്ങളുടെ ആ ശബ്ദപ്രവാഹത്തെ പുകത്തുതിരിക്കുവാൻ അവർക്കു കഴിഞ്ഞിരുന്നില്ല. ഒരുവന്റെ സൃഷ്ടിയിൽ കുറെ കവിതകൂടിയില്ലെങ്കിൽ അവനെക്കൊണ്ടു പറയത്തക്ക യാതൊന്നും സാധ്യമാകുന്നതല്ലെന്നാണ് എനിക്കു തോന്നിയിട്ടുള്ളതു്. കൃപലാനിജി തന്റെ ആയുസ്സിനിടയ്ക്കു രണ്ടുവരിപോലും കവിതയെഴുതീട്ടില്ല. പക്ഷേ അദ്ദേഹത്തിന്റെ ഘടനയിൽ നിശിതമായ ഒരു കവിതാബോധംകൂടി കൊള്ളുന്നുണ്ട്. അദ്ദേഹത്തിന്റെ ലേഖനങ്ങളും അതിലും കൂടുതലായി അദ്ദേഹത്തിന്റെ പ്രസംഗങ്ങളും ഇതിനു വേണ്ടുവോളം തെളിവാണ്.

പിന്നീടു ഞാൻ അദ്ദേഹത്തെ ഓർമ്മിക്കുന്നതു ഇറക്കം കുറഞ്ഞ കോട്ടും പട്ടുട്രൗസേഴ്സും സ്വതേ മെലിഞ്ഞ കൈകളിലെ തടിയൻ വടിയുമായുള്ള ഈവ്നിംഗ്‌വാക്ക് (സായംസവാരി) വേഷത്തിലാണ്. ബങ്കാൾ വിഭജനാനന്തരമുള്ള കാലം വിദ്യാർത്ഥികളുടെ ഇടയിൽ സ്തോഭാവേശം നടമാടിയിരുന്നു. നാട്ടിൽ സർവ്വത്ര സ്വദേശിഷാപ്പുകൾ ആവിർഭവിച്ചു. വിൽസൺ കാളേജിലെ ഡാക്ടർ കാക്കിഖാനു കൃപലാനിജിയിൽനിന്നു ഒട്ടേറെ ശല്യം നേരിടേണ്ടിവന്നു. തൽഫലമായി കൃപലാനിജിക്കു കറാച്ചി, ഡി. ജെ. സിൻഡുകാളേജിലെ പ്രശാന്തമായ അന്തരീക്ഷത്തിലേയ്ക്കു കടക്കേണ്ടതായി വരികയും ചെയ്തു. അവിടെയും ഒരു നിർഭാഗ്യനിമിഷത്തിൽ പ്രിൻസിപ്പൽ ജാക്സൺ വിദ്യാർത്ഥികളുടെ ഒരു പൊതുയോഗത്തിൽ 'നിങ്ങൾ ഇൻഡ്യാക്കാർ നിന്ദ്യരായകള്ളം പറച്ചിൽകാരാണ്" എന്നും പറഞ്ഞുപോയി. അതു് 1907-ലായിരുന്നു. കൃപലാനിജി അന്നു ബി. ഏ. ക്ലാസിലാണ്. ഞങ്ങളിൽ അനേകംപേർ ചേർന്നു പണിമുടക്കി. രാജ്യാഭിമാനത്തിലെ ആദ്യപാഠങ്ങൾ അപ്രകാരം അന്ന് ഞങ്ങൾക്കു വശമായി. അന്നുമുതലാണ് കൃപലാനിജിയുടെ ജീവിതത്തിൽ പാളിററിക്സ് ഒരു രക്തരേഖയായി പ്രവഹിച്ചു തുടങ്ങിയതെന്നാണ് എന്റെ വിശ്വാസം. അദ്ദേഹം ഇൻഡ്യയിലെ ബ്രിട്ടീഷു ഭരണം എന്ന പാറക്കെട്ടുമായി ഏററുമുട്ടുവാൻ തുടങ്ങി.



ആചാര്യകൃപലാനിയുടെ പത്നി സുചേതാകൃപലാനി

അദ്ദേഹത്തിന്റെ സ്വഭാവത്തിനു അതു് പററിയതായിരുന്നു. സദാപി ശബ്ദായമാനമായ ഒരുക്കം. അന്നൊക്കെ അദ്ദേഹം 'ദണ്ഡ'പാണിയായി പൊതുയോഗങ്ങളിൽ സംബന്ധിക്കുന്ന ദിവസങ്ങളായിരുന്നു. ഒരുസംഘം ചട്ടമ്പിവിദ്യാർത്ഥികളുംകൂടെയുണ്ടായിരിക്കും. ഗവൺമെൻറു പക്ഷക്കാരായ പ്രസംഗക്കാരെ, മര്യാദയെപ്പററി യാതൊരു വിചാരവുമില്ലാതെ കൂക്കിവിളിച്ചു ഇരുത്തിക്കളയുകയായിരുന്നു അവരുടെ ജോലി. അക്കാലം കഴിഞ്ഞു അദ്ദേഹം പല സ്കൂളുകളിലും അധ്യാപകനായും കാളേജുകളിൽ പ്രൊഫസറായും ജോലി നോക്കിയിട്ടുണ്ട്. വിദ്യാർത്ഥികൾക്കു താൻ ഒരു സ്നേഹഭാജനവും അധികാരികൾക്കു ഒരു ഭയവസ്തുവുമായിരുന്ന കഥയെല്ലാം അദ്ദേഹം വലിയ താല്പര്യത്തോടെ വർണ്ണിക്കും. അദ്ദേഹത്തെ ഒന്നിലേറെ സ്നേഹിക്കുക, അല്ലെങ്കിൽ ഭയപ്പെടുക, എന്നു രണ്ടു മാർഗ്ഗമേ ഉള്ളു എന്നും മധ്യമാർഗ്ഗമൊന്നുമില്ലെന്നും തോന്നിപ്പോകും. പൊതുവേ പറഞ്ഞാൽ ചെറുപ്പക്കാർക്കെല്ലാം എപ്പോഴും അദ്ദേഹത്തെ സ്നേഹമാണ്. മതി

(ശേഷം പതിനഞ്ചാംപേജിൽ)

# പാലസ്റ്റയിനിലെ സാമ്പത്തികസ്ഥിതി

ചെറുക്കുളർ, എസ്സ്. മാധവൻനായർ

(ആംഗ്ലോ-അമേരിക്കൻ എൻക്വയറികമ്മിററിക്ക് രണ്ടു ഭാഗങ്ങളായി വിരചിതമായിട്ടുള്ള പാലസ്റ്റയിനിൻെറ ആർത്ഥികാവസ്ഥയെ പ്രതിപാദിക്കുന്നതായ ഒരു ഗ്രന്ഥം സമർപ്പിതമായിട്ടുണ്ട്. അവിടത്തെ സാമ്പത്തികസ്ഥിതിയെ മനസ്സിലാക്കുന്നതിൽ സർവ്വോത്തമമായ ഗ്രന്ഥമിതാണ്. ജറൂസലത്തിൽ അച്ചടിക്കപ്പെട്ടിട്ടുള്ള ഈ ഗ്രന്ഥം മററു സ്ഥലങ്ങളിൽ അത്ര സുലഭമല്ല. ആ ഗ്രന്ഥത്തിൽ വിവരിച്ചിട്ടുള്ള മുഖ്യ സംഗതികളെ സംക്ഷേപിച്ചുകൊണ്ടുള്ള ശ്രീ, ഭൂപേന്ദ്രനാഥ സന്യാലിൻെറ ഒരു ലേഖനമാണ് പ്രസ്തുത ലേഖനത്തിന് അവലംബം)

**1922**-ലെ കാനേഷുമാരിക്കണക്കിൻപ്രകാരം പാലസ്റ്റയിൻ നിവാസികളായ ജനങ്ങളുടെ സംഖ്യ 6,49,048 ആയിരുന്നു. ഇതിൽ 76% മുസ്ലീങ്ങളും 13% യഹൂദരും, ബാക്കി 11% ഏറിയപങ്കും ക്രിസ്ത്യാനികളും ആയിരുന്നു. ഇതുകൂടാതെ ഒരുലക്ഷത്തിമൂവായിരമായിരുന്നു അസ്ഥായീമുസ്ലീങ്ങളുടെ സംഖ്യ. ജറൂസലം, ടേൽ അബീബ്, ഹായ്ഫ, ജാഫാ മുതലായ പട്ടണങ്ങളിലാണ് അമുസ്ലീങ്ങളധികവും. ഗ്രാമീണജനസംഖ്യയിൽ 98% മുസ്ലീങ്ങളായിരുന്നു. എന്നാൽ യഹൂദർ ക്രമേണ ഗ്രാമങ്ങളിലേയ്ക്ക് വ്യാപിക്കാൻ തുടങ്ങി. ഒരു വിശ്വാസ്യമായ കണക്കിൻപ്രകാരം 1920-നമുമ്പ് യഹൂദരുടെ കൈവശം 6,50,000 ദുനം (ഒരു ദുനം $\frac{1}{4}$ ഏക്കർ) ഭൂമി ഉണ്ടായിരുന്നു. 1922 ആയപ്പോഴേക്കും മറെറാരു 1,31,192 ദുനം ഭൂമികൂടി അവർ അധീശരായി. 1920-ൽ യഹൂദരുടെ വ്യാപ്തിയെ പ്രതിബന്ധിക്കുന്നതിനുവേണ്ടിയുള്ള ഒരു നിയമം നിർമ്മിച്ചു. തൊഴിൽ സ്വകുടുംബത്തെ സംരക്ഷിക്കുന്നതിനു വേണ്ടിടത്തോളം ഭൂമി യഹൂദരുടെ കൈവശം സുരക്ഷിതമാണെന്നു മനസ്സിലാകാത്തിടത്തോളം ഗവണ്മെൻറ് അവക്ക് പ്രതിരോധം നല്കിയിരുന്നില്ല. പക്ഷേ, അറബികൾ യഹൂദർക്ക് അത്യന്തം കടപ്പെട്ടിരുന്നതുകൊണ്ട് അറബിജമീന്ദാരന്മാരുടെയും മററും സുശക്തമായ വിരോധംമൂലം ഈ നിയമം നടപ്പിൽവന്നില്ല.

## വ്യവസായീകരണം

ഈ ഘട്ടത്തിൽ പാലസ്റ്റയിനിലെ ആർത്ഥികനില ഒരു വിശേഷതരത്തിലുള്ള ഗ്രാമപരമായ ഒന്നായിരുന്നു. വ്യവസായീകരണവും, നാട്ടിലുള്ള അസംസ്കൃതോൽപ്പന്നങ്ങളുടെ വൻതോതിലുള്ള ഉപയോഗവും 1920-നമുമ്പ് ഉണ്ടായിരുന്നില്ല. 1925-നമുമ്പ് 25 ലക്ഷം പവൻെറമൂലധനം അവിടെഇറക്കിയിട്ടുണ്ടായിരുന്നു. ആധുനികയുദ്ധാവസാനത്തിനുമുമ്പ് പ്രതിവർഷം പത്തുലക്ഷം പവൻകൂടി മൂലധനം ഇറക്കുന്നതിനും ആരംഭിച്ചിരുന്നു. രാജ്യം അന്ന് എത്രയ്ക്ക് അനുന്നതാവസ്ഥയിൽ ആയിരുന്നു എന്ന് വാർഷികബഡ്ജററിൽനിന്നും വെളിവാകുന്നുണ്ട്. ആദായം പരിമിതമായിരുന്നു. രാജ്യത്തിലെ മുഖ്യമായ വരവ് ചുങ്കവും, ലൈസൻസും ആയിരുന്നു. കടുത്ത നിബന്ധനകളിന്മേൽ ലണ്ടനിലെ ഖജനാവിൽ വല്ലതുമൊക്കെ കിട്ടേണ്ടതാണ്. 1924-25-ൽ വ്യവസായികതയുടെ വേലിയേററത്തിനുതൊട്ടുമുമ്പ് ഗവൺമെൻറിൻെറ മൊത്തം വരവ് 21,54,946-ം വ്യയം 18,52,985-ം പവൻ ആയിരുന്നു. സാർവ്വജനികമായ കടം അതുവരെ ഇല്ലായിരുന്നു. സമാധാനസംരക്ഷണത്തിനുള്ള ചെലവും 1930-40-ലെ വൻതോതിൽ ഉണ്ടായിരുന്നില്ല.

പാലസ്റ്റയിനിലെ വ്യാവസായികവികാസത്തിന് പ്രധാനമായി അഞ്ചുകാരണങ്ങളാണുണ്ടായിരുന്നത്. ജനസംഖ്യയിൽ ഉണ്ടായ ആശ്ചര്യജനകമായ വർദ്ധനവാണ് അതിൽ ആദ്യത്തേതു്. 1922-നും 44-നുമിടയ്ക്ക് 130 ശതമാനം വർദ്ധിച്ചു ജനസംഖ്യ 17,39,624 ആയിത്തീർന്നു. സാധാരണത്തിൽ ഉള്ളതായിരുന്നു അറബികളുടെ വർദ്ധനവ്. ബാഹ്യദേശങ്ങളിൽനിന്നു വന്നവരുടേതായിരുന്നു യഹൂദരുടെ വർദ്ധനവ്. 1944-ൽ ജനസംഖ്യയുടെ സ്ഥിതി നിശ്ശേഷം മാറിപ്പോയി. 22 കൊല്ലത്തിനുശേഷം ഇന്നത്തേതിൻെറ 60 ശതമാനമായിരുന്നു മുസൽമാന്മാർ. യഹൂദരുടേതു് 32 ശതമാനവും മററുള്ളവർ 8 ശതമാനവും ആയിരുന്നു. എന്നിട്ടും അറബികൾ മുഖ്യമായും ഗ്രാമീണരും, യഹൂദർ നാഗരികരുമായിരുന്നു. പക്ഷേ നഗരത്തിലേക്ക വ്യാപിച്ചുതുടങ്ങിയ അറബികളുടേയും, ഗ്രാമങ്ങളിലേക്ക വന്നെത്തിക്കൊണ്ടിരുന്ന യഹൂദരുടേയും സംഖ്യയിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിത്തുടങ്ങി. 1922-നും 1939-നുംമദ്ധ്യേ ഉണ്ടായിട്ടുള്ള യഹൂദരുടെ വൃദ്ധി വർഷംപ്രതി 20000 ആയിരുന്നതിൽ 16700-ം വെളിയിൽനിന്നും വന്നവരുടെ അത്രെ.

വിദ്യുച്ഛക്തിയുടെ ഉല്പാദനമാണ് 2-ാമത്തെ കാരണം. ആദ്യം ഉല്പാദനം നടത്തിയിരുന്നതു് ജോർഡൻനദിയിൽവച്ച് ഹൈഡ്രോ ഇലക്ട്രിക്ക കമ്മീഷൻമുഖാന്തിരമാണ്. പിന്നീട് ക്രൂഡായിലിൽനിന്നും ഹായിഫായിലും, ടേൽ ആബീബിലും ഉല്പാദിതമായിത്തുടങ്ങി.

വെളിയിൽനിന്നും വരുന്നവരോടൊപ്പം മൂലധനവും വന്നുചേരുകയും, വ്യവസായത്തിലും, വ്യാപാരത്തിലും വർദ്ധനവ് ഉണ്ടാവുകയും ചെയ്തു എന്നുള്ളതാണ മൂന്നാമത്തെ കാരണം. 1925-നും 32-നും മദ്ധ്യേ 35 ലക്ഷം പവൻെറ മൂലധനം വെളിയിൽനിന്നും വന്നിട്ടുണ്ട്. 1933 ൽ നിന്നു 39 ആയപ്പോഴേയ്ക്ക് ഈ സംഖ്യ വർദ്ധിച്ചു 70 ലക്ഷം പവനായിത്തീർന്നു. സമരയാതനകൾക്കിടയിലാണെങ്കിലും 1940-നും 1944-നുമിടയ്ക്ക് 60 ലക്ഷം പവൻെറ മൂലധനം മററു വിധത്തിലും ഉണ്ടായി. 1933-നും 1944-നും ഇടയ്ക്കുള്ള കാലഘട്ടത്തിൽ 60 ലക്ഷം പവൻ വിലയുള്ള വ്യാവസായികോപകരണങ്ങൾ വെളിയിൽനിന്നും വന്നു. 1925 മുതൽ 1943-വരെ വ്യാവസായിക വൃത്തികളിൽ ജോലി ചെയ്തിരുന്നവരുടെ സംഖ്യ (യഹൂദന്മാരുടെ) 4894-ൽനിന്നു 45049 ആയി വർദ്ധിച്ചിട്ടുണ്ടെന്ന് പാലസ്റ്റയിൻ യഹൂദ ഏജൻസി കണക്കാക്കിയിട്ടുണ്ട്. ഇതേസമയംതന്നെ യഹൂദരുടെ തൊഴിൽശാലകളുടെ മൂലധനം 25 ലക്ഷം പവനിൽനിന്ന് 80 ലക്ഷം പവനായി വർദ്ധിച്ചു. ഓരോ തൊഴിലിലും ജോലിയെടുത്തിരുന്നവരുടെ സംഖ്യ 400 ശതമാനത്തിലധികമായി.

ഇറാക്ക് പെട്രോൾ കമ്പനിയുടെ പൈപ്പ്ലൈനിൽനിന്നും ക്രൂഡ്ആയിൽ കിട്ടിത്തുടങ്ങിയതിനു ശേഷം എണ്ണ ശുദ്ധീകരിക്കുന്നതിനുള്ള പുതിയ തൊഴിൽശാലകൾ ആരംഭിച്ചു എന്നുള്ളതാണ് നാലാമത്തെ കാരണം.

വെളിയിൽനിന്നുമുള്ള സാമാനങ്ങളുടെ വരവ് നിന്നുപോവുകയും, സർക്കാർ ജോലിക്കാരുടേയും, മററു പട്ടണക്കാരുടെയും യുദ്ധജനിതാവശ്യങ്ങൾ വളരെ വർദ്ധിക്കപ്പെടുകയും ചെയ്തു. ഇതാണഞ്ചാമത്തെ കാരണം. ഇക്കാരണത്താൽ യുദ്ധകാലീന ജനതയുടെ വർദ്ധിച്ചുകൊണ്ടിരുന്ന ആവശ്യങ്ങൾ മുഖേന തൊഴിൽശാലകൾ കൂടുതൽ കൂടുതൽ ഉണ്ടാവുക സ്വാഭാവേന ആവശ്യമായിത്തീർന്നു. രാഷ്ട്രസംഘം മുഖേന അധികാരപ്രാപ്തമായ ഇംഗ്ലണ്ടിൻെറ ഭരണവിസ്തൃതിക്കകത്തുള്ള രാജ്യങ്ങളിലേയ്ക്ക് വെളിയിൽനിന്നും വരുന്ന സാധനങ്ങളിന്മേൽ ചുങ്കം ചുമത്താൻ സാധിക്കുമായിരുന്നില്ലെന്നുള്ളതും ശ്രദ്ധാർഹമായ ഒരു സംഗതിയാണ്. തൽക്കാരണത്തിന്മേലുമത്രേ തൊഴിൽശാലകൾക്ക് ഇത്രയധികം വർദ്ധനവുണ്ടായതു്.

മററുതരത്തിലുള്ള ആഭ്യന്തരവൃത്തികളുടെ അഭിവൃദ്ധിയിലും കുറവുണ്ടായില്ല. യന്ത്രങ്ങൾ മുഖേന അറബികൾ കൃഷി നടത്തിക്കൊണ്ടിരുന്നു. മൊത്തം ഉൽപാദനത്തിലെന്നപോലെ ഓരോ ഏക്കർ ഭൂമിയുടെ ഉല്പാദനത്തിലും ഉന്നതി ഉണ്ടായി. 1936-നും 1945-നുമിടയ്ക്ക് അറബികളുടെ വിളവെടുപ്പിൽ ഉണ്ടായിട്ടുള്ള പെരുപ്പം 1,81,700 ടണ്ണിൽനിന്ന് 20,9,755 ടണ്ണാണ്. ഏക്കറൊന്നിനു ചിലതിൽ 100 ശതമാനം വർദ്ധനവുണ്ടായിട്ടുണ്ട്.

## ആയവും വ്യയവും

1920—25—ന് ഇടയ്ക്കുള്ള കാലഘട്ടത്തിൽനിന്ന് ഇന്നത്തെ വളരെ വളർന്നിട്ടുള്ള ധനപരമായ സ്വച്ഛതയുടെയും, ഭരണപരമായ പരിവർത്തനങ്ങളുടെയും വിവരം ആയവ്യയപംക്തികളിൽനിന്നും ഗ്രഹിക്കാവുന്നതാണ്. ആകെയുള്ള വരവ് 1924—25—ൽ 21, 54, 846 പവനായിരുന്നു. 1944—45—ൽ ഇതു് 1,74, 96, 688 പവനായി. 18,58,985-ൽനിന്ന് 1,81,96,594 പവനായി വ്യയം വർദ്ധിച്ചുകഴിഞ്ഞു. ഇതിൽ 32 ലക്ഷം കേവലം രക്ഷാവ്യവസ്ഥകൾക്കും, 88 ലക്ഷം മററുതരത്തിലുള്ള യുദ്ധപരമായ കാര്യങ്ങൾക്കും വ്യയം ചെയ്തിരുന്നു. ആഭ്യന്തരരക്ഷയ്ക്കുള്ള ചെലവ് ബ്രിട്ടീഷുഗവണ്മെൻറിൻെറ സഹായതാനിധിയിൽനിന്ന് നടത്തപ്പെട്ടു. ഔപനിവേശികവൃഷ്ടിക്കും നന്മക്കുംവേണ്ടിയുള്ള നിയമംമുഖേനയും അല്പം ധനം കിട്ടിയിരുന്നു. 1928 29—ൽ ആദ്യമായി എടുക്കപ്പെട്ടിരുന്ന സാർവജനീകമായ ഋണം ഇപ്പോൾ 45,97,760 പവനാണ്.

ഗവണ്മെൻറിൻെറ ആയവ്യയങ്ങളിൽ അറബികളുടേയും, യഹൂദരുടേയും താരതമ്യേനയുള്ള ഭാഗത്തെപ്പററി ഗ്രഹിക്കുക സുകരമല്ല. വെവ്വേറെയുള്ള ബഡ്ജററ് നിലവിലില്ലെന്നുള്ളതത്രേ അതിനു കാരണം. എങ്കിലും 1944—45—ൽ ഉള്ള സമരകാലീനവ്യയങ്ങളുടെ ഇനങ്ങളിൽനിന്നും, ആകെയുള്ള വരവിൽ യഹൂദികളുടേയും, അറബികളുടേയും ഭാഗം 62·7: 37.3 എന്ന അനുപാതത്തിന്മേലാണെന്നു അറിയാവുന്നതാണ്. ചില സാമുദായിക വിഷയങ്ങളൊഴികെ യഹൂദർക്കും അറബികൾക്കും മദ്ധ്യേ വ്യത്യസ്തമായ പരിഗണന കൽപ്പിക്കാറില്ല. തങ്ങളുടെ അവകാശങ്ങൾ സിദ്ധിക്കുന്നതിനുവേണ്ടി അറബികൾ സർവ്വോപരിയായ ഒരു മുസ്ലീം കൗൺസിൽ ഉണ്ടാക്കിയിട്ടുണ്ട്, പള്ളികൾ പണിയിക്കുകയും, കേട്ടുപാടുകൾ തീർക്കുകയുമത്രേ അതിൻെറ ഏറിയപങ്കുംവ്യയം. ഭരണാധികാരികളെ ഉപദേശിക്കുന്നതിനുവേണ്ടി മാൻഡോറവ്യവസ്ഥകൾക്കനുസൃതമായി യഹൂദരുടെ ഒരുഏജൻസിയും അവർ (യഹൂദർ) സ്ഥാപിച്ചിട്ടുണ്ട്. നിരവധി നിർമ്മാണകാർപ്പറേഷനുകളിലൊന്നു ഈ ഏജൻസിയുടെ നിയന്ത്രണത്തിലാണ്. ധനപരവും, സാംസ്കാരികവുമായ പദ്ധതികളിൽ വിശ്വവ്യാപിയായ യഹൂദസംഘടനയോട് ഇതിനു ഘനനിഷ്ഠമായ സമ്പർക്കമുണ്ട്. ഈ സംഘടനകൾ 1917 മുതൽ 1944 വരെ ആകെക്കൂടി മൂന്നരക്കോടിപവൻവ്യയംചെയ്തിട്ടുണ്ട്.

ഔപനിവേശികമാതൃകയിന്മേൽ 1920-ൽ ഇവിടേയും സാർവ്വജനികമായ ആരോഗ്യവകുപ്പിൻെറ കേന്ദ്രങ്ങൾ സ്ഥാപിതമായി. പൊതുജനങ്ങളുടെ ആരോഗ്യം, ശുചിത്വം, രോഗനിവാരണം ഇവയ്ക്കു വേണ്ട പരിപാടികൾ കയ്ക്കൊള്ളുകയാണിവയുടെ ജോലി. ആശുപത്രികളിൽ കീടാണുജനിതവും, സാംക്രമികവും, മാനസികവുമായ രോഗങ്ങൾക്ക സ്ഥാനങ്ങൾ നിർമ്മിതമായിട്ടുണ്ട്. സർക്കാർ ആശുപത്രികളിൽ സർക്കാരുദ്യോഗസ്ഥന്മാർ, തടവുകാർ, അനവധി ദരിദ്രന്മാർ ഇവക്ക് പ്രവേശനംകിട്ടുന്നതിനുള്ള സൌകര്യമുണ്ട്. സ്ഥാനീയസംഘടനകളുടെ അഭാവത്തിൽ അമ്മാതിരി സ്ഥലങ്ങളിൽ ഗവണ്മെണ്ട സ്വന്തം ആശുപത്രികൾ ആരംഭിക്കുകയോ, ഡാക്ടറന്മാർ അവ തുറക്കുന്നതിനു പ്രേരണ നൽകുകയോചെയ്യുന്നു. 1922-നും 1944-നും മദ്ധ്യേ സർക്കാർആശുപത്രികളിൽ കിടക്കകളുടെ സംഖ്യ 304-ൽനിന്നു 1937 ആയി വർദ്ധിക്കുകയും, സേച്ഛയാ യഹൂദരാൽ ആരബ്ധമായ ആശുപത്രികളിൽ അവ 402-ൽനിന്നു 1420 ആയിത്തീരുകയുംചെയ്തു. 782-ൽനിന്നു 973 ആയി ക്രിസ്ത്യാനികളുടെ ആശുപത്രികളിലും അവ വർദ്ധിതമായി. മിഷ്യനറിപാതിരിമാരാൽ സ്ഥാപിതമാണ് ഒടുവിലത്തേതു അധികവും. 1920-ം 21-ൽ 1,21,374 ആയിരുന്ന ആരോഗ്യവകുപ്പിൻെറ വ്യയം 1945-46-ൽ 6,38,632 പവനായി വർദ്ധിച്ചു. അതായതു് മൊത്തം ഗവണ്മെണ്ടുചെലവിൻെറ 3. 6 ശതമാനം. അവിദ്യ, രൂഢി (പരമ്പരാഗതമായ വിശ്വാസം) ഇവ അത്രയധികം പ്രബലമായിരുന്നിട്ടും, കഴിഞ്ഞ ഇരുപതുകൊല്ലങ്ങളായി സാർവ്വജനികമായ ആരോഗ്യവ്യവഹാരങ്ങളിൽ വേണ്ടത്ര പുരോഗമിച്ചിട്ടുണ്ട്.

## വിദ്യാഭ്യാസം

1920-മുതൽതന്നെ ഭാഷാപരവും, മതപരവുമായ രണ്ടുതരം വിദ്യാഭ്യാസത്തിനുള്ള വ്യവസ്ഥിതിയുടെ അസ്തിത്വം നിലവിലുണ്ട്. നിർബന്ധിതമോ, സാർവ്വജനികമോ അല്ല വിദ്യാഭ്യാസം. ആയിരത്തിത്തൊള്ളായിരത്തി നാല്പത്തിനാലിനിടയ്ക്ക് അറബികളിൽ 5-നും 14-നും മദ്ധ്യേ പ്രായമുള്ള കുട്ടികളിൽ കേവലം 32½%-മാത്രമേ സ്കൂളുകളിൽ പൊയ്ക്കൊണ്ടിരുന്നുള്ളൂ. യഹൂദരുടെ അതേ പ്രായത്തിലുള്ള കുട്ടികൾ 97 ശതമാനമായിരുന്നു സ്കൂളുകളിൽ പൊയ്ക്കൊണ്ടിരുന്നതു്. രണ്ടുകൂട്ടരിലുമുള്ള സമ്പന്നതയുടെ വ്യത്യസ്തതതന്നെയാണിതിനുള്ള കാരണമായിരുന്നതു്. പൊതുഫണ്ടിൽനിന്നു നടത്തപ്പെട്ടിരുന്ന വിദ്യാലയങ്ങളെ അറബികൾക്ക് അവലംബമായിരുന്നുള്ളൂ.

ശക്തിയോടെ പുരോഗമിച്ചിരുന്ന ആർത്ഥികസമ്പത്തുമൂലം അന്തർരാഷ്ട്രീയവ്യാപാരങ്ങളുടെ വ്യാപ്തിയോടൊപ്പം അവിടത്തെ ആഭ്യന്തരസ്ഥിതിയിലും ഒട്ടൊക്കെ പരിവർത്തനം ഉണ്ടാവുക സ്വാഭാവികമായിരുന്നു. 1944-വരെയുള്ള 23 കൊല്ലത്തിനുള്ളിൽ ഇറക്കുമതിയുടെ വിലയിൽ 533 ശതമാനവും കയററുമതിയുടേതിൽ 956 ശതമാനവും അഭിവൃദ്ധി ഉണ്ടായി. ഈ വർദ്ധനവോടൊപ്പം വ്യാപാരത്തിന്മേലുള്ള തുകയും വർദ്ധിച്ചിരുന്നു. പക്ഷേ 1930-നും 1939-നും മദ്ധ്യേ വ്യാപാരത്തിന്മേലുള്ള തുക 5 കോടി 70 ലക്ഷം പവനായിരുന്നപ്പോൾ വെളിയിൽനിന്ന് അയയ്ക്കപ്പെട്ട വരവ് 5 കോടി പവനായിരുന്നു. യുദ്ധപരമായ വ്യയം പ്രായേണ സമാനമാക്കുമായിരുന്ന ഇവയിൽ കുറച്ചു അന്തരം വരുത്തിക്കഴിഞ്ഞിട്ടുണ്ട്.

1920-നും 1940-നും ഇടയ്ക്കുള്ള ഇരുപതുകൊല്ലങ്ങളിൽ വിഭിന്നരാജ്യങ്ങളിൽനിന്നു വ്യാപാരസ്ഥിതിയിൽ ഒട്ടുവളരെ അന്തരം ഉണ്ടായി. മദ്ധ്യപൂർവ്വദേശത്തെ കമ്പോളം ഓരോസമയവും മഹത്വപൂർണ്ണമായിരുന്നു. പ്രാരംഭകാലങ്ങളിൽ മൊത്തം കയററുമതിയുടെ 60 ശതമാനം മദ്ധ്യപൂർവ്വദേശത്തേയ്ക്കായിരുന്നു. 1939 വരെ സംസ്കൃതോല്പന്നങ്ങൾ വെളിയിലേക്കയയ്ക്കാൻ തുടങ്ങിയതുമുതൽ ഇതു 10 ശതമാനമായികുറഞ്ഞു. ഇതേസമയം വർദ്ധിച്ചുകൊണ്ടിരുന്ന തൊഴിൽശാലകളിൽ ജോലിചെയ്തുകൊണ്ടിരുന്നവരുടെ ആഹാരത്തിനുവേണ്ടി അവിടെനിന്ന് കൊണ്ടുവരപ്പെട്ടഭക്ഷണസാധനങ്ങളുടെ അനുപാതം 23-ൽനിന്ന് 14 ശതമാനമായി കുറഞ്ഞിരുന്നു. യുദ്ധകാലങ്ങളിൽ പാലസ്റ്റൈനിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന വ്യവസായമന്ദിരങ്ങൾക്ക് മദ്ധ്യപൂർവ്വദേശത്തെ കമ്പോളങ്ങളെത്തന്നെ കൂടുതൽകൂടുതൽ അവലംബിക്കേണ്ടിവന്നു. ഗതാഗതങ്ങൾക്കുള്ള വിഷമംകൊണ്ടും, വെളിയിൽനിന്നും വന്നുകൊണ്ടിരുന്ന സാമാനങ്ങളുടെ കുറവുകൊണ്ടും, പാലസ്റ്റയിനും മദ്ധ്യപൂർവ്വദേശത്തിനും തമ്മിൽ ഭക്ഷണപദാർത്ഥങ്ങളുടേയും, നിർമ്മിതസാമാനങ്ങളുടേയും കൊടുക്കൽവാങ്ങൽ വളരെ വർദ്ധിച്ചു.

കഴിഞ്ഞ 20-കൊല്ലങ്ങളായി പാലസ്റ്റയിനിൽ ഒരു അസന്തോഷമയമായ സ്ഥിതിനിലയിലുണ്ട്. യുദ്ധകാലീനകൃത്രിമതകളാൽ ഇതു് അത്യുന്നതാവസ്ഥയെ പ്രാപിച്ചിട്ടുണ്ട്. ഈ ഇരുപതുകൊല്ലത്തിനുള്ളിൽ ജനങ്ങളുടെ ഇടയിൽനിന്ന് സുരക്ഷിതവും ഉച്ചാഭിലാഷിയുമായ നിരവധി പ്രസ്ഥാനങ്ങളുടെ ഉൽപ്പത്തി ഉണ്ടായിട്ടുണ്ട്. രാജ്യതന്ത്രപരവും, സാമ്പത്തികവുമായ വിപ്ലവങ്ങളുടെ സംഘട്ടനങ്ങളുണ്ടാകുന്നതു് ഇതേവിധത്തിലുള്ള ചുററുപാടുകളിൽ നിന്നാണെന്നുള്ള വസ്തുതയും വിസ്മരിക്കാവുന്നതല്ല.

—ം—

ചെറുകഥ—

# ഭർത്താവ്

എസ്. കെ. ആർ. കമ്മത്ത്.

ആ പണക്കാരൻെറ വീട്ടിൽ ഒരു അധികപ്പറ്റാണ്, കുമാരപിള്ള. അതു് അയാളുടെ സംബന്ധവീടാണ്.

ബി. എ. ജയിച്ചയുടനെയാണ് ആ സംബന്ധം നടന്നതു്. പണക്കാരൻെറ മകൾ അഭികാമ്യമായ ഒരു വസ്തുവാണെന്നു് കുമാരപിള്ള വിചാരിച്ചു. ആ വിവാഹകാര്യത്തിൽ പിതാവിൻെറ പ്രതിഷേധമുണ്ടായെങ്കിലും മകൻ വകവച്ചില്ല. പെണ്ണു് വിരൂപിണിയും വിദ്യാവിഹീനയും ആണെന്നറിഞ്ഞിട്ടും അയാളുടെ മനസ്സിന് ചലനമുണ്ടായില്ല. ആ വീട്ടുകാർക്ക് പണമുണ്ട്; മല്ലാളിൻെറ വാക്കുകൾ മധുരമേറിയവയായിരുന്നു.

കുമാരപിള്ളയുടെ പിതാവായ കേശവപിള്ള, നാട്ടുംപുറത്തെ ഒരു പാവപ്പെട്ട കൃഷിക്കാരനാണ്. ആ അമ്പത്തഞ്ചു വയസ്സുകാരൻ ഒരു രോഗിയാണ്. ചുമയൊഴിഞ്ഞ സമയമില്ല. നടക്കുമ്പോഴും വേലയെടുക്കുമ്പോഴുമാണ് ചുമ കൂടുതലുണ്ടാകുക. ഒരു ഫർലാംഗുള്ളോളം നടന്നുകഴിഞ്ഞാൽ ഒരു മണിക്കൂർനേരംനിന്നു ചുമയ്ക്കും. ചുമച്ചു ചുമച്ചു ശബ്ദം പുറപ്പെടാതാകും. വയലിൽ ജോലിയെടുക്കുമ്പോഴത്തെ അവസ്ഥയും അതുതന്നെയാണ്. അരമണിക്കൂർ ജോലി എടുത്തുകഴിയുമ്പോൾ രണ്ടുമണിക്കൂർ ചുമയ്ക്കും. ആ അവസരങ്ങളിൽ മരണവേദനയാണ് അയാൾ അനുഭവിക്കുക. എങ്കിലും പ്രഭാതം മുതൽ പ്രദോഷംവരെ അയാൾ എന്നും അങ്ങനെ നടന്നും ചുമച്ചും, ജോലിയെടുത്തും കഴിയുകയാണ്. ഒരു നിമിഷനേരംപോലും വീട്ടിലിരുന്നു വിശ്രമിക്കുവാനുള്ള ഭാഗ്യം അയാൾക്കു ഇല്ല. വീകൾ പട്ടിണിയാകും.

കുടുംബത്തിൽനിന്നും തനിക്കു ഭാഗം കിട്ടിയ രണ്ടുപറ നിലവും ഒരു കൊച്ചു പറമ്പും വിറ്റാണ് കേശവപിള്ള, മകനെ ബി. എ. വരെ പഠിപ്പിച്ചതു്. ബിരുദധാരിയായ മകൻ അച്ഛനു് ഒരു സമ്പത്താണെന്നു് അയാൾ വിചാരിച്ചു. കൊടുങ്കാറ്റത്തു കായൽമദ്ധ്യത്തിൽ അകപ്പെട്ട ആ തോണി കരയ്ക്കടുപ്പിക്കുവാൻ ആ അമരക്കാരൻ എന്തെന്തു കഷ്ടപ്പാടുകളനുഭവിച്ചതു്! മകൻ പഠിച്ചു ജയിച്ചു് ഉദ്യോഗസ്ഥനാകുമ്പോൾ തനിക്കും, ഒരു ഭാര്യയും നാലു കുട്ടികളുമുള്ള തൻെറ കുടുംബത്തിനും കഷ്ടപ്പാടുകളിൽനിന്നു മോചനം കിട്ടുമെന്നും, പിന്നീടു് തനിക്കു സ്വസ്ഥമായിരിക്കാമെന്നും അയാൾ പ്രതീക്ഷിച്ചിരുന്നു. പക്ഷേ... !

വിവാഹം കഴിഞ്ഞതോടുകൂടി കുമാരപിള്ളയ്ക്കു് ഭാര്യവീടു സ്വർഗ്ഗംപോലെതോന്നി. അയാളുടെ ആവശ്യങ്ങൾ അറിഞ്ഞു പ്രവർത്തിക്കുവാൻ ആളുകളുണ്ടു്. എന്നും വൈകുന്നേരം അയാളെ മുനിസിപ്പൽപാർക്കിൽ കൊണ്ടുപോകുവാൻ പ്ലഷർകാർ ഗേറ്റിൽ വന്നുകിടന്നു. കാലത്തു് എണീക്കുമ്പോൾ ബെഡ്കാഫി, ഒമ്പതുമണിക്കു ലഘുഭക്ഷണം, ഉച്ചയ്ക്കു വിഭവസമൃദ്ധമായ ഊണു്, വൈകുന്നേരം വീണ്ടും ലഘുഭക്ഷണം. രാത്രിയിൽ വീണ്ടും ഊണു്, ഉറങ്ങാൻപോകുന്നേരം കുടിക്കാൻ പാലു്—അതാണ് ദിവസംതോറുമുള്ള ഭക്ഷണകാര്യപരിപാടി. വീട്ടുവേലക്കാരും പണക്കാരൻെറ ആശ്രിതന്മാരും കുമാരപിള്ളയുടെ മുമ്പിൽ ഓച്ഛാനിച്ചേ നിൽക്കൂ. വിശ്രമിക്കുന്നതിനു മാളികയിലെ വിശാലമായ ഒരു മുറി. അവിടെ വൈദ്യുതപങ്കയുണ്ടു്. റേഡിയോ ഉണ്ടു്. ടിൻകണക്കിനു സിഗററ്റ്.

ശ്വശുരൻ കൂടക്കൂടെ അയാളുടെ അടുത്തുചെന്നു സുഖാന്വേഷണം നടത്തി. ജാമാതാവു് ഒന്നു ചുമച്ചാൽമതി, ശ്വശുരൻ ഉടനെ ഡാക്ടരെ വരുത്തും.

ആ പുതുമോടി അധികകാലം നീണ്ടുനിന്നില്ല. ജാമാതാവു് ഒരു നഷ്ടക്കച്ചവടമാണെന്നു് ശ്വശുരനു് മനസ്സിലായിത്തുടങ്ങി.

ഒരവസരത്തിൽ മേനോൻ അല്പം ഘനമായ സ്വരത്തിൽ കുമാരപിള്ളയോടു പറഞ്ഞു.

"ഒരു ജോലിക്കു ശ്രമിക്കണം." മറ്റൊരവസരത്തിൽ മേനോൻ അല്പംകൂടി ഘനമായ സ്വരത്തിൽ പറഞ്ഞു.

"ജോലിയില്ലാതെ ഇങ്ങനെ കഴിഞ്ഞാൽ ബുദ്ധിപോലും കെട്ടുപോകും."

"പക്ഷേ നല്ലൊരു ജോലികിട്ടണമെങ്കിൽ അവിടുന്നു് ശ്രമിക്കാറുണ്ടോ?" കുമാരപിള്ള വിനയപൂർവം ചോദിച്ചു. അയാൾക്കും ഒരു ജോലികിട്ടിയാൽ കൊള്ളാമെന്നുണ്ടു്; പക്ഷേ സർക്കാർ ജോലിയായിരിക്കണം, ശമ്പളം മുന്നൂറിൽ കുറയരുതു്. അയാൾ ഒരു പണക്കാരൻെറ ജാമാതാവല്ലേ?............

"ജോലിക്കു പോകാതെ എപ്പോഴും ഇവിടെ ഇരിക്കുന്നതുകാരണം അച്ഛൻ എന്നെയാ വഴക്കുപറയുന്നതു്." ഭാര്യ, ഭർത്താവിനോടു് പരാതി പറഞ്ഞു.

"ജോലികിട്ടാതെ ജോലിക്കുപോകുന്നതെങ്ങനെ? പതിനായിരം രൂപയെങ്കിലും കൈക്കൂലികൊടുക്കാതെ ജോലി കിട്ടുകയില്ല." ഭർത്താവ് അറിയിച്ചു......

ഒരു ഞായറാഴ്ച വൈകിട്ടു് പതിവുപോലെ പ്ലഷർകാർ ഗേറ്റിൽ വന്നുചേർന്നില്ല. പാർക്കിലേക്കു പോകാൻ ഡ്രസ്സു ചെയ്തു് കുമാരപിള്ള അക്ഷമയോടെ കാറു പ്രതീക്ഷിച്ചു് നിൽക്കുകയാണ്.

ഒടുവിൽ അയാൾ അടുത്തുള്ള കാർഷെഡിലേക്കു നടന്നുചെന്നു.

"എന്താണ് ഇത്ര വൈകിയിട്ടും കാറു കൊണ്ടുവരാത്തതു്?" കുമാരപിള്ള തെല്ലു് ദേഷ്യത്തോടുകൂടി ഡ്രൈവറോടു ചോദിച്ചു.

"കാറു കൊണ്ടുചെല്ലേണ്ടെന്നു് വല്യേമാൻ പറഞ്ഞു.' ഡ്രൈവർ മറുപടി നല്കി.

"ആരു്?" അയാൾക്കു അതു വിശ്വസിക്കുക സാധ്യമായില്ല.

"വല്യേമാൻതന്നെയാ പറഞ്ഞതു്." ഡ്രൈവർ നിസ്സാരഭാവത്തിൽ വീണ്ടും അറിയിച്ചു.

മേനോൻ മുറിക്കുള്ളിൽ കണക്കുകളും പരിശോധിച്ചു് ഉലന്നപ്പോഴാണ് കുമാരപിള്ള അങ്ങോട്ടു കടന്നുചെന്നതു്. കണക്കുപുസ്തകത്തിൽനിന്നു തലയുയർത്തി മേനോൻ അയാളുടെ മുഖത്തുനോക്കി.

ഡ്രൈവർ പറഞ്ഞതു പരമാർത്ഥമാണോ എന്നു് അയാൾ ശ്വശുരനോടു് വിനയപൂർവം ചോദിച്ചു. അയാൾ അതു എങ്ങനെ വിശ്വസിക്കും? ശ്വശുരൻ അങ്ങനെ പറയുകയോ? ഛേ, അതുണ്ടാവുകയില്ല. ഒരിക്കൽ തനിക്കു തലവേദനയുണ്ടായപ്പോൾ കൊട്ടാരം ഡാക്ടരെ ഫോൺചെയ്തു വരുത്തട്ടെയോ എന്നു തന്നോടു് ചോദിച്ച ശ്വശുരനല്ലേ അദ്ദേഹം? ഡ്രൈവർ മടിമൂലം ഒരു കളവു പറഞ്ഞതായിരിക്കണം. അവനെ ഒരു പാഠംപഠിപ്പിച്ചേ തീരൂ. കുമാരപിള്ളയുടെ ചിന്തകൾ അധികം വഴി സഞ്ചരിക്കുന്നതിനുമുമ്പ്, മേനോൻ പറഞ്ഞു. "അതെ കാറിനു് പെട്രോൾ കിട്ടാൻ വിഷമമായതുകൊണ്ടു് ഞാൻതന്നെയാണു് കാറു കൊണ്ടുചെല്ലേണ്ടെന്നു് ഡ്രൈവറോടു പറഞ്ഞതു്. ഇന്നുമുതൽ പാർക്കിൽ നടന്നുപോയാൽ മതി."

ഏതാനും നിമിഷനേരം കുമാരപിള്ള സ്തംഭിച്ചുനിന്നു............അന്നുമുതൽ അയാൾ പാർക്കിലേക്കുള്ള യാത്രനിറുത്തി.

അടുത്ത രംഗം. ഭാര്യ പരാതി പറഞ്ഞു.—"ഇതിനകത്തുള്ള പങ്ക എപ്പോഴും കറക്കുന്നതു് അച്ഛനു ഇഷ്ടമല്ല. കറണ്ടു് കൂടുതലാകുന്നെന്നു അച്ഛൻ കൂടക്കൂടെ വഴക്കുപറയുന്നു.'

കുമാരപിള്ള മിണ്ടിയില്ല. ഭാര്യയുടെ വാക്കുകൾതുടർന്നു കേൾക്കപ്പെട്ടു.

'അതു് വല്ലപ്പോഴും കറക്കിയാൽമതി. എനിക്കു വഴക്കുകേൾക്കാൻ വയ്യ."

പിറേറന്നുമുതൽ ആ മുറിയിലെ പങ്ക കറങ്ങിയില്ല.

കേശവപിള്ളയുടെ എഴുത്തുകൾ ചിലപ്പോഴെല്ലാം നാട്ടുംപുറത്തുനിന്നും മകൻെറ പേർക്കു വരാറുണ്ടു്. ഒരു ദരിദ്രൻെറ ജീവിതയാഥാർത്ഥ്യങ്ങൾ ആ എഴുത്തുകളിൽ കാണാം. കൊച്ചുകുട്ടൻെറ പഠിത്തം നിറുത്തേണ്ടിവന്നു. ഫീസുകൊടുക്കാൻ പണമില്ലാഞ്ഞിട്ടാണ്. താൻ ചുമയുമായി കഴിയുകയാണ്. നാഗരുകോവിലിൽ പോയാൽ ചുമമാറുമെന്നു് ചിലർ ഉപദേശക്കാറുണ്ടു്. പക്ഷേ പണം വേണ്ടേ? ഒരുനേരത്തെ കഞ്ഞികുടിക്കാൻ പോലും ചിലനാൾ മാർഗ്ഗം കാണാറില്ല. അങ്ങനെ പലതും. കുമാരപിള്ള അതെല്ലാം വായിച്ചുകഴിഞ്ഞു് അപ്പപ്പോൾ കീറിക്കളയും. ഭാര്യവീട്ടുകാർ അതൊന്നും കാണുവാൻ ഇടയാകരുതു്. കുറച്ചിലാണ്. അയാൾക്കു അച്ഛനോടു് കഠിനമായ നീരസവും തോന്നാറുണ്ടു്. കുടുംബക്ലേശങ്ങളെപ്പററി എഴുതിഅയച്ചു് അച്ഛൻ അയാളുടെ മനസ്സു് എന്തിനു പുണ്ണാക്കുന്നു?...

"എന്താണ്, നിങ്ങൾ ഇനിയും ഒരു ജോലിനോക്കാതെ ഇവിടെത്തന്നെ കഴിയുന്നതു്?" മേനോൻ പ്രത്യക്ഷമായ നീരസത്തോടുകൂടി വീണ്ടും ചോദിച്ചു.

"ഒരു വലിയ തുക കൈക്കൂലികൊടുക്കാതെ—" കുമാരപിള്ള അർദ്ധോക്തിയിൽ വിരമിച്ചു.

"എന്നാൽ അച്ഛനു് എഴുതരുതോ, കൈക്കൂലികൊടുക്കാൻ രൂപ വേണമെന്നു്."

ആ വാക്കുകളിൽ പരിഹാസവും വെറുപ്പുമുണ്ടു്. കുമാരപിള്ളയുടെ ഹൃദയം എരിഞ്ഞു. അയാൾ മിണ്ടിയില്ല.

മേനോൻ തുടർന്നു:—"അന്തസ്സുള്ള വേറെ ചെറുപ്പക്കാർ ഇല്ലാത്തതുകൊണ്ടല്ല, ഞാൻ മകളെ കല്യാണംകഴിച്ചുതന്നതു്. കുറേ പഠിത്തമൊണ്ടു്, വേലചെയ്തു തിന്നുമല്ലോ എന്നോർത്തു് മാത്രമാണ്. ഒടുവിൽ എനിക്കു ഗ്രഹപ്പിഴയായി. ഇന്നലെവരെയുള്ള നിങ്ങളുടെചിലവു് മൂവായിരത്തിഅൻപതു രൂപാ എട്ടണയാണ്. ഇല്ല, ഇല്ല. ഇതിനൊരു അവസാനം ഉണ്ടാകുകതന്നെ വേണം."

മേനോൻ മറുപടി കേൾക്കാൻ നില്ക്കാതെ അവിടെനിന്നും നടന്നുപോയി. ജാമാതാവിൻെറ മുഖംവിളറി.

അന്നുരാത്രികുമാരപിള്ള അത്താഴംകഴിക്കാൻ പോയില്ല. ഊണുകഴിഞ്ഞു് ഭാര്യ മുറിയിൽവന്നപ്പോൾ അയാളോടു കാരണംചോദിച്ചു. എല്ലാം കേട്ടുകഴിഞ്ഞതിനുശേഷം അവൾ പറഞ്ഞു:—

"ഒരു പ്രകാരത്തിൽ അച്ഛൻ പറഞ്ഞതുതന്നെയാണ് ശരി. മാനമായി കഴിയണമെങ്കിൽ ഒരു ജോലിവേണം."

കുമാരപിള്ള മിണ്ടിയില്ല. അയാൾ സ്വയം ചോദിച്ചു—ആ ദരിദ്രൻ അയാളെ എന്തിനു ജനിപ്പിച്ചു?

പിറേറന്നു് ഉച്ചയ്ക്കു് അയാൾ ഊണുകഴിക്കാൻ ആരംഭിച്ചപ്പോൾ, അടുത്ത മുറിയിൽനിന്നും ഭാര്യയുടെ മാതാവു് ആരോടോ ഉറക്കെ പറയുന്നതു കേൾക്കായി:—

"അന്യൻെറ ചോറുതിന്നു് തടിക്കാൻ ഇവന്മാർക്കു് നാണംപോലും ഇല്ലാതായല്ലോ."

കുമാരപിള്ളയുടെ കണ്ഠത്തിൽ ആ ഒരു ഉരുളച്ചോറു് തങ്ങിപ്പോയി. ആ വാക്കുകൾ അയാളെ പരാമർശിച്ചാണ്. കൈയിലിരുന്ന ഒരുകഷണം കറി അയാൾ അറിയാതെ ഇലയിൽ വീണു. അയാൾ എണീററു കൈകഴുകി. നേരേ മുറിയിലേക്കു നടന്നു.

ആ വീട്ടുകാർക്ക് പെട്ടെന്നു അയാളെ പുച്ഛമായി. ഭൃത്യന്മാരുടെ പെരുമാററത്തിൽപോലും അതു് പ്രതിഫലിച്ചുതുടങ്ങി.

ഒരുനാൾ വൈകുന്നേരം ഭാര്യ മുറിയിൽവന്നു് അയാളോടു പറഞ്ഞു:—

"നാളെമുതൽ അച്ഛൻ ഈ മുറിയിൽ റിക്കാർട്ടു സൂക്ഷിക്കാൻ പോകുകയാ. താഴെ ഒരുമുറി ഒഴിഞ്ഞുകിടപ്പുണ്ടു്. ഇന്നു തന്നെ അങ്ങോട്ടു മാറികൊടുക്കണം. വേലക്കാരനെ പറഞ്ഞയയ്ക്കാം."

കുമാരപിള്ള നിശ്ശബ്ദമായി അവളെ നോക്കി. അവൾ നടന്നു. അല്പം കഴിഞ്ഞു് വേലക്കാരൻവന്നു് പെട്ടിയും കിടക്കയുമെടുത്തു് താഴെ കൊണ്ടുപോയി. പിറകേ അയാളും ചെന്നു.

ആ ഇടുങ്ങിയ മുറി അയാൾ കണ്ടു. മേശയും, കസേരയും, വൈദ്യുതവിളക്കും, പങ്കയും, റേഡിയോയും ഒന്നും ഇല്ലാത്ത ഒരു മുറിയാണതു്. ഒരു കയറുകട്ടിൽ മാത്രമുണ്ടു്. അന്നുരാത്രി അയാൾ ആ മുറിയിൽ തനിച്ചാണ കിടന്നുറങ്ങിയതു്. ഭാര്യ സുഖമില്ലെന്നു പറഞ്ഞു് മറേറതോ മുറിയിൽ ചെന്നുകിടന്നു ഉറങ്ങി. പിറേറന്നു രാത്രിയിലും ഭാര്യ സുഖമില്ലായ്മമൂലം വന്നില്ല. ഭാര്യയുടെ സുഖക്കേടു ഭേദമാകാതെ നാളുകൾ ഓരോന്നായി അങ്ങനെ കഴിഞ്ഞുപോയി. പക്ഷേ ആ സുഖക്കേടു് മാനസികമാണ്.

കുമാരപിള്ളയുടെ ദൈനംദിന കാര്യപരിപാടിയിലും മാററങ്ങൾ ഉണ്ടായി.

(ശേഷം നാലാംപേജിൽ)

## മാധവസർസപാരില

(നറുനീണ്ടിസത്തു്)

വളരെ നവീനരീതിയിൽ നറുനീണ്ടി (നന്നാറി)യും മററു രക്തസംവർദ്ധകങ്ങളായ ഔഷധങ്ങളും ചേർത്തു ശേഖരിച്ചതായ ഞങ്ങളുടെ "സരസപാരില" രക്തം ഉഷ്ണിച്ചുണ്ടാവുന്ന എല്ലാവിധ ഉപദ്രവങ്ങൾക്കും, മൂത്രം എരിച്ചിൽ, മൂത്രതടസ്സം; സ്ത്രീപുരുഷന്മാർക്കുണ്ടാകാവുന്ന ഉഷ്ണസംബന്ധമായ സുഖക്കേടുകൾ ഇവകൾക്കും ഉടനടി ഫലംചെയ്യുന്നു. പ്രായഭേദംകൂടാതെ രക്തശുദ്ധിക്കും; രക്തവർദ്ധനയ്ക്കും ഉഷ്ണകാലങ്ങളിൽ ദേഹത്തിലെ ചൂടിനെ കുറച്ചു്; കുളിർമയും സുഖവും സിദ്ധിക്കുന്നതിനു എപ്പോഴും ഉപയോഗപ്രദം.

എല്ലാ പ്രധാന ഷാപ്പുകളിലും കിട്ടും; വില ബോട്ടൽ 3 ക. മാത്രം. Catalogue free

സ്റ്റാക്കിസ്റ്റ്സ്; കോഴിക്കോട്ടു്; പി. കുട്ടൻബ്രദേഴ്സ്.

P. S. സിലോൺ, സിങ്കപ്പൂർ, റങ്കൂൺ, ബാംബെ എന്നീ സ്ഥലങ്ങളിൽ സോൾഏജൻറന്മാരേയും സ്റ്റാക്കിസ്ററന്മാരേയും ആവശ്യമുണ്ടു്. ഉടനെ അപേക്ഷിക്കുക.

മാധവഫാർമസി (എറണാകുളം) ലിമിററഡ്, എറണാകുളം

(മൂന്നാംപേജിൽനിന്നും തുടൎച്ച)

ബെഡ്കാഫിയും, ലഘുഭക്ഷണങ്ങളും, പാലുകുടിയും ഇല്ലാതായി. രണ്ടുനേരം ഊണുമാത്രം. വല്ലപ്പോഴുമേ കുളിക്കാൻ എണ്ണയും സോപ്പും കിട്ടാറുള്ളു. സ്ഗററ വലിച്ചു ശീലിച്ച ആ ചുണ്ടുകൾ ബീഡിവലിക്കാൻ തുടങ്ങി. മുറിയിൽ ഒരു ചിമ്മിനിവിളക്കുണ്ട്. അതു കത്താറില്ല. അതിലെ മണ്ണെണ്ണ തീൎന്നുപോയിട്ട് നാളുകൾ ഏറെയായി. ഇപ്പോൾ മുറിയിൻ സോപ്പിടുന്നതു് അയാൾ തന്നെയാണ്.

ഷേവു ചെയ്യിക്കാനും, മുടിവെട്ടിക്കാനും, സോപ്പുമേടിക്കാനും, ബീഡിമേടിക്കാനും ആവശ്യമുള്ള പണം, കുമാരപിള്ള ഭാൎയ്യയോടാണു ചോദിക്കുക. മുമ്പു് ആഴ്ചതോറും അയാൾക്കു കൊടുക്കുവാനായി ഒരു നല്ല തുക മേനോൻ മകളെ ഏല്പിക്കുകയായിരുന്നു പതിവ്. ഇപ്പോൾ മകൾ പണത്തിനു ചെല്ലുമ്പോൾ അച്ഛൻ പിറുപിറുക്കും:—

"അയാളുടെ ഈ തെണ്ടൽ ഇനി എന്നാണ് അവസാനിക്കുക?"......

"ഇനിമേലാൽ ഞാൻ അച്ഛൻ്റടുത്തു പണം ചോദിക്കാൻ പോകുകയില്ല.' ഭാൎയ്യ ഭൎത്താവിനോടു് തീൎത്തുപറഞ്ഞു.

"ഉം? എന്തുകൊണ്ടു്?" കുമാരപിള്ള ചോദിച്ചു.

"ആവശ്യക്കാരൻ നേരിട്ടുചെന്നു ചോദിക്കരുതേ?" അവളുടെ സ്വരത്തിലും പുച്ഛരസം കലൎന്നുകണ്ടു.

ഒരു നിമിഷത്തെ നിശ്ശബ്ദതയ്ക്കു ശേഷം ഭാൎയ്യ തുടൎന്നു പറഞ്ഞു:—

"ഇങ്ങനെ കാശില്ലാതെയും അതിനുള്ള മാൎഗ്ഗമില്ലാതെയും ഇനിയും കഴിയാമെന്നുവെച്ചാൽ അതിനു അച്ഛൻ സമ്മതിക്കുമെന്നു് തോന്നുന്നില്ല. ഇതു് എനിക്കും നാണക്കേടാണ്." "പക്ഷേ ഒരു നല്ല ജോലി—" "ഇവിടെ കുത്തിയിരുന്നാൽ ജോലികിട്ടുമോ?" ഭാൎയ്യ ദേഷ്യത്തോടാണ് ചോദിച്ചതു്.

* * *

അന്നുച്ചയ്ക്കു് കുമാരപിള്ളയെ ആരും ഉണ്ണാൻ ക്ഷണിച്ചില്ല. മണി ഒന്നായി, രണ്ടായി. മൂന്നായി. അപ്പോഴും ആരേയും കണ്ടില്ല. അയാൾക്കു വല്ലാതെ വിശക്കുന്നുണ്ടു്. അയാൾ കട്ടിലിൽനിന്നും എണീറ്റു് വെളിയിൽ ചെന്നുനിന്നു. മണി നാലടിക്കുന്ന ശബ്ദവും അയാൾ കേട്ടു. തലേന്നുരാത്രി അത്താഴം കഴിച്ചതിൽ പിന്നെ അയാൾ ഒന്നും കഴിച്ചിട്ടില്ല. തലയ്ക്കു ഒരുഭാരം—ഒരു തളൎച്ച! അയാൾ വീണ്ടും മുറിയ്ക്കുള്ളിൽ പ്രവേശിച്ചു കട്ടിലിൽ ചെന്നുകിടന്നു.

അഞ്ചുമണികഴിഞ്ഞപ്പോൾ ഭാൎയ്യ മുറിയ്ക്കുള്ളിൽ കയറിവന്നു. അവൾ മോടിയായി വസ്ത്രധാരണം ചെയ്തിട്ടുണ്ടു്.

"ഞങ്ങൾ സിനിമാ കാണാൻ പോകയാ. പത്തുമണിയ്ക്കു തിരിച്ചുവരുകയുള്ളു. അതുവരെ ഇവിടെ നോക്കിക്കൊള്ളണം." ഭാൎയ്യ വാതിൽക്കലേയ്ക്കു തിരിഞ്ഞു.

"നില്ക്കു്. ഒരുകാൎയ്യംകൂടി—" അയാൾ വിളിച്ചു. എന്നിട്ട് കട്ടിലിൽനിന്നും അയാൾ മെല്ലെ എണീറ്റു.

"ഉം? എന്തു?" ഭാൎയ്യ അസഹ്യതയോടെ ചോദിച്ചു.

"വേറൊന്നുമല്ല—" അയാൾ മെല്ലെ അടുത്തുചെന്നു. അവൾ വെറുപ്പോടെ പിറകോട്ടു മാറി.

"വേഗം പറയണം. നില്ക്കാൻസമയമില്ല." ഭാൎയ്യ വീണ്ടും അസഹ്യതയോടെ പറഞ്ഞു.

"വേറൊന്നുമല്ല, അടുക്കളയിൽവല്ലതുമുണ്ടോ?" അയാൾ ക്ഷീണസ്വരത്തിൽ ചോദിച്ചു.

"ഇതു ചോദിക്കാനാണോ!" ഭാൎയ്യ ദേഷ്യത്തോടെ നെററി ചുളിച്ചു. അവൾ വാതിൽക്കലേയ്ക്കു നടന്നു.

"അല്ല. ചോദിച്ചതിനു കാരണം—"

"ഉം?" അവൾ ദേഷ്യത്തോടെ തിരിഞ്ഞുനോക്കി.

"ഞാൻ ഇന്നു ഉണ്ടില്ല." അയാൾ സ്വരം താഴ്ത്തിപ്പറഞ്ഞു.

"ഇതാണോ കാൎയ്യം! അതിനിപ്പോൾ ഞാൻ എന്തുവേണം?" ഭാൎയ്യയുടെ മുഖത്തു വെറുപ്പും പരിഹാസവുംനിറഞ്ഞു.

"എനിക്കു വിശക്കുന്നു.?' അയാളുടെ കണ്ഠം ഇടറി.

"വിശക്കുന്നെങ്കിൽ ഇപ്പോൾ വിശപ്പു സഹിച്ചേയൊക്കു. സിനിമായ്ക്കു സമയമായി." ഭാൎയ്യ വെളിയിൽഇറങ്ങിനടന്നു.

കുമാരപിള്ള ജീവച്ഛവംകണക്കെ നിന്നു. അയാളുടെ കണ്ണുകളിൽ ഇരുൾ നിറഞ്ഞു. അയാൾ അതു പ്രതീക്ഷിച്ചതല്ല.

ആ പരിസരം തന്നെ നോക്കി പല്ലിളിക്കുന്നതായി അയാൾക്കു തോന്നി. അയാൾ ഒരു പട്ടിയേപ്പോലെ ഗണിക്കപ്പെട്ടു. ആദ്യമായി അയാളുടെ അഭിമാനം ഉണൎന്നു.

മുറിയുടെ മൂലയ്ക്കു ഒരു കൈപ്പെട്ടി ഇരിപ്പുണ്ടു്. അതു കുമാരപിള്ളയുടെ സ്വന്തമാണ്. അയാൾ അതു കയ്യിലെടുത്തു. അയാൾ വെളിയിൽ കടന്നു. വിഷാദംനിറഞ്ഞ ആ അന്തരീക്ഷത്തിൽനിന്നും അയാൾക്കു രക്ഷപ്പെടണം. അയാൾ ഗേററു കടന്നു റോഡിലിറങ്ങി: ഇരുപതുമൈൽഅകലെയുള്ള ആ നാട്ടുംപുറത്തെ ലക്ഷ്യമാക്കി അയാൾ നടന്നു. അയാളുടെ ഹൃദയം പശ്ചാത്താപഭരതമാണ്.

രാത്രി മണി മൂന്നായിക്കാണും. നാട്ടുംപുറത്തുള്ള ഒരുവീട്ടിൻ്റെ മുമ്പിൽ ചെന്നുനിന്നു് ഒരാൾ വാതലിൽ തട്ടിവിളിച്ചു. അകത്തു ആരോ ചുമച്ചു. ഉടൻ ഒരു ചോദ്യം:—

"ആരതു്?"

"ഞാനാച്ഛാ."

"എൻ്റെ കുമാരനോ!" ആ ചോദ്യത്തിൽ പുത്രവാത്സല്യം നിറഞ്ഞുതുളുമ്പി.

കേശവപിള്ള പായിൽനിന്നും പെട്ടെന്നെണീററു: മണ്ണെണ്ണവിളക്കുകത്തിച്ചു്, ആ വൃദ്ധൻ കതകു തുറന്നു.

"അച്ഛാ! മാപ്പു്—" മകൻ്റെ കണ്ണുകളിൽനിന്നും ജലം കവിഞ്ഞൊഴുകി.

* * *

അടുത്ത ആഴ്ച കുമാരപിള്ള ട്രാൻസ്പോർട്ടിൽ ഒരു കണ്ടക്ടർഉദ്യോഗത്തിനു അപേക്ഷ അയച്ചു.

—o—

# റോയൽസൊസൈററിയിലെ രണ്ടു മഹിളമാർ

മതിൽഭാഗം ചന്ദ്രശേഖരൻപിള്ള

റോയൽ സൊസൈററി (Royal Society) അതിൻ്റെ നീണ്ട ചരിത്രത്തിൽ ആദ്യമായി രണ്ടു ശാസ്ത്രജ്ഞകളായ മഹിളകൾക്കു് ഫെല്ലോഷിപ് (Fellowship) നല്കി തെരഞ്ഞെടുത്തിരിക്കുന്നു. പ്രസ്തുത ഫെല്ലോഷിപ്പിനു പാത്രീഭൂതകളായ മഹിളമാർ മിസ്സസ്, കാതലൈൻ ലോൻസ്ഡേലും മിസ്സ് മാർജോറിസ്റ്റീഫൻസണും ആണ്. മിസ്സസ് കാതലൈൻ ഭൗതികശാസ്ത്രത്തിലും സ്റ്റീഫൻസൺ ബയോകെമിസ്ട്രിയിലും അതുലമായ പാണ്ഡിത്യം സമ്പാദിച്ച ശാസ്ത്രജ്ഞകളാണ്. എഫ്. ആർ. എസ്സ്. (Fellow of Royal Society) എന്ന ബഹുമതിബിരുദത്തിന് ഇന്നവർ പാത്രീഭൂതരാണ്.

ഈ രണ്ടു ശാസ്ത്രജ്ഞകളേയും ഫെല്ലോകളായി റോയൽസൊസൈററിയിലേക്കു് തെരഞ്ഞെടുത്തതിൻ്റെ ഫലമായി ശാസ്ത്രജ്ഞലോകത്തിൽ വലിയ ഹാലിളക്കമുണ്ടായി. ഈ അവസരത്തിൽ പ്രസ്തുത സംഭവത്തിനുള്ള മഹത്വമെന്താണെന്നും റോയൽസൊസൈററി ഏതുപ്രകാരമുള്ള സമിതിയാണെന്നും ഉള്ള ചോദ്യം ഉചിതമായിരിക്കും.

ഭൗതികശാസ്ത്രം, ഗണിതം ആദിയായ ശാസ്ത്രങ്ങളുടെ അഭിവൃദ്ധിയാണ് റായൽ സൊസൈററിയുടെ മുഖ്യമായ ഉദ്ദേശം. ക്രിസ്തുവർഷം 1662 ൽ ചക്രവൎത്തിയായിരുന്ന ചാറൽസ് രണ്ടാമൻ ഈ സംഘത്തിന് അധികാരപത്രം നല്കുകയും അന്നുമുതൽ റോയൽസൊസൈററി എന്ന പേരിൽ സംഘം പ്രസിദ്ധിപ്രാപിക്കയും ചെയ്തു.

ശാസ്ത്രജ്ഞന്മാരുടെ സംഘടിതമായ പ്രയത്നത്തിൻ്റെ ഫലമായിട്ടാണ് പ്രസ്തുത സഭയുടെ അടിസ്ഥാനമിട്ടവാനിടയായതു്. സഭയുടെ സ്ഥാപനത്തിനുശേഷം അവർ അന്നത്തെ പ്രധാനപ്പെട്ട സമസ്യകളെപ്പററി പൎയ്യാലോചിക്കുകയും ചാറൽസ് ദ്വിതീയനെ സഭയുടെ ഉദ്ദേശങ്ങളെപ്പററി പറഞ്ഞു ധരിപ്പിക്കുകയും ചെയ്തു. അദ്ദേഹം അവരുടെ അഭിപ്രായങ്ങളെ സസന്തോഷം സ്വീകരിക്കയും അവയെ പൂൎത്തിയാക്കുന്നതിനു വേണ്ട സഹായം വാഗ്ദാനംചെയ്യുകയുമുണ്ടായി. റായൽ സൊസൈററി അതിൻ്റെ ജന്മകാലംമുതൽ ശാസ്ത്രീയോന്നതിയുടെ കേന്ദ്രമായിത്തീൎന്നു. സഭയുടെ ആഭിമുഖ്യത്തിൽ നടന്നിട്ടുള്ള എല്ലാം സമ്മേളനങ്ങളിലുംവിദേശങ്ങളിൽനിന്നും ശാസ്ത്രജ്ഞന്മാർ, ദാൎശനികർ, ലേഖകന്മാർ, കലാകാരന്മാർ ആദിയായി സകല തുറകളിലുമുള്ള പണ്ഡിതന്മാർ പങ്കുകൊണ്ടിരുന്നു.

ആദികാലങ്ങളിൽ റോയൽസൊസൈററിയുടെ സമ്മേളനങ്ങൾ ക്ലബ്ബ്, ഹോട്ടൽ, കാളേജ് ആദിയായ സ്ഥലങ്ങളിൽ വച്ചാണ് നടന്നുകൊണ്ടിരുന്നതു്. 1778-ൽ ബ്രിട്ടീഷ് ഗവമ്മെൻ്റ് സംഘത്തിന് 'സോമർസെററ്' ഭവനം നല്കി അതിനെ സഹായിക്കുകയുണ്ടായി. 1703-ൽ പ്രസ്തുത സംഘത്തിൽ ആകെ 125 അംഗങ്ങൾ ഉണ്ടായിരുന്നു. അന്ന് വിശ്വവിഖ്യാതനായ സർ ഐസക് ന്യൂട്ടൻ ആയിരുന്നു സംഘത്തിൻ്റെ പ്രസിഡണ്ടായിരുന്നതു്. പ്രഭാവശാലികളായ ശാസ്ത്രജ്ഞന്മാരുടെ ഒരു സംഘമാണതെന്ന് ബ്രിട്ടീഷ്ഗവമ്മെൻ്റ് ഉൽഘോഷിക്കയും ചെയ്തു. അക്കാലത്താണ് സൊസൈററി ക്യാപ്ററൻ കുക്കിൻ്റെ സമുദ്രയാത്രക്കു് വേണ്ട സജ്ജീകരണങ്ങൾ ചെയ്യുകയും ഗ്രീൻവിച്ചിൽ ഒരു രാജകീയ പരീക്ഷണശാല സ്ഥാപിക്കയും ചെയ്തതു്.

അനുസന്ധാനങ്ങൾക്കു് ഉപയുക്തമായ ഒരു ബൃഹത്കോശം ഇന്നു് സൊസൈററിയുടെ വകയായിട്ടുണ്ടു്. കൂടാതെ പല ഉത്തമഗ്രന്ഥങ്ങളും സൊസൈററിയിൽനിന്നും പ്രസിദ്ധംചെയ്തിട്ടുണ്ടു്.

## രണ്ടു മഹിളമാർ

മിസ്സ് സ്റ്റീഫൻസൺ ഉത്സാഹശാലിനിയും കൎമ്മകുശലയും സ്ഫൂൎത്തിശാലിനിയുമായ ഒരു യുവതിയാണ്. അവരുടെ വ്യക്തിഗതമായ അഭിപ്രായത്തിനു് എപ്പോഴും ഒരു ദൃഢസ്വഭാവമാണുള്ളതു് ശാസ്ത്രത്തെജനങ്ങളുടെ മുമ്പിൽ തുറന്നു കാട്ടിക്കൊടുക്കേണ്ടതു ശാസ്ത്രജ്ഞൻ്റെ കൎത്തവ്യമാണെന്നാണ് അവരുടെ അഭിപ്രായം.

മിസ് സ്റ്റീഫൻസൺ തൻ്റെ അനുസന്ധാനകാൎയ്യങ്ങൾ അധികവും കേംബ്രിഡ്ജിലുള്ള പരീക്ഷണശാലയിലാണ് നിൎവ്വഹിക്കാറുള്ളതു്. അവർ ഇരുപതുവൎഷം ബയോകെമിസ്റ്ററിയിലെ ഒരു വിഷയത്തെക്കുറിച്ചു് വിശേഷരീതിയിൽ അദ്ധ്യയനം നടത്തുകയും അതിനെ സംബന്ധിച്ചുള്ള പുസ്തകങ്ങൾ രചിക്കയും ചെയ്തു. പ്രസ്തുത ഗ്രന്ഥങ്ങൾക്കു് ശാസ്ത്രലോകത്തിൽ അദ്വിതീയമായ സ്ഥാനമാണുള്ളതു്.

മിസ്സസ്സ് കാതലൈൻ ഐക്യസമിതിയിലെ ഒരംഗമാണ്. ശാസ്ത്രീയമായകണ്ടുപിടിത്തങ്ങളിൽ അവർ സദാ മുഴുകിയിരിക്കുന്നതു കാണാം. അഗാധമായ പരിശ്രമത്തിൻ്റെയും ഉന്നതമായ അഭിലാഷത്തിൻ്റെയും ഫലമായിട്ടാണ് കാതലൈൻ ഇപ്പോഴത്തെ ഉന്നത പദവിയിൽ എത്തിച്ചേൎന്നതു്. തൻ്റെ സഫലതയിൽ എപ്പോഴും അതിയായ വിനയമാണവൎക്കുള്ളതു്. ഇപ്പോൾ 44 വയസ്സുമുണ്ടു് മിസ്സസ്സ് കാതലൈന്. ഏകദേശം 70 പുസ്തകത്തോളം അവർ എഴുതിയിട്ടുണ്ടു്.

മിസ്സസ്സ് കാതലൈൻ്റെ വംശത്തിൽ ശാസ്ത്രജ്ഞരായി ആരുംതന്നെ ഉണ്ടായിട്ടില്ല. പിതാവു് ഒരു പോസ്റ്റ്മാസ്റ്ററാണ്. മാതാപിതാക്കന്മാരുടെ പത്താമത്തെ സന്താനമാണ് കാതലൈൻ. ഗവമ്മെൻ്റ് ഹൈസ്കൂളിൽനിന്നും പാസ്സായശേഷം രണ്ടു സ്കോളർഷിപ്പുകൾ ലഭിക്കയും 16-ാമത്തെ വയസ്സിൽ ലണ്ടനിലുള്ള 'ബെഡ്ഫോർഡ്' കാളേജിൽ ചേൎന്നു, 19-ാമത്തെ വയസ്സിൽ ഭൗതികശാസ്ത്രമെടുത്തു ബി. ഏ. പാസ്സാവുകയും ചെയ്തു. 1922-ൽ സർ വില്യംബ്രേഗ് അവരെ, യൂനിവേഴ്സിററി കാളേജിൽ എക്സറേ ക്രിസ്റ്റലോഗ്രാഫിയെക്കുറിച്ചുള്ള കണ്ടുപിടിത്തത്തിൽ പ്രവൎത്തിച്ചുകൊണ്ടിരുന്ന ശാസ്ത്രജ്ഞന്മാരുടെ സംഘത്തിലേക്കു ക്ഷണിച്ചു.

യുദ്ധകാലത്തെ 6 വൎഷവും കാതലൈൻ തൻ്റെ പരീക്ഷണശാലയിൽ 9 മണിമുതൽ 5 മണിവരെ ജോലി ചെയ്തുകൊണ്ടിരുന്നു. ജൎമ്മൻ വിമാനാക്രമണങ്ങൾക്കു അവരെ ഭയപ്പെടുത്തുവാൻ കഴിഞ്ഞിരുന്നില്ല. മിസ്സസ്സ് കാതലൈൻ്റെ ഭൎത്താവും ഒരു ശാസ്ത്രജ്ഞനാണ്. ശാസ്ത്രജ്ഞയായ അവർ മൂന്നു സന്താനങ്ങളുള്ള ഒരു ഉത്തമ ഗൃഹിണിയുംകൂടിയാണ്.

റോയൽ സൊസൈററിയുടെ 'ഫെല്ലോ' ആയി തെരഞ്ഞെടുത്ത പ്രസ്തുത രണ്ടു മഹിളകളും സ്ത്രീലോകത്തിന്നാകമാനം അഭിമാനമൂൎത്തികളാണ്. ഇവരുടെ തെരഞ്ഞെടുപ്പു് ഭാവിയിൽ സ്ത്രീലോകത്തിന് ശാസ്ത്രലോകത്തിലേയ്ക്കുള്ള പ്രവേശനത്തിൻ്റെ പ്രാരംഭമായി നമുക്കു കരുതാം.

—o—

## GENERAL KNOWLEDGE QUIZ

[ANSWERS ON PAGE 14]

1. What is the unit used in the measurement of the volume of sound?
   a) Decibel; b) Ion; c) Sonic.
2. Who described the hat as the *ultimatum moriens* of respectability?
   a) Oscar Wilde; b) H.G. Wells; c) Oliver Wendell Holmes.
3. Traces of an 8 000-year-old agrarian culture, of a still older herdsman culture and caveman culture and, finally, a layer of fused green glass have been discovered by archaeologists in —
   a) Mesopotamia; b) The Nile Valley; c) Samarkand.
4. Finmark is the name of a —
   a) Jute fibre; b) Brand of paper; c) Province in Norway.
5. The polar bear is able to pick up odours at distances of —
   a) Half a mile; b) 1,000 yards; c) Ten miles or more.
6. A distinguished psychologist described himself as "the legitimate father of the inferiority complex". Can you name him?
   a) Havelock Ellis; b) Alfred Adler; c) Ferdinand Birnbaum.
7. Who wrote "French Without Tears"?
   a) Terence Rattigan; b) Sir A. P. Herbert; c) J. M. Barrie.

## പ്രതിസമൻ

—o—

B. II.

കൊല്ലം ജില്ലാക്കോർട്ടിൽ.

൧൧൨൧ അസ്സൽ ൧൭൮.

വാദി—സെൻട്രൽ ബാങ്കിംഗ് കാർപ്പറേഷൻ ആഫ് ട്രാവൻകൂർ ലിമിററിഡ് ആലപ്പുഴ. ടി ബാങ്കിനവേണ്ടി ടി ബാങ്കിന്റെ കൊല്ലം ബ്രാഞ്ച് ഏജൻറ് കോര എം. പുളിമൂട്.

പ്രതി—കൊല്ലം കന്നിമേൽചേരിയിൽ കാട്ടൂർവീടുകൂടിയുള്ള കിഴക്കേക്കല്ലട മറവൂമുറിയിൽ അറാംപുറത്തുവീട്ടിൽ കണക്ക വേലായുധൻപിള്ള ഗോപാലപിള്ള.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്.

ടി നമ്പർ സംഗതിക്കു ടി പ്രതിക്കു ഈ കോടതിയിൽനിന്നും പലതവണ സമന അയച്ചതിലും കൈപ്പററാതെ മടക്കിഅയച്ചുവരുന്നതും ടി നമ്പർ പ്രതി ഹാജരാകാനായി ൧൧൨൨ കുംഭം ൨൬-ാനുക്കു വച്ചിരിക്കുന്നതും ആകയാൽ അന്നേദിവസം പകൽ ൧൧ മണിക്കു പ്രതിയോ പ്രതിക്കുവേണ്ടി മുറപ്രകാരം അധികാരപ്പെട്ടതീട്ടുള്ള അഡ്വോക്കേറോ ഈ കോടതിയിൽ ഹാജരായി ഉത്തരം ബോധിപ്പിക്കാത്തപക്ഷം ടി നമ്പർ പ്രതിയെ കൂടാതെ തീരുമാനിക്കുന്നതാണ്.

ഉത്തരവിൻപ്രകാരം

ശിരസ്തദാർ (ഒപ്പ്)

കൊല്ലം, ൧൧൨൨ മകരം ൨൭-ാനു-

—o—

ചെങ്ങന്നൂർ മുൻസിഫ്കോർട്ടിൽ

൧൧൨൭ സിവിൽ ൨൨൨.

വാദി—വടക്കേക്കര പകുതിയിൽ കീഴ്ചേരിമേൽ മുറിയിൽ കടമ്പൂത്തുമഠത്തിൽ വാസുദേവൻ എമ്പ്രാൻ രാമചന്ദ്രൻഎമ്പ്രാൻ.

൩-ാംപ്രതി—ബ്രിട്ടീഷിൽ തൃച്ചംബരത്തു തെക്കേമഠത്തിലും തിരുവനന്തപുരത്തു മിത്രാനന്ദപുരത്തു പടിഞ്ഞാറെമഠത്തിലും, തൃശിവപേരൂർ നടുവിലെമഠത്തിലും ഇളമുറ സ്ഥാനാരോഹണവും തിരുവട്ടാറു നരസിംഹമഠത്തിൽ താമസവും ആയ കാപ്രസ്വാമിയാർ തിരുമുമ്പിൽ നിന്നു്.

ടി ൩-ാംപ്രതി അറിയാനുള്ളതു്.

മേൽനമ്പ്ര കേസ് വിധിനടത്താൻ അനുവദിക്കണമെന്നു ഈ നമ്പരിൽ വാദി ഈ കോടതിയിൽ ൧൧൨൧ ൽ ൩൭൮-ാം നമ്പരായി ബോധിപ്പിച്ചിരിക്കുന്ന വിധിനടത്തപേക്ഷ അനുവദിക്കുന്നതിൽ ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ അധികാരപ്പെടുത്തപ്പെട്ട കാര്യസ്ഥനോ കോർട്ടുവക്കീലോ മുഖാന്തിരം ൧൧൨൨ കുംഭം ൨൭-ാനു ഈ കോടതിയിൽ നിയമപ്രകാരം ബോധിപ്പിക്കേണ്ടതാണെന്നുള്ള വിവരം അറിവാനുള്ളതാകുന്നു.

ഡിസ്ട്രിക്ട്മുൻസിഫ്

കെ. ശങ്കരമാരാർ (ഒപ്പ്)

൧൧൨൨ കുംഭം ൩-ാംനു-

—o—

## പരസ്യനോട്ടീസ്

സിവിൽ നടപടി നിയമത്തിന്റെ

ആഡർ ൨൧—റൂൾ ൬൬.

വകുപ്പു.

കൃഷ്ണപുരം മുൻസിഫ് കോർട്ടിൽ

ഹരിപ്പാട്ടുമുൻസിഫ് കോർട്ടിൽ

൧൧൧൭-ാമാണ്ട് സിവിൽ ൪൯൨

൧൧൨൨—ൽ വിധിനടത്തു

ഹർജി നമ്പർ. ൪൮.

വാദി—കണ്ടല്ലൂർപകുതിയിൽ കണ്ടല്ലൂർ തെക്കു മുറിയിൽ അരിയേലിവീട്ടിൽ അയ്യപ്പൻപിള്ള വേലായുധൻപിള്ള

പ്രതി—താമരക്കുളം പകുതിയിൽ മേടപ്പ്ലം മുറിയിൽ അമ്പിയിൽവീട്ടിൽ കൃഷ്ണൻനായർ കൊച്ചുപിള്ളനായർ

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്.

ടി നമ്പർ പട്ടികവസ്തു ലേലത്തിൽ വില്പിച്ചു വിധിസംഖ്യ ഈടാക്കി കൊടുപ്പിക്കണമെന്നു വിധി ഉടമസ്ഥൻ അപേക്ഷിച്ചിരിക്കുന്നതും പരസ്യത്തിൽ അടങ്ങേണ്ട വിവരങ്ങളെപ്പററിയും മററും വ്യവസ്ഥപ്പെടുത്തുന്നതിനു ൧൧൨൨-ാമാണ്ട് കുംഭമാസം ൨൭-ാംനു-യ്ക്കു അവധി നിശ്ചയിച്ചിരിക്കുന്നതും ആകയാൽ വിവരം തെര്യപ്പെടുത്തിയിരിക്കുന്നു.

ഉത്തരവും പ്രകാരം

ഹെഡ് ഗുമസ്തൻ (ഒപ്പ്)

൧൧൨൨-ാമാണ്ട് കുംഭമാസം ൩-ാംനു-

## പരസ്യം

—o—

കൃഷ്ണപുരംമുൻസിഫ്കോർട്ടിൽ

1122-ാമാണ്ട സി. 157-ാംനമ്പർ

വാദി—കീരിക്കാട്ടുപകുതിയിൽ പേരുവള്ളിഭാഗംമുറിയിൽ പാപ്പാടിയിൽവീട്ടിൽ നാരായണിപ്പിള്ളലക്ഷ്മിപ്പിള്ള

പ്രതികൾ—1 കൊല്ലംപകുതിയിൽ ഓലയിൽചേരിയിൽ മേനാത്തു വീട്ടിൽനിന്നും തിരുവനന്തപുരംഹൈക്കോടതിയിൽ വ്യവഹരിക്കുന്ന രാമകൃഷ്ണപിള്ളമകൻ എം. ആർ. ഗോവിന്ദപ്പിള്ള ബി. ഏ. ബി. എൽ., അഞ്ചാംപ്രതി കൊല്ലം പകുതി ഓലയിൽചേരിയിൽ മേനാത്തു കിഴക്കേവീട്ടിൽ ഈശ്വരിപ്പിള്ളകുഞ്ഞിപ്പിള്ള

മേൽ പറഞ്ഞ പ്രതികളുടെമേൽ വാദി വ്യവഹാരം ബോധിപ്പിച്ചിരിക്കയാൽ അതിനുത്തരം ബോധിപ്പിക്കാനായി 1122-ാമാണ്ട കുംഭമാസം 24-ാംനു- പകൽ 11 മണിക്കു ഈ കോർട്ടുമുമ്പാകെ പ്രതിതന്നെയോ അല്ലെങ്കിൽ വ്യവഹാരത്തെക്കുറിച്ചു ചോദിക്കുന്ന സാരമായ എല്ലാ ചോദ്യങ്ങൾക്കും ഉത്തരംപറവാൻ തക്കവണ്ണം വേണ്ടുന്ന അറിവുകൊടുക്കപ്പെട്ടതോ അല്ലെങ്കിൽ ആവക എല്ലാം ചോദ്യങ്ങൾക്കും ഉത്തരംപറവാൻശേഷിയുള്ള മററു വല്ല ആളോടുകൂടി വരുന്നതോ ആയ ക്രമപ്രകാരം അധികാരപ്പെടുത്തിയ കോട്ടുവക്കീൽമുഖാന്തിരമോ ഹാജരായിരിക്കയുംവേണം. മേൽപറഞ്ഞ ദിവസം പ്രതി ഹാജരാകാതിരുന്നാൽ പ്രതിയെ കൂടാതെ വാദസംഗതികളെ നിശ്ചയപ്പെടുത്തുന്നതുമാകുന്നു.

ഉത്തരവിൻപ്രകാരം

ഹെഡ്ഗുമസ്തൻ (ഒപ്പ്)

1122-ാമാണ്ട കുംഭമാസം 8-ാംനു-

—o—

## നോട്ടീസ്

—o—

B I

കൊല്ലം ജില്ലാക്കോർട്ടിൽ

൧൧൨൧ അപ്പീൽ ൩൩൦.

വാദി—കൊട്ടാരക്കര കിഴക്കേക്കരമുറിയിൽ വടക്കേകൊച്ചി എന്നു വിളിക്കുന്ന വാവന്നത്തെതുവീട്ടിൽനിന്നും എം. സയ്യിദ്ബിസ്സബാപ്ലാവിൽ മോഹയ്യതിൻകാട്ടുവാവാരാവുത്തർ സെയ്യിദ്ബീവി (മൈനർ.)

രക്ഷകൻ:—ടിയിൽ എം. കാട്ടുവാവാരാവുത്തർ.

പ്രതികൾ—൨. തൊടിയൂർപകുതിയിൽ തൊടിയൂർ മുറിയിൽ കിഴക്കേകോയിക്കൽനിന്നും മൂവാററുപുഴ താലൂക്കിൽ വേങ്ങൂർ പകുതിയിൽ വേങ്ങൂർമുറിയിൽ ചെമ്പിള്ളിവീട്ടിൽ സി. കെ. പാറുക്കുട്ടിഅമ്മ. ൩. ടിയിൽ സി. കെ. രാമകൃഷ്ണപിള്ള. ൪. ടിയിൽ സി. കെ. അയ്യപ്പൻപിള്ള.

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്.

ടി സംഗതിക്കു ടി പ്രതികൾക്കു ഈ കോടതിയിൽനിന്നും പലതവണ നോട്ടീസ്സയച്ചതിലും കൈപ്പററാതെ മടക്കി അയച്ചുവരുന്നതും ടി നമ്പർ ടി പ്രതികൾ ഹാജരാകുന്നതിനായി ൧൧൨൨ കുംഭമാസം ൨൬-ാംനുക്കു വിചാരണവച്ചിരിക്കുന്നതും ആകയാൽ അന്നേദിവസം പകൽ ൧൧ മണിക്കു ടി പ്രതികളോ അവർക്കുവേണ്ടി മുറപ്രകാരം ഏല്പെടുത്തീട്ടുള്ള അഡ്വാക്കേററന്മാരോ ഈ കോടതിയിൽ ഹാജരായി ഉത്തരം ബോധിപ്പിക്കാത്തപക്ഷം ടി നമ്പർസംഗതി ടി പ്രതികളെ കൂടാതെ തീർച്ചചെയ്യുന്നതാണ്.

ഉത്തരവിൻപ്രകാരം

ശിരസ്തദാർ (ഒപ്പ്)

കൊല്ലം, ൧൧൨൨ കുംഭം ൧൦-ാംനു-

—o—

## പരസ്യം

—o—

ചേർത്തല പ്രിൻസിപ്പാൾ

മുൻസിഫ്കോർട്ടിൽ

൧൧൨൧ സിവിൽ നമ്പർ ൩൩൧

വാദി—വട്ടതല മററത്തഭാഗംപകുതി പെരുമ്പളം മുറിയിൽ പെരുമ്പളം നായർസമാജം എന്ന പേരിൽ നടന്നുവരുന്ന ൭൭൯-ാംനമ്പർ പെരുമ്പളം എൻ. എസ്സ്. എസ്സ്. സമാജം മാനേജർ ടി മുറിയിൽ പൊയ്യത്തറ വെളിയിൽവീട്ടിൽ കൃഷ്ണ ഗോപാലൻനായർ.

പ്രതികൾ—൧. ചേർത്തല വടക്കുംമുറിയിൽ കന്നത്തുനിന്നും കളപ്പുരയ്ക്കൽ താമസിക്കും നാരായണൻ കേശവൻനായർ ൫. മുളക്കുളംപകുതി തെക്കേക്കരയിൽ വണ്ടാനത്തുവീട്ടിൽ നാരായണപിള്ള മാധവൻപിള്ള.

മേൽപറഞ്ഞ പ്രതികളുടെമേൽ വാദി വ്യവഹാരം ബോധിപ്പിച്ചിരിക്കയാൽ അതിനുത്തരം ബോധിപ്പിക്കാനായി ൧൧൨൨-ാമാണ്ട കുംഭമാസം ൨൭-ാംനു- പകൽ ൧൧ മണിക്കു ഈ കോർട്ടുമുമ്പാകെ പ്രതിതന്നെയോ അല്ലെങ്കിൽ വ്യവഹാരത്തെക്കുറിച്ചു ചോദിക്കുന്ന സാരമായ എല്ലാംചോദ്യങ്ങൾക്കും ഉത്തരം പറവാൻ തക്കവണ്ണം വേണ്ടുന്ന അറിവുകൊടുക്കപ്പെട്ടതോ അല്ലങ്കിൽ ആവക എല്ലാംചോദ്യങ്ങൾക്കും ഉത്തരംപറവാൻ ശേഷിയുള്ള മററു വല്ല ആളുകളോടുകൂടി വരുന്നതോ ആയ ക്രമപ്രകാരം അധികാരപ്പെടുത്തിയ കോർട്ടുവക്കീൽമുഖാന്തിരമോ ഹാജരായിരിക്കയും വേണം. മേൽപറഞ്ഞദിവസം പ്രതി ഹാജരാകാതിരുന്നാൽ പ്രതിയെകൂടാതെ വാദസംഗതികളെ നിശ്ചയപ്പെടുത്തുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം

ഹെഡ്ഗുമസ്തൻ (ഒപ്പ്)

൧൧൨൨ കുംഭം ൩-ാംനു-

—o—

## വസ്തുഒഴിപ്പിക്കുന്നസംഗതിക്കു നോട്ടീസ്.

o

സിവിൽ നടപടി നിയമത്തിന്റെ

ആഡർ ൨൧റൂൾ ൩൩, ൩൮, ൪൨, ൪൩,

ചെങ്ങന്നൂർ മുൻസിഫ് കോർട്ടിൽ

൧൧൧൭-മാണ്ട് സിവിൽ ൭൨൬-ാംനമ്പർ

ആദ്യവ്യവഹാരം.

൧൧൨൧-ാംമാണ്ട് വിധിനടത്തുന്ന

പലവക അപേക്ഷനമ്പർ. ൧൬൩

വാദികൾ—൧. തിരുവനന്തപുരം അയിരാണിമുട്ടം പകുതിയിൽ നെടുംകാട്ടിൽ പൂന്തോപ്പുവീട്ടിൽ താമസം ശൌരിപെരുമാൾപിള്ള കണക്കു രാമകൃഷ്ണപിള്ള. ൨. ടിയിൽ, വൈദ്യപ്പുവല്ലിയമ്മാൾ ചെമ്പകം അമ്മാൾ.

പ്രതികൾ—൧. വടക്കേക്കരപകുതിയിൽ, തിട്ടമേൽ മുറിയിൽ, പറയരുപറമ്പിൽ, ആത്മമിത്രം പ്രസ്സ് ഇട്ടിരിക്കുന്ന കെട്ടിടത്തിൽ താമസം ഉമയാററുകരമുറിയിൽ, നമ്പൂമഠത്തിൽ വീട്ടിൽ അബ്രഹാം മറിയാമ്മ. ൨. മാവേലിക്കര തഴക്കരപകുതിയിൽ, തഴക്കരമുറിയിൽ, വിലനിലത്തു പിലിപ്പോസ് എന്നു വിളിച്ചുവരുന്ന തോമ്മസ് ശമുവേൽ. ൩. ടിയിൽ താമസം മറിയാമ്മ മകൾ തങ്കമ്മ.

ടി, ൧-൨-൩-പ്രതികളെ

തെര്യപ്പെടുത്തുന്നതു്.

ടി നമ്പരിൽകൊണ്ട വസ്തു ൨-ാംവാദിക്കുകൂടെ വേണ്ടി ൧-ാംവാദിക്കു ടി പ്രതികളിൽനിന്നും ഒഴിപ്പിച്ചു കൊടുപ്പിക്കണമെന്നു ൧-ാംവാദി അപേക്ഷിച്ചതനുസരിച്ചു ൧൧൨൨-ാംമാണ്ടു കുംഭമാസം ൨൮-ാം തീയതി സ്ഥലത്തു ഹാജരായി വസ്തു ഒഴിപ്പിച്ചുകൊടുക്കുന്നതിനു ആമ്യൻ ഉത്തരവുകൊടുത്തിരിക്കുന്നതിനാൽ വിവരം തെര്യപ്പെടുത്തിയിരിക്കുന്നു.

ഉത്തരവും പ്രകാരം

ഹെഡ്ഗുമസ്തൻ (ഒപ്പ്)

൧൨൨൨-ാംമാണ്ട് കുംഭമാസം ൨-ാംനു-

—o—

ചേർത്തല പ്രിൻസിപ്പാൾ

മുൻസിഫ് കോർട്ടിൽ

1121 സിവിൽ നമ്പ്ര—3.

വാദി—അരൂർ പകുതി അരൂർ മുറിയിൽ ചെരുത്തുടി കന്നുമേൽനിന്നും തൈക്കാട്ടുശേരി നടുഭാഗം മുറിയിൽ കണ്ണന്തറ മാളികയിൽ താമസിക്കും ലക്ഷ്മിയമ്മ ഗൌരിയമ്മ.

4-ാംപ്രതി—അരൂർ പകുതി അരൂർ മുറിയിൽ ചുണ്ടോഴത്തു താമസിക്കും നെട്ടവിളാകത്തുവീട്ടിൽ അച്ചുതൻനായരുടെ ഭാര്യ മീനാക്ഷിയമ്മ.

മേൽപറഞ്ഞ പ്രതിയുടെ മേൽ വാദി വ്യവഹാരം ബോധിപ്പിച്ചിരിക്കയാൽ അതിനുത്തരം ബോധിപ്പിക്കാനായി 1122-ാമാണ്ട കുംഭമാസം 27-ാം തിയതി ചൊവ്വാഴ്ച പകൽ 11 മണിക്കു ഈ കോർട്ടുമുമ്പാകെ പ്രതിതന്നെയോ അല്ലങ്കിൽ വ്യവഹാരത്തെകുറിച്ചു ചോദിക്കുന്ന സാരമായ എല്ലാം ചോദ്യങ്ങൾക്കും ഉത്തരം പറവാൻ തക്കവണ്ണം വേണ്ടുന്ന അറിവു കൊടുക്കപ്പെട്ടതൊ അല്ലങ്കിൽ ആവക എല്ലാം ചോദ്യങ്ങൾക്കും ഉത്തരം പറവാൻ ശേഷിയുള്ള മററുവല്ല ആളോടുകൂടി വരുന്നതൊ ആയ ക്രമപ്രകാരം അധികാരപ്പെടുത്തിയ കോർട്ടുവക്കീൽ മുഖാന്തിരമൊ ഹാജരായിരിക്കയും വേണം.

മേൽപറഞ്ഞ ദിവസം പ്രതി ഹാജരാകാതിരുന്നാൽ പ്രതിയെകൂടാതെ വാദസംഗതികളെ നിശ്ചയപ്പെടുത്തുന്നതും ആകുന്നു.

ഉത്തരവിൻ പ്രകാരം

ഹെഡ്ഗുമസ്തൻ (ഒപ്പ്)

1122 കുംഭം 3-ാംതീയതി.

—o—

## സിവിൽപലവക ഹർജി വിചാരണ നിശ്ചയിച്ചു, തീയതിയെക്കുറിച്ചു എതൃകക്ഷിക്കു നോട്ടീസ്

—o—

പറവൂർ മുൻസിഫ്കോർട്ടിൽ.

൧൧൦-ാമാണ്ട സി ൪൮൭.

വിധിതീർകാരൻ—ചെങ്ങമനാട്ടു പകുതി ആലുവാ രായമ്മേൽ ദേശത്തു കൊച്ചുവീടായ മങ്ങാട്ടുവീട്ടിൽ കേശവൻ ഗോവിന്ദപ്പിള്ള.

വാദി—ടി ദേശത്തു നല്ലാടത്തുമനയ്ക്കൽ രാമൻ ശങ്കരനാരായണൻനമ്പൂരി.

പ്രതികൾ—൨. കൊച്ചീശീമ ൫-ാം നമ്പർ ചൊവ്വരവില്ലേജ് ടി ദേശത്തു ബാലപറമ്പിൽ പെരിങ്ങാട്ടുപരിയത്തു ഊരാൻ. ൩. ടിയിൽ പരിയത്തു മഹമ്മതു്. ൪. തുരുത്തുമ്മൽകായിൽ മാറാക്കടിപറമ്പിൽ കാതരു ഊരാൻ.

ടി വാദിയേയും പ്രതികളേയും

തെര്യപ്പെടുത്തുന്നതു്.

തീർകാരനെ കൂട്ടൽവാദിയായി കക്ഷിചേർക്കാൻ ഉത്തരവുണ്ടാകണമെന്നും മററും തീർകാരൻ ബോധിപ്പിച്ചിരിക്കുന്ന ൧൧൨൨-ാമാണ്ട് ഇ. പി. ൪൬൩-ാംനമ്പർ ഹർജിസംഗതി ൧൧൨൨-ാമാണ്ട കുംഭമാസം ൨൩-ാംനു- വിചാരണയ്ക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസംപകൽ ൧൧ മണിക്കു കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജൻറോ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെ കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം

ഹെഡ്ഗുമസ്തൻ (ഒപ്പ്)

൧൧൨൨-ാമാണ്ട് കുംഭമാസം ൩-ാംനു-

—o—

## പരസ്യം

ചേർത്തല പ്രിൻസിപ്പാൾ

മുൻസിഫ് കോർട്ടിൽ

൧൧൨൧ സിവിൽ നമ്പ്ര ൧൨൭൮.

വാദി:—തുറവൂർ വടക്കുപകുതി കോടന്തുരുത്തു മുറിയിൽ വാളത്താററുനിന്നും ചെത്തിക്കാട്ടു താമസം ആയ്യൻ ഭാസ്കരൻ നായർ.

൨-ാംപ്രതി—ചേർത്തല വടക്കുംമുറിയിൽ ചെങ്ങനുഴ മഠത്തിൽ താമസിക്കും കുണ്ടേലററ വെങ്കിടേശ്വരമല്ലൻ കൃഷ്ണൻ മല്ലൻ.

മേൽപറഞ്ഞ പ്രതിയുടെമേൽ

വാദി വ്യവഹാരം ബോധിപ്പിച്ചിരിക്കയാൽ അതിനുത്തരം ബോധിപ്പിക്കാനായി ൧൧൨൨-ാമാണ്ട് കുംഭമാസം ൨൭-ാം തീയതി പകൽ ൧൧ മണിക്കു ഈ കോർട്ടുമുമ്പാകെ പ്രതിതന്നെയോ അല്ലങ്കിൽ വ്യവഹാരത്തെക്കുറിച്ചു ചോദിക്കു സാരമായ എല്ലാം ചോദ്യങ്ങൾക്കും ഉത്തരം പറവാൻ തക്കവണ്ണം വേണ്ടുന്ന അറിവു കൊടുക്കപ്പെട്ടതോ അല്ലങ്കിൽ ആവക എല്ലാം ചോദ്യങ്ങൾക്കും ഉത്തരം പറവാൻ ശേഷിയുള്ള മററുവല്ല ആളോടുകൂടി വരുന്നതൊ ആയ ക്രമപ്രകാരം അധികാരപ്പെടുത്തിയ കോർട്ടുവക്കീൽ മുഖാന്തിരമൊ ഹാജരായിരിക്കയും വേണം.

മേൽപറഞ്ഞ ദിവസം പ്രതി ഹാജരാകാതിരുന്നാൽ പ്രതിയെകൂടാതെ വാദസംഗതികളെ നിശ്ചയപ്പെടുത്തുന്നതും ആകുന്നു.

ഉത്തരവിൻ പ്രകാരം

ശിരസ്തദാർ (ഒപ്പ്)

1122-ാമാണ്ട് കുംഭമാസം 9-ാനു-

—o—

## പരസ്യം

—o—

B II

കൊല്ലം ജില്ലാക്കോർട്ടിൽ
൧൧൨൨ അസ്സൽ ൩൯.

വാദികൾ—എഴുകോൺ പകുതിയിൽ തുപ്പലഴികത്തുമുറിയിൽ തെങ്ങുവിളയിൽ അബ്രഹാം തോമസ് കത്തനാർ. ൨. കുന്നത്തൂർപകുതിയിൽ മാനാമ്പുഴമുറിയിൽ കൈരേത്തുവീട്ടിൽ ഉമ്മൻ മത്തായി.

പ്രതികൾ—൧. കുന്നത്തൂർപകുതിയിൽ കടമ്പനാട്ടുവടക്കുമുറിയിൽ പള്ളിവാതുക്കൻ തെരുവത്തു ഈശോകത്തനാരു മത്തായികത്തനാരു്. ൨. ടി മുറിയിൽ പള്ളിവാതുക്കൽ താഴേതിൽനിന്നും കൊല്ലം ജില്ലാക്കോടതിയിൽ വ്യവഹരിക്കുന്ന അഡ്വക്കേറ്റ് മി. ററി. ജി. മാത്യൂ. ൩. ടി മുറിയിൽ പ്ലാമൂട്ടിൽ കോരുതു കോശി. ൪. ടി മുറിയിൽ മാത്തിലഴികത്തു പുത്തൻവീട്ടിൽ കുഞ്ഞുകോശി മാത്തൻ.

ടി പ്രതികളെയും കടമ്പനാട്ടു യാക്കോബായ മാർത്തോമസ്സ് പള്ളിയിടവകയിൽപ്പെട്ട മററു സകല ജനങ്ങളേയും തെര്യപ്പെടുത്തുന്നതു്.

മലങ്കര യാക്കോബായ സുറിയാനി സഭാംഗങ്ങളായ കടമ്പനാട്ടു് മാർത്തോമസ് യാക്കോബായ സുറിയാനിപള്ളിഇടവകക്കാരുടെ പ്രതിനിധികൾ എന്നനിലയിൽ വാദികൾ ഈ വ്യവഹാരം ബോധിപ്പിച്ചു നടത്തിക്കൊണ്ടുപോകുന്നതിനും കത്തോലിക്കോസ്സ് സഭയെ സംബന്ധിക്കുന്നതിനും ആയി അവരുടെ പ്രതിനിധികൾ എന്നനിലയിൽ പ്രതികൾ ഈ കേസിൽ ഉത്തരം ബോധിപ്പിച്ചു നടത്തുന്നതിനും അനുവദിക്കണമെന്നും മററും ബോധിപ്പിച്ചിരിക്കുന്ന ഹർജിയെപ്പററി ആർക്കെങ്കിലും വല്ല ആക്ഷേപവും ഉണ്ടെങ്കിൽ ൧൧൨൨ കുംഭമാസം ൨൩-ാംനു പകൽ ൧൧ മണിക്കു് ഈ കോടതിയിൽ ഹാജരായി ബോധിപ്പിച്ചുകൊള്ളണം.

ഉത്തരവിൻപ്രകാരം
ശിരസ്തദാർ (ഒപ്പ്)

കൊല്ലം, ൧൧൨൨ കുംഭം ൮-ാംനു

—o—

### സിവിൾ പലവക ഹർജിവിചാരണ നിശ്ചയിച്ച തീയതയെക്കുറിച്ചു എതൃകക്ഷിക്കു നോട്ടീസ്സ്

—o—

Order XXI R. 20

കൃഷ്ണപുരം മുൻസിഫ്കോർട്ടിൽ
൧൧൨൮ സിവിൽ ൭൦

വാദി—പെരിനാട്ടു പകുതിയിൽ ചങ്ങൻകുളങ്ങര മുറിയിൽ ചങ്ങൻകുളങ്ങര മഹാദേവരു മനുഷ്യമായസമുദായം ടി ദേവസ്വം ഭരണവും മനുഷ്യവും ആയ ടി മുറിയിൽ കിഴക്കേമഠത്തിൽ പാലക്കാട്ടു എന്നുകൂടി വീട്ടുപേരുള്ള കുന്നത്തുനാട്ടുതാലൂക്ക ചെമ്മനാട്ടുപകുതിയിൽ മരങ്ങാട്ടുള്ളികായിൽ പുറപ്പെരു ഇല്ലത്തു നാരായണൻ നീലകണ്ഠൻ നമ്പൂരിരി.

പ്രതികൾ—൩. പെരിനാട്ടു പ്രയാർ തെക്കുംമുറിയിൽ കണിയാന്തറ എന്നു പറയുന്ന കവറാട്ടു കൊളന്ത പാത്തുമ്മാക്കുഞ്ഞു് ൪. ടിയിൽ കൊളന്ത ആസ്യാഉമ്മാ ൫. ടിയിൽ കൊളന്ത അയിഷാ ൬. ടിയിൽ കൊളന്ത വീവി ൭. ടിയിൽ കൊളന്ത പാത്തുമ്മാ ൮. ടിയിൽ കൊളന്ത സെയിനബാ.

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്

വിധിനടത്താൻ ഉത്തരവുണ്ടാകണമെന്നും മററും ക്രു: വാദിബോധിപ്പിച്ചിരിക്കുന്ന ൧൧൨൧-ാമാണ്ടു് സിവിൽ പലവക ൨൧൬-ാംനമ്പർ ഹർജിസംഗതി ൧൧൨൨-ാമാണ്ടു് കുംഭമാസം ൨൩-ാംനു വിചാരണ വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൧ മണിക്കു കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജൻറാ ഈ കോർട്ടിൽ ഹാജരായി ആക്ഷേപംവല്ലതും ഉണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളണം അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെക്കൂടാതെ ഹർജി തീർച്ച ചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)

൧൧൨൨ കുംഭം ൧൦-ാംനു

—o—

## പരസ്യം

—o—

ആററിങ്ങൽ മുൻസിഫ്കോർട്ടിൽ
1109 സി 661

വാദി—2. ഇടവാപകുതിയിൽ ടി ദേശത്തു കിണററവിളാകം പുരയിടത്തിൽ പാത്തുമ്മാ ബീവി ആസ്യത്തുബീവി.

പ്രതി—ചടയമംഗലം പകുതിയിൽ ഇടയന്തൂർ മുറിയിൽ കളിയിലഴികത്തുവീട്ടിൽ ഷേക്കു അബ്ദുൽക്കാതിരു മുഹമ്മദു അബ്ദുൽകാതിരു.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്

ടി നമ്പർ വിധിസംഖ്യക്കുവേണ്ടി അയിരൂർ പകുതിയിൽ സർവ്വെ 1518 ൽ 70 സെൻറുള്ള ഇടിഞ്ഞവിള തൊടിപുരയിടം എന്നു ഡിക്രിയിൽ വിവരിച്ചിരിക്കുന്ന ചിററാപ്രകാരം ഇടിഞ്ഞവിളപുരയിടം കിഴക്കരുക് 1-ാം വൃക്ഷങ്ങളും കൂടി ഒൻപതിനായിരത്തി ഇരുന്നൂററിമുപ്പത്തിനാലെമുണ്ടാണി പണമായി 122 കുംഭം 27-ാംനു പകൽ ഒന്നരമണിക്കു ഈ കോടതിമുഖാന്തിരം വച്ചു പരസ്യമായി ലേലത്തിൽ വില്പിക്കപ്പെടുമെന്നുള്ളവിവരം ഇതിനാൽ പരസ്യപ്പെടുത്തുന്നതാകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)

12—7—1122

—o—

## പരസ്യം

—o—

ചങ്ങനാശേരി മുൻസിഫ്കോർട്ടിൽ
൧൧൨൨ സിവിൾ നമ്പർ. ൭൦

വാദി—വാഴപ്പള്ളി കിഴക്കുംഭാഗം പകുതിയിൽ ടി മുറിയിൽ നാലുപറമ്പിലായ പുതുപ്പറമ്പിൽ അപ്പിച്ചനാചാരി നാരായണൻആചാരി.

വക്കീൽ പി. കെ. പത്മനാഭപിള്ള.

പ്രതി—മുളകുളംപകുതിയിൽ കീരിക്കാട്ടുമുറിയിൽ രാമപുരത്തു ചന്ദ്രമംഗലത്തുവീട്ടിൽ പാക്കും പി. ജി. നായർ എന്നുവിളിക്കുന്ന പി. ഗോപാലൻനായർ.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്.

മേൽനമ്പർ അന്യായസംഗതി സംബന്ധിച്ചു് ടി പ്രതിക്കു് പലപ്രാവശ്യവും സമൻസ് അയച്ചതിൽ മനഃപൂർവ്വം കൈപ്പററാതെ മടങ്ങിവന്നിട്ടുള്ളതും ഇനിയും കേസു വിചാരണയ്ക്കു് ൧൧൨൨ കുംഭം ൨൬-ാം തീയതിക്കു് വച്ചിരിക്കുന്നതും ആകയാൽ ഈ നമ്പർ സംഗതി സംബന്ധിച്ചു് ടി പ്രതിക്കു് എന്തെങ്കിലും തർക്കമുണ്ടെങ്കിൽ അന്നേദിവസം പകൽ ൧൧ മണിക്കു് ഈ കോടതിയിൽ ഹാജരായി ബോധിപ്പിച്ചു കൊള്ളേണ്ടതും അല്ലാത്തപക്ഷം ടി പ്രതിയെക്കൂടാതെ കേസു തീരുമാനിക്കുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)

൧൧൨൨ കുംഭം ൧-ാംനു

—o—

## പ്രതിസമൻസ്

—o—

കാഞ്ഞിരപ്പള്ളി മുൻസിഫ് കോർട്ടിൽ
൧൨൨—ൽ സിവിൾ നമ്പർ ൮൪

വാദി—കാഞ്ഞിരപ്പള്ളി വടക്കപകുതിയിൽ തമ്പലക്കാട്ടുമുറിയിൽ വട്ടക്കാട്ടുനിന്നും പൊൻകുന്നം ചന്തയിൽ കച്ചവടം ജോസഫ് ഇട്ടിയവിരാ.

പ്രതി—ചങ്ങനാശേരി പകുതിയിൽ ടി മുറിയിൽ ചങ്ങനാശേരി ചന്തയിൽ കച്ചവടം കരിമററം വീട്ടിൽ ജെ. സ്കറിയാ (കരിമററം ജെ. സ്കറിയാ)

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്.

മേൽനമ്പർ അന്യായസംഗതിക്കു പ്രതിക്കു പലപ്രാവശ്യവും സമൻസയച്ചതിൽ പ്രതി മനഃപൂർവ്വം കൈപ്പററാതെ മടക്കിഅയച്ചിരിക്കുന്നതിനാൽ മേൽനമ്പർ അന്യായസംഗതിയെപ്പററി പ്രതിക്കു വല്ല തർക്കവും ഉള്ളപക്ഷം വിചാരണദിവസമായ ൧൧൨൨ കുംഭം ൨൩-ാംനു പകൽ ൧൧ മണിക്കു പ്രതി തന്നെയോ നിയമപ്രകാരം അധികാരപ്പെടുത്തിയ വക്കീൽമുഖാന്തിരമോ ഈ കോടതിയിൽ ഹാജരായി തർക്കം ബോധിപ്പിച്ചുകൊള്ളേണ്ടതും അല്ലാത്തപക്ഷം പ്രതിയെ എക്സ് പാർട്ടിയാക്കി കേസു തീരുമാനിക്കുന്നതുമാണെന്നുള്ള വിവരം ഇതിനാൽ അറിയിച്ചിരിക്കുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)

—o—

## പരസ്യം

—o—

ആലപ്പുഴ ജില്ലാക്കോർട്ടിൽ
൧൨൨ D. R. P. നമ്പ്ര ൧൦.

ഹർജിക്കാരൻ—കാർത്തികപ്പള്ളി പകുതിയിൽ പുതുക്കുണ്ടംമുറിയിൽ ഇളങ്ങളത്തു അബ്ദുർഗ്ഗമാൻകുഞ്ഞു സെയ്തുമുഹമ്മദുകുഞ്ഞു്.

എതൃഹർജിക്കാരൻ—കൊച്ചി കണയന്നൂർ താലൂക്കു മട്ടാഞ്ചേരി വില്ലേജ് ചിറളായി മുറിയിൽ തെക്കേ ചിറളായിൽ കൊച്ചി തിരുമലദേവസ്വം കിഴക്കേ നടയിൽ കച്ചവടം യോഗ്യപ്പൈ ലക്ഷ്മണപ്പൈ.

ടി എതൃഹർജിക്കാരനെ തെര്യപ്പെടുത്തുന്നതു്.

മേൽനമ്പരിൽ ഹർജിക്കാരനുള്ള സ്വത്തുക്കളുടെ നാലിൽ ഒന്നുവീതം തിരിച്ചുകൊടുക്കുന്നതിനും നാലിൽ മൂന്നുഭാഗം കൊണ്ടു കടബാദ്ധ്യതകൾ തീർത്തു കൊടുപ്പിക്കുന്നതിനു തനിക്കുള്ള കടത്തിൻെറയും ധനത്തിൻെറയും വിവരപ്പട്ടിക സഹിതം ൧൧൩-ലെ ൨-ാം ൩-ാം ആക്ററ് ൧൩-ാം വകുപ്പിൻപ്രകാരം ഹർജിക്കാരൻ ബോധിപ്പിച്ചിട്ടുള്ള ഹർജിയെപ്പററി വല്ല തർക്കവും പറവാനുണ്ടെങ്കിൽ ഹർജി വിചാരണദിവസമായ ൧൧൨൨-ാമാണ്ടു കുംഭമാസം ൨൩-ാംനു പകൽ ൧൧ മണിക്കു ഈ കോർട്ടുമുമ്പാകെ ഹാജരായി ബോധിപ്പിച്ചുകൊള്ളേണ്ടതും ഇല്ലെങ്കിൽ അപേക്ഷപ്രകാരം നാലിൽ ഒന്നു സ്വത്തു ഹർജിക്കാരനു തിരിച്ചുകൊടുക്കുന്നതിനു ഉത്തരവു കൊടുക്കുന്നതാണെന്നുള്ള വിവരം ഇതിനാൽ തെര്യപ്പെടുത്തിയിരിക്കുന്നു.

ഉത്തരവിൻ പ്രകാരം
ശിരസ്തദാർ (ഒപ്പ്)

൧൧൨൨ ധനുമാസം ൧-ാംനു

—o—

## പരസ്യനോട്ടീസ്സ്

—o—

സിവിൾനടപടിനിയമത്തിൻെറ ആർഡർ ൨൧ റൂൾ ൬൬ വകുപ്പ്
വൈക്കംമുൻസിഫ്കോർട്ടിൽ
൧൦൪ സി. ൧൩൪-ാംനമ്പർ

കൂട്ടത്തൽ വാദി—വൈക്കം കിഴക്കുംചേരിമേൽ തെക്കേമുറിയിൽ മാറക്കാട്ടുമഠത്തിൽ നാരായണയ്യൻമഹാദേവയ്യൻ

പ്രതികൾ—൨ വൈക്കം മൂത്തേടത്തുകാവുമുറിയിൽ ഇളക്കാററുചിറയിൽ ചിറയിൽ അവുസേപ്പുചാക്കോ, ൪ ടിയിൽ അവുസേപ്പുപാപ്പു, ൫ ടിയിൽ അവുസേപ്പുകേളര

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്

ടി നമ്പർപട്ടികവസ്തു ലേലത്തിൽ വില്പിച്ചു വിധിസംഖ്യ ഈടാക്കിക്കൊടുപ്പിക്കണമെന്നു വിധിയുടമസ്ഥൻ അപേക്ഷിച്ചിരിക്കുന്നതും പരസ്യത്തിൽ അടങ്ങേണ്ട വിവരങ്ങളെപ്പററിയും മററും വ്യവസ്ഥപ്പെടുത്തുന്നതിനു ൧൧൨൨-ാമാണ്ടു കുംഭമാസം ൨൬-ാംനു-യ്ക്കു അവധി നിശ്ചയിച്ചിരിക്കുന്നതുമാകയാൽ വിവരം തെര്യപ്പെടുത്തിയിരിക്കുന്നു.

ഉത്തരവുംപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)

൧൧൨൨-ാമാണ്ടു മകരമാസം ൨൫-ാംനു

—o—

## പ്രതിസമൻ

—o—

തിരുവല്ലാ മുൻസിഫ കോർട്ടിൽ.
൧൨൧ സി ൫൧൧.

വാദി—തലവടി ആനപ്രാമ്പാ വടക്കേമുറിയിൽ നെട്ടങ്ങാട്ടുമഠത്തിൽ കുളത്തു അയ്യൻ അയ്യാവയ്യൻ.

൩-ാംപ്രതി—ടി മുറിയിൽ പള്ളത്തിൽ വറുഗീസു ഐസക്ക്.

ടി പ്രതിക്കു്.

മേൽനമ്പരിൽ ൩-ാംപ്രതിക്കു സമൻസു അയച്ചതിൽ മടങ്ങിവന്നിരിക്കുന്നതിനാൽ അടുത്ത വിചാരണദിവസമായ ൧൨൨ കുംഭം ൨൮-ാംനു പകൽ ൧൧ മണിക്കു് ഈ കോർട്ടുമുൻപാകെ ഹാജരായി ആക്ഷേപം വല്ലതുമുണ്ടെങ്കിൽ ബോധിപ്പിക്കാത്തപക്ഷം ടി പ്രതിയെ കൂടാതെ ടി നമ്പ്രകേസ് തീരുമാനിക്കുന്നതാകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)

൧൨൨ മകരം ൨൩-ാംനു

—o—

## പ്രതിസമൻസ്

ചെങ്ങന്നൂർ മുൻസിഫ് കോർട്ടിൽ
൧൨൨—സി—൬൨.

വാദി—വടക്കേക്കരപകുതിയിൽ കീഴ്ച്ചേരിമേൽ മുറിയിൽ ചിററൂർ യോഹന്നാൻ ചെറിയാൻ.

പ്രതി—൨. മല്ലപ്പുഴശേരി പകുതിയിൽ കോഴഞ്ചേരി മുറിയിൽ ഷാപ്യവീട്ടിൽ കുര്യൻ കുര്യൻ.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്.

മേൽനമ്പരിൽ വാദി ടി പ്രതിയുടെമേൽ വ്യവഹാരപ്പെട്ടിരിക്കയാൽ അതിലേക്കു ഉത്തരം ബോധിപ്പിക്കാനായി ടി പ്രതിയോ അധികാരപ്പെടുത്തപ്പെട്ട വക്കീലോ വിചാരണദിവസമായ ൧൨൨ കുംഭമാസം ൨൩-ാംനു പകൽ ൧൧ മണിക്കു ഈ കോർട്ടുമുമ്പാകെ ഹാജരായിക്കൊള്ളേണ്ടതാകുന്നു. അപ്രകാരം ഹാജരാകാത്തപക്ഷം ടി പ്രതിയെ കൂടാതെ ടി നമ്പർ തീരുമാനിക്കുന്നതാകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)

൨-൬ ൧൧൨൨

—o—

## എതൃകക്ഷിക്കു നോട്ടീസ്

R. 21/20

കോട്ടയം മു-കോ.

൧൧൫-ാമാണ്ടു സിവിൾ ൧൮൯.

വാദി—തിരുവിതാംകൂർ നാഷണൽകായിലോൺബാങ്ക് Ltd, in Liquidation

പ്രതി—കോതമംഗലം പകുതിയിൽ കോതമംഗലം അങ്ങാടിയിൽ ഇലഞ്ഞിക്കൽവീട്ടിൽ ചെറിയാൻ കുരുവിള്ള്.

പ്രതിയെ തെര്യപ്പെടുത്തുന്നതു്.

വിധിനടത്താൻ ഉത്തരവുണ്ടാകണമെന്നും മററും വാദി ബോധിപ്പിച്ചിരിക്കുന്ന ൧൧൨൧-ാമാണ്ടു് സിവിൾ ൮൪-ാം നമ്പർ ഹർജിസംഗതി ൧൧൨൨ മാണ്ടു് കുംഭമാസം ൨൨-ാംനു വിചാരണയ്ക്കുവച്ചിരിക്കുന്നതിനാൽ അന്നേദിവസംപകൽ ൧൧ മണിക്കു കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജൻേറാ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതുമുണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെ കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)

൧൧൨൨-ാമാണ്ടു് മകരമാസം ൨൮-ാംനു

—o—

### സിവിൾപലവകവിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ചു് എതൃകക്ഷിയ്ക്കു നോട്ടീസ്

—o—

മാവേലിക്കര മുൻസിഫ്കോർട്ടിൽ
൧൧൨൨ സിവിൾ ൨൧൯-ാംനമ്പർ

ലേലക്കാരൻെറ വിലയാധാരക്കാരി—തൃപ്പെരുന്തുറപകുതിയിൽ ഇരമത്തൂർമുറിയിൽ പുതുപ്പള്ളിവടക്കേതിൽ ഉമ്മൻമറിയാമ്മ

പ്രതി—൧൧ മാന്നാർപകുതിയിൽ കുട്ടമ്പേരൂർമുറിയിൽ പുളിമൂട്ടിൽ കാട്ടിൽ മാത്തുണ്ണിഅബ്രഹാം, ടിയിൽ ടിയാൻെറ മാതാവു മാത്തുണ്ണിഅച്ചാമ്മ

൧൧-ാംപ്രതിയേയും ടിയാൻെറ മാതാവിനേയും തെര്യപ്പെടുത്തുന്നതു്

ടി നമ്പരിൽസന്നതുപട്ടിക ഒന്നുംരണ്ടും നമ്പർ വസ്തുക്കൾ ൧൧-ാംപ്രതിയുടേയും ടിയാൻെറമാതാവിൻേറയുംപക്കൽനിന്നു ആധാരക്കാരിക്കതിയ്യെ നടത്തിക്കൊടുക്കാൻ അനുവദിച്ചുത്തരവുണ്ടാകണമെന്നും മററും ലേലക്കാരനും ആധാരക്കാരിയുംചേർന്നു ബോധിപ്പിച്ചിരിക്കുന്ന ൧൧൨൨-ാമാണ്ടു സിവിൾപലവക ൪൩൭-ാംനമ്പർ ഹർജിസംഗതി ൧൧൨൨-ാമാണ്ടു കുംഭമാസം ൨൬-ാംനു വിചാരണയ്ക്കുവെച്ചിരിക്കുന്നതിനാൽ അന്നേദിവസംപകൽ ൧൧ മണിക്കു കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജൻേറാ ഈ കോർട്ടിൽ ഹാജരായി ആക്ഷേപംവല്ലതുമുണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും അപ്രകാരംചെയ്യാത്തപക്ഷം നിങ്ങളെ കൂടാതെ ഹർജി തീർച്ചചെയ്യുന്നതുമാകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)

൧൧൨൨-ാമാണ്ടു മകരമാസം ൨൮-ാംനു

—o—

ഗ്രന്ഥവിചാരം

# ഉത്തരാസ്വയംവരം

## (കഥകളി)

വ്യാഖ്യാതാവ്, സാഹിത്യകുശലൻ
ടി. കെ. കൃഷ്ണമേനോൻ,
ബി. ഏ. എം. ആർ. ഏ. എസ്.
പ്രകാശകൻ,
എസ്. ആർ. ബുക്കഡിപ്പോ
തിരുവനന്തപുരം.

പാണ്ഡിത്യം, സാംഗോപാംഗതരംഗിതവും, പദവാക്യപ്രമാണപ്രവണവുമായ പാണ്ഡിത്യം ശബ്ദനിഷ്ഠമായ ഗുരുകുലക്ലിഷ്ടതയിൽനിന്നു സമാവർത്തനംചെയ്തു 'സാഹിത്യസേവനത്തിനു സന്നദ്ധമാകുന്ന പതിവ് സമാപിച്ചുകഴിഞ്ഞു. ഇന്നത്തെ സാഹിത്യകാരന്മാരിൽ അക്ഷരത്തെറ്റുകൂടാതെ എഴുതാൻ കഴിയുന്ന എത്രപേരുണ്ടെന്നു അക്കൂട്ടരുടെ കൈയെഴുത്തു പരിശോധിക്കേണ്ടിവന്ന പത്രാധിപസുഹൃത്തുക്കളിൽ പലർക്കും നിത്യത ബോധ്യപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു പരമാർത്ഥം മാത്രമാണ്. സാഹിത്യകാരനാകുന്നതിനു പാണ്ഡിത്യോപസ്ഥിതി ആവശ്യമാണെന്നു പറഞ്ഞാൽ അതു പഴഞ്ചൻവാദം. ഇന്നത്തെ കാര്യാന്തരവ്യഗ്രതയ്ക്കു പാണ്ഡിത്യം പഴഞ്ചരക്കും. എന്നാൽ സാഹിത്യഗ്രന്ഥങ്ങളുടെ സമഗ്രമായ പഠനത്തിനും അതുകൊണ്ടുമാത്രമേ, ആ ശാസനയും ശിക്ഷണവുംകൊണ്ടുമാത്രമേ, വ്യുൽപത്തിദാർഢ്യം ഉണ്ടാകുകയുള്ളുവെന്നു അനവധികാലമായ അനുഭവത്തെ അനുസന്ധാനംചെയ്തുനിൽക്കുന്ന പ്രതിബോധത്തിനെ പ്രമാണമാക്കുന്നവർക്കു പ്രസ്തുതവ്യാഖ്യാന ഗ്രന്ഥങ്ങളെപ്പോലെയുള്ളവയുടെ ആവിർഭാവത്തെ സ്വാഗതംചെയ്യാനാണ് ഉത്സാഹം തോന്നുന്നത്.

പരിണതപ്രജ്ഞനും കാവ്യഭാവനാപരിപക്വബുദ്ധിയുമായ സാഹിത്യകുശലന്റെ വ്യാഖ്യാനമാതൃക അന്വയം അന്വയാർത്ഥം എന്ന പ്രാചീനപന്ഥാവിനെ അതേപടി അനുസന്ധാനംചെയ്തുകൊണ്ടുള്ളതല്ല. എന്നാൽ വൃത്തം, അലങ്കാരം, പ്രത്യയവിഭക്തിതുടങ്ങി അവശ്യവിജ്ഞേയമായകാര്യങ്ങളിൽ ഒന്നിനേയും അദ്ദേഹം വിട്ടിട്ടുമില്ല. ഒരു വ്യാഖ്യാതാവിനു വേണ്ടുന്നവിപുലമായ ഗ്രന്ഥപരിചയം ശ്രീ. മേനവൻ അസാധാരണമാംവിധം വെളിപ്പെടുത്തിനമ്മുടെ ആദരവ് ആർജ്ജിക്കുന്നു. മേദിനി, വിശ്വം, അഭിധാനചിന്താമണിതുടങ്ങി ഇപ്പോഴത്തെ സാഹിത്യകാരന്മാരിൽ പലരും കേട്ടിട്ടേ ഇല്ലാത്ത ശബ്ദകോശങ്ങളെ കൈകാര്യംചെയ്തു അർത്ഥാവബോധം അസന്ദിഗ്ദ്ധമാക്കിത്തീർക്കുന്നു. വൃത്തി, രീതി, പാകം തുടങ്ങിയ സാഹിത്യശാസ്ത്രതത്വങ്ങൾക്കു സന്ദർഭാനുസൃതം പ്രകൃതഗ്രന്ഥത്തിൽനിന്നും ഉദാഹരണങ്ങൾ നിർദ്ദേശിക്കാതെയുമിരിക്കുന്നില്ല. വിഭ്രമമെഴും നിന്റെ കുചവിജിതകുംഭമാം അഭ്രവാരണഖേദം, എന്ന പ്രയോഗത്തിൽ മൂലഗ്രന്ഥകാരനു പറ്റിപ്പോയിരിക്കുന്ന ഇളപ്പം അദ്ദേഹം വെളിപ്പെടുത്താതെയും വിടുന്നില്ല. എന്നാൽ, കേളീരസേന—സ്ത്രീജനങ്ങളോടു, എന്നു (പേജ്ജ് നൂറ്) അർത്ഥം കൊടുത്തുകാണുന്നതിലും പലയിടത്തും അച്ചടിപ്പിഴകൾ സുലഭമായിക്കാണുന്നതിലും വ്യാഖ്യാതാവിന്റെ നിഷ്കർഷക്കുറവാണോ എന്നു സന്ദേഹിക്കേണ്ടിവരുന്നു. കഥകളിപ്രസ്ഥാനത്തെപ്പറ്റി സംക്ഷിപ്തമായിട്ട ഒരു വിശദീകരണം വ്യാഖ്യാതാവ് ആദ്യമായി നൽകുന്നുണ്ട്. അതിൽ ചരിത്രലക്ഷ്യങ്ങളും കഥകളി ഇന്നത്തെ നിലയിൽ എത്തിച്ചേരുന്നതിനകം സംഭവിച്ചിട്ടുള്ള സമ്പ്രദായപരിവർത്തനങ്ങളും ആട്ടത്തിന്റെ വിഭാഗങ്ങളും ഉൾപ്പെടുത്തിക്കാണുന്നു. ഉത്തരാസ്വയംവരം കഥകളിയുടെ കർത്താവായ ഇരയിമ്മൻതമ്പിയുടെ ജീവചരിത്രവും പ്രസ്തുത കൃതിക്കുള്ള പ്രത്യേക വൈശിഷ്ട്യവും ഉത്തരഭാഗമായി ഉൾക്കൊള്ളിച്ചു ഗ്രന്ഥപൂർത്തിയെ സമഞ്ജസപ്പെടുത്തുന്നു. ഈ ശ്രമം തികച്ചും അഭിനന്ദനീയമെന്നു രേഖപ്പെടുത്തിക്കൊള്ളുന്നു. സി. എം. പി,

---

# ആനന്ദഭവനം

—o—

പരിഭാഷകർ,
ഇടയാറന്മുള കെ. എം. വറുഗീസ്,
(ബി. എ. എൽ. ററി.)
എം. എൻ. നിക്കളാസ്
രാഷ്ട്രഭാഷാവിശാരദ്
കലാവിലാസിനിപ്രസിദ്ധീകരണശാല.
തിരുവനന്തപുരം
വില രൂ: ൧.

ശ്രീയുത് സുദർശൻ ഹിന്ദിയിൽ എഴുതിയിട്ടുള്ള ഒരു കഥയുടെ സ്വതന്ത്രവിവർത്തനമാണ് ഇതു്. ഉത്തമാദർശത്തിന്റെ ഉച്ചകോടിയിൽ ഇന്നു വർത്തിക്കുന്ന ഹിന്ദിസാഹിത്യത്തിലെ ലേഖകസമ്രാട്ടായ പ്രേമചന്ദിന്റെ സമസ്കന്ധതവഹിക്കുന്ന ഒരു ദേഹംതന്നെയാണേ ശ്രീയുത് സുദർശൻ. ഈ ഖണ്ഡകഥ അദ്ദേഹത്തിന്റെ പരിവർത്തനത്തിന്റെ വിവർത്തനവുമാണ്. ഹിന്ദിസാഹിത്യകാരന്മാരുടെ ആദർശപരായണത്വം സംസ്കാരകാർക്കശ്യമോ പാണ്ഡിത്യവൈചക്ഷണ്യമോകൊണ്ടു ഒരു അപ്രമേയത സൃഷ്ടിക്കുകയല്ലെന്നും പ്രത്യുത അനുകരണീയവും അനുപേക്ഷണീയവുമായ കർത്തവ്യത്തിലേക്കു നമ്മെ അനുനയിപ്പിക്കുകയും അങ്ങനെ സാഹിത്യത്തിന്റെ മഹത്തായ പ്രേരണാപ്രഭാവത്തിലേക്കു അനപേക്ഷിതമായി അനുവാചകനെ അകപ്പെടുത്തുകയുമാണ് അതു ചെയ്യുന്നത്. നമ്മുടെ സാഹിത്യത്തിലെ വിപ്ലവപ്രസ്ഥാനക്കാർ എന്നു അഭിമാനം കൊള്ളുന്ന പരോസാക്കാർ ശ്രീയുത് സുദർശന്റെ സന്ദേശം ഇപ്രകാരമാണ്.

ഗീത, രാമായണം തുടങ്ങിയ ഉൽകൃഷ്ട ഭാരതീയഗ്രന്ഥങ്ങളായിരുന്നു അവരുടെ ആത്മസുഹൃത്തുക്കൾ. റയിനാൾഡിന്റെ കഥകളിൽ കാണുന്നതുപോലെയുള്ള വക്രതകളോ, ഡ്യൂമായുടെ നോവലുകളിൽ മുഴച്ചുനില്ക്കുന്നതുപോലെയുള്ള കുടിലയുക്തികളോ ഒന്നുംതന്നെ ഈ ഗ്രന്ഥതല്ലജങ്ങളിൽ കാണുവാനില്ലായിരിക്കാം. എന്നാൽ ഇവയിൽ മനുഷ്യജീവിതത്തിന്റെ പരിശുദ്ധവും ഉൽകൃഷ്ടവുമായ ആദർശങ്ങൾ ബുദ്ധിപൂർവ്വം പ്രതിപാദിച്ചിട്ടുണ്ട്. പാശ്ചാത്യസാഹിത്യഗ്രന്ഥങ്ങൾ മുഴുവൻ ഒന്നിച്ചുകൂട്ടി ഇവയിൽ ഏതെങ്കിലും ഒന്നിനോടു മാത്രം തട്ടിച്ചുനോക്കിയാൽ അവ മദ്ധ്യാഹ്നമാർത്താണ്ഡന്റെ മുൻപിൽ പരമാണുസ്ഫുലിംഗങ്ങൾ മാത്രമേ ആയിരിക്കൂ. ആംഗലഭാഷാസാഹിത്യത്തിലെ ലബ്ധപ്രതിഷ്ഠരായ ലേഖകസാമ്രാട്ടുകളുടെ ഉത്തമഗ്രന്ഥസഞ്ചയം ഒന്നാകെ ഇവയിൽ ഏതെങ്കിലും ഒന്നിന്റെ കോണിൽ ഒതുങ്ങാനേയുള്ളു, നമ്മുടെ കുററിപ്പുഴയും, ചങ്ങാമ്പുഴയും, ഏ. ബാലകൃഷ്ണപിള്ളയും തട്ടിവിടുന്ന അഭിപ്രായങ്ങളും ഈ ഹിന്ദിക്കാരന്റെ അഭിപ്രായവും തമ്മിലുള്ള അന്തരം എത്രമാത്രമായിരിക്കുന്നു

ഒരു തനിഭാരതീയന്റെ രക്തമാണ് തന്റെ സിരകളിൽക്കൂടി നിർഗ്ഗളിക്കുന്നതെന്നു ഓർക്കുമ്പോൾതന്നെ അഭിമാനപുളകിതനായിത്തീരുന്ന ഹഴ്സൺ, ആർഷസംസ്കാരത്തിൽനിന്നും വഴുതി ആംഗലേയയുവതിയുടെ ശലഭമേനിയിൽ ചലിഞ്ഞുചേർന്നു നിറം കെടുന്നതും ആ പ്രേമച്ചുരക്കിന്റെ ലേബല്യം അതിന്റെ ബാഹ്യമായ മനോഹാരിതയും പാൽക്കട്ടിയ്ക്കുകത്തായി കാകോളമടക്കുന്ന പാശ്ചാത്യസമ്പ്രദായമാണെന്നു ഒടുവിൽ വെളിപ്പെടുന്നതും കഥാവസ്തുവായി സങ്കല്പിക്കപ്പെടാം. പ്രേമത്തിന്റെ മലീമസമായ ഒരുവശം ആ ആംഗലേയ ഭൂമിയിൽ ദുർവിഷച്ചെടിയായിത്തഴച്ചുവളരുന്നതിനെ കാണിച്ചുതരുന്ന കഥികൻ രൂപചന്ദ്രന്റെയും ദേവകിയുടെയും ഭാരതീയമായ ദാമ്പത്യബന്ധത്തിന്റെ ആദർശസൗഗന്ധ്യം ആ ഭൂമുഖത്തു ആകർഷകമോഹനമാക്കി വ്യാപരിപ്പിക്കുന്നു. അതിന്റെ അനവദ്യമായ വാസന ആംഗലഭൂമിയേയും അതിവർത്തിച്ചു അമേരിക്കയിലേക്കും വ്യാപിക്കുന്നു അങ്ങനെ ഭാരതത്തിന്റെ യശോസൗരഭം ലോകാന്തരങ്ങളിൽ പരന്നരുളുവാൻ തക്കവിധം കഥാഗാത്രത്തെ സൃഷ്ടിച്ചിരിക്കുന്നതിൽ വൃഥാസ്ഥൂലതവരുന്നുമില്ല. ആഖ്യാനരീതിയിൽ പോകുന്ന ഈ കഥപ്രസ്ഥാനത്തിൽ ഭാരതത്തെ, സംബന്ധിച്ചു ചെയ്യേണ്ടിവരുന്ന പ്രസ്താവനകളിൽ ഗ്രന്ഥകാരൻ ആയിരം നാവുള്ള അനന്തനായി രൂപമെടുക്കുംപോലെ തോന്നും. അത്ര മതിവരാത്ത ആവേശം, പറഞ്ഞാൽ മതിവരാത്ത അഭിമാനം അദ്ദേഹത്തിന്റെ ഓരോ വാക്കിലും നിഴലിടുന്നു. അത്ര തീവ്രമായ ഒരു വികാരസൽസഖ്യം അതിൽ ഉരുകിചേർന്നിരിക്കുന്നു. കഥാപ്രസ്ഥാനത്തിൽ വെറും കഴുതയുടെ കാമക്കരച്ചിൽ കേട്ടു കാതുപൊത്തിക്കഴിയുന്ന സഹൃദയന്മാർക്കു ഒരു പുതിയ ഉണർവ് ഈ കഥാഗ്രന്ഥം അരുളാതെ പോകയില്ല. ഇത്തരം ഒരു ഗ്രന്ഥത്തെ ഭാഷാനുവാദം ചെയ്യാനൊരുങ്ങിയതിൽ പരിഭാഷകരെ അഭിനന്ദിക്കേണ്ടതുമാണ്. തർജ്ജമയിൽ അങ്ങിങ്ങു ചില ദേശ്യപദങ്ങൾ നിഷ്കർഷക്കുറവുകൊണ്ടു ചേർന്നുവീണു കാണുന്നു. പൈസാൽക്കതിരുകൾ നരിയിട്ടുവരും, ഇതൊരു പു: സ: പ്രയോഗമായും തോന്നാം. തർജ്ജമയിലെ ഭാഷാപ്രസന്നവും വികാരാനുഗുണവുമായിത്തന്നെ അനുഭവപ്പെടുന്നു. സി. എം. പി.

# അദ്ധ്യാത്മരാമായണം

—o—

(വിവർത്തനം)

വിവർത്തകൻ, എ. കെ. കുഞ്ഞൻരാജാ
പ്രസാധകൻ, സി. വി. കെ. രാജാ
സിക്രട്ടറി—ചിദാനന്ദാശ്രമം ഗുരുവായൂർ.

സംസ്കൃതസാഹിത്യപ്രസിദ്ധമായ ഈ ഇതിഹാസത്തെ ശ്ലോകക്രമമായിത്തന്നെ വിവർത്തനംചെയ്തു ഓരോ ഭാഗമായി പ്രസിദ്ധപ്പെടുത്തിത്തുടങ്ങിയിരിക്കുന്നതാണ് പ്രസ്തുത പ്രസ്ഥാനം. 'രാമാനുജപ്പൈങ്കിളി പാടിയോരു രാമായണത്തിൻ മധുരം' ആസ്വദിച്ചിട്ടുള്ള കേരളീയജിഹ്വകളെ ഈ പുതിയപാകം എത്ര രുചിപ്പിക്കുമെന്നു പറയാറായിട്ടില്ല. ഈ തർജ്ജമയിലെ ഭാഷാരീതിയിൽ അപാകമോ അസ്വാരസ്യമോ അനുഭവപ്പെടുന്നില്ലെന്നു പറയുന്നതിൽ സന്തോഷമുണ്ട്. മൂലഗ്രന്ഥവും തർജ്ജമയുമായി ഒരു താരതമ്യപഠനം ചെയ്യാനുള്ള സാവകാശം ഇല്ലാത്തതിൽ ഖേദിക്കുന്നു. പ്രസാധകന്റെ പ്രവർത്തനത്തിനു നിർവ്വിഘ്നസമാപ്തി ആശംസിച്ചുകൊള്ളുന്നു. സി. എം. പി.

# മദ്രാസ് പത്രിക

—o—

മദ്രാസ് ഗവമ്മെൻറ് ഇൻഫർമേഷൻ വകുപ്പിൽനിന്നും പ്രസിദ്ധീകരിച്ചുതുടങ്ങിയിരിക്കുന്ന മദ്രാസ് പത്രികയുടെ ആദ്യലക്കം അഭിപ്രായത്തിനായി ഇവിടെ അയച്ചു കിട്ടിയിരിക്കുന്നു. പത്രങ്ങളും പ്രസിദ്ധീകരണങ്ങളും ധാരാളം നിലവിലിരിക്കെ മദ്രാസ് ഗവമ്മെൻറ് സ്വന്തമായി ഒരു പ്രസിദ്ധീകരണത്തിനു മുതിർന്നതിന്റെ കാരണം ഒരു ജനകീയഗവമ്മെൻറിന്റെ കർത്തവ്യത്തിൽ അടിയുറപ്പിച്ചുകൊണ്ടുതന്നെ ഇതിൽ പ്രസ്താവിച്ചുകാണുന്നു. ഡാക്ടർ ചേലനാട്ടു അച്യുതമേനോൻ, ശ്രീ കേളപ്പൻ തുടങ്ങിയ പ്രശസ്തവ്യക്തികളുടെ ഉൽകൃഷ്ടചിന്തകൾ, മദ്രാസിലെ പൊതുസ്ഥാപനങ്ങളുടെ ചിത്രങ്ങൾ, വിവിധവിഷയങ്ങളെ വിശദീകരിച്ചുകൊണ്ടുള്ള കുറിപ്പുകൾ എന്നിവ ഈ ലക്കത്തിനെ കൂടുതൽ ആകർഷണീയമാക്കുന്നു. ഗവമ്മെൻറ് അവരുടെ പ്രവർത്തനങ്ങൾ 'യുദ്ധരഹസ്യങ്ങളെപ്പോലെ സൂക്ഷിക്കുന്നതെന്തിനെന്നു' ചോദിക്കുന്ന ഈ പ്രസിദ്ധീകരണം ജനകീയതാല്പര്യത്തിനു ലഭിച്ചിരിക്കുന്ന ഒരു വലിയ വിജയംതന്നെയാണ്. ആ വിശ്വാസത്തിൽ ഇതിനു സകല കുശലങ്ങളും ആശംസിക്കുകയും ചെയ്യുന്നു. സി. എം. പി.

# തൃശ്ശിനാപ്പള്ളി കേരളാ ക്ലബ്ബ് യോഗം

തൃശ്ശിനാപ്പള്ളി, ഫെബ്ര 29—തൃശ്ശിനാപ്പള്ളി കേരളാക്ലബ്ബിന്റെ ഒരു പൊതുയോഗം ഈ മാസം 23-ാംനു-ഞായറാഴ്ച, വൈകുന്നേരം മി: പി. ആർ. മേനോന്റെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. വാർഷികറിപ്പോർട്ടും വരവുചെലവുകണക്കുകളും അംഗീകരിക്കപ്പെട്ടു. ഭാഷയെ അടിസ്ഥാനമാക്കിയുള്ള പ്രവിശ്യാവിഭജനത്തിൽ സ്വതന്ത്രവും സംയുക്തവും പ്രജാധിപത്യഭരണത്തിൽ അടിയുറച്ചതുമായ ഒരു ഐക്യകേരളം സ്ഥാപിക്കണം എന്ന പ്രമേയം മി: എൻ. മാധവൻനായർ അവതരിപ്പിക്കുകയും അതു് ഐകകണ്ഠ്യേന സ്വീകരിക്കപ്പെടുകയും ചെയ്തു. അടുത്ത കൊല്ലത്തേയ്ക്കുള്ള പ്രവർത്തകസമിതി അംഗങ്ങളെയും തെരഞ്ഞെടുത്തു. ക്യാപ്ററൻ പി. കെ. നമ്പ്യാർ അദ്ധ്യക്ഷൻ ലഫ്ററനൻറ്. യൂ. സി. സുരേന്ദ്രനാഥ്. ഉപാദ്ധ്യക്ഷൻ. മി. എൻ. മാധവൻനായർ കാര്യദർശി മി: കെ. കൃഷ്ണൻനായർ ഖജാൻജി. മെസ്സേഴ്സ്. പി. ആർ. മേനൻ, വി. സി. ചാക്കോ, പത്മനാഭൻനായർ. വേണുഗോപാൽ. ജേക്കബ് ജാർജ്ജ്. അംഗങ്ങൾ.

ശൈശവദശയിൽമാത്രം കഴിയുന്ന പ്രസ്തുത ക്ലബ്ബിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കി, ആശാസ്യമായ ഒരു നിലയിൽ എത്തിച്ചേർക്കുന്നതിനുവേണ്ടി മൂന്നു അംഗങ്ങളുള്ള ഒരു പ്രത്യേക സമിതികൂടി രൂപീകരിക്കപ്പെട്ടു.

—o—

---

# ഭിക്ഷു

കെ. കെ. ശങ്കരവാര്യർ ബി. ഏ. ചെങ്ങന്നൂർ

നേരത്തെയെത്തണംപൂന്തോത്തിറുക്കുവാൻ
നേരംപുലന്നാൽ പരാജയം പൂണ്ടിടും.
ക്രൂരിരുട്ടത്താനഞ്ഞാരാമഭൂവിലെ
കോരകംപോലുമാരോഹരിച്ചിടിനാൻ
വാടിക്കരിഞ്ഞുപോയീടുമെന്നോരാതെ
പാടുപെട്ടീടുന്ന പൂമാല തീർക്കുവാൻ.
ഉഗ്രമാം നിദ്രയിൽനിന്നു വിമുക്തനായ്
ജാഗ്രത്തിലെത്തുവാൻ വൈകിയ കാരണം
എന്നെ വെടിഞ്ഞിട്ടു പാഥേയവുംകൊണ്ടു
മുന്നോട്ടു പോയങ്ങു ബന്ധുക്കളേവരും.
മന്നിന്റെ കാരുണ്യസമ്പത്തളക്കുവാൻ
മണ്പാത്രമൊന്നാണെനിക്കു ലഭിച്ചതും
നീരാനിറഞ്ഞങ്ങു വിങ്ങിത്തുളുമ്പുന്ന
വാരിധീതീരത്തു നിന്നുകൊണ്ടാർത്തനായ്.
പിന്നെയും പിന്നെയും തണ്ണീരുമുക്കിലും
ശൂന്യമാണെന്നുടെ കൈക്കുമ്പിളെപ്പൊഴും
പാനീയകാംക്ഷയാലെന്നന്തരാത്മാവു്
ദീനമായ് കേഴട്ടെ കേൾക്കുവാനാരുവാൻ?.
വാസരം നീറണം സന്ധ്യാ വധൂടിയ്ക്കു
ധൂസരമൌലിയിൽ കുങ്കുമം ചാർത്തുവാൻ
അർത്ഥിക്കയില്ല ഞാനാരോടും ഭാവിയിൽ
വ്യർത്ഥമാണെന്നുടെ കാരുണ്യയാചനം.
രിക്തമാം മാമകപാത്രം നിറയ്ക്കുമാ—
രക്തമാം വാരിയാലന്തിക്കതിരവൻ
ദുർവ്വഹഭാരങ്ങൾ പേറുവാൻ നിത്യവും
ഉർവ്വിയിലെന്തിനു ബദ്ധപ്പെടുന്നു ഞാൻ.
പാരിന്നുമക്കരെ തോണിയിൽ പോകുവാൻ
ഭാരം സമസ്തവും കൈവെടിഞ്ഞീടണം
കാത്തിരിക്കുന്നു ഞാനെന്നേയുംകൊണ്ടങ്ങ്
പാർത്തലം പിന്നിടും വാസരം വന്നിടാൻ.

# മഹാത്മജി

—ം—

### ബീഹാറിലേക്കു്

ഹെയിംചാർ മാർച്ച് ൨—തന്റെ ഉത്തമസ്നേഹിതനായ ഡാക്ടർ സയദ് മഹമ്മദിന്റെ ക്ഷണപ്രകാരമാണ് ബീഹാറിലേക്ക പോകുന്നതെന്നും ഒരു ചെറിയ സന്ദർശനത്തിനുശേഷം നവഖലി, ടിപ്പറാഡിസ്ട്രിക്ടുകളിലേക്ക താൻ പോരുന്നതാണെന്നും രണ്ടു സമുദായങ്ങളും തമ്മിൽ ഏതാണ്ടെയ്ക്യം ഉണ്ടാകാതെ താൻ സ്ഥലംവിടുന്നതല്ലെന്നും ഗാന്ധിജി പ്രാർത്ഥനാവേളയിൽ പ്രസ്താവിച്ചിരിക്കുന്നു.

### ഗാന്ധിജി ചാന്ദ്പൂരിൽ

ചന്ദ്പൂർ, മാ: 1—ഉച്ചതിരിഞ്ഞു ൨ മണിയ്ക്കു് ഹെയിംചാറിൽനിന്നു പുറപ്പെട്ടു് മഹാത്മാഗാന്ധി 3. 45 ന് ഇവിടെ എത്തിയിരിക്കുന്നു. ബീഹാറിലേയ്ക്കുള്ള യാത്രയിൽ അദ്ദേഹം ഇന്നുരാത്രി സോഡ്പരിലേയ്ക്കു തിരിക്കുന്നു. എ. പി.

—ം—

## സോഷ്യലിസ്റ്റ് കാൺഫറൻസ് പരസ്യസമ്മേളനം

—ം—

### ജനറൽ സെക്രട്ടറി അവതരിപ്പിച്ച പ്രമേയം

കാൺപൂർ, മാർച്ച് ൧—ഇന്ത്യൻ ദേശീയതയെ തകർക്കുവാൻ സാധിക്കുകയില്ലെന്നു ബ്രിട്ടീഷുകാർക്കു ഇപ്പോൾ സമ്മതിക്കേണ്ടിവന്നിരിക്കുന്നുവെന്നും ഐ. എൻ. ഏ പ്രസ്ഥാനവും ൧൯൪൨-ലെ സമരവും കൊണ്ടു നമ്മുടെ ശക്തി അവർക്കു പ്രകടമാക്കിക്കൊടുത്തുവെന്നും തങ്ങൾ രാജ്യം വിടേണ്ടിവരുമെന്ന മനസ്സിലാക്കുവാൻ ബ്രിട്ടൻ നിർബന്ധിതമായെന്നും അഖിലേന്ത്യാ സോഷ്യലിസ്റ്റ്കക്ഷിയുടെ അഞ്ചാമത്തെ പരസ്യസമ്മേളനത്തിന്റെ രണ്ടാം ദിവസത്തെ പൊതുയോഗത്തിൽ ഇന്ത്യൻ നാട്ടുരാജ്യങ്ങളെപ്പറ്റിയുള്ള പ്രമേയം അവതരിപ്പിച്ചുകൊണ്ടു് സോഷ്യലിസ്റ്റ്കക്ഷി ജനറൽസെക്രട്ടറിയായ മി: അച്യുത്പട്ടവർദ്ധനൻ പ്രസ്താവിക്കയുണ്ടായി. ഇന്ത്യയിൽ മറ്റെവിടെയുമുള്ളപോലെ ഇന്ത്യൻനാട്ടുരാജ്യങ്ങളിലും ജനങ്ങളുടെ പരമാധികാരഅവകാശങ്ങൾ അസന്നിദ്ധമായതരത്തിൽ അംഗീകരിക്കപ്പെടേണ്ടതാണെന്ന് പ്രമേയത്തിൽ പ്രസ്താവിച്ചിരിക്കുന്നു. എല്ലാം നാട്ടുരാജ്യങ്ങളിലും വ്യക്തിയുടെ ഭരണം ഉടനടി അവസാനിപ്പിക്കുകയും പരിപൂർണ്ണമായ പൗരസ്വാതന്ത്ര്യം സ്ഥാപിക്കുകയും ജനങ്ങളിലേയ്ക്കു് പരിപൂർണ്ണമായ അധികാരം കൈമാറുകയും ചെയ്യണമെന്നും പ്രമേയത്തിൽ ആവശ്യപ്പെട്ടിരിക്കുന്നു. (എ. പി)

—ം—

## പഞ്ചാബ് കാൺഗ്രസ്സിലെ വിവിധവിഭാഗങ്ങൾ

—ം—

### രാജിയിൽ എത്തിച്ചേർന്നു

ലാഹൂർ, മാർച്ച് ൧—പഞ്ചാബ് കാൺഗ്രസ്സ് അസംബ്ലികക്ഷിയിലെ രണ്ടു മത്സരവിഭാഗങ്ങൾ തമ്മിൽ അടുത്തവർഷത്തേക്കുള്ള കക്ഷിനേതാവിന്റെ തിരഞ്ഞെടുപ്പു നടത്തുന്ന കാര്യത്തിൽ ഒരു രാജിയിൽ എത്തിച്ചേർന്നിരിക്കുന്നു. ബഡ്ജററ്സമ്മേളനം കഴിയുന്നതുവരെ തിരഞ്ഞെടുപ്പുകൾ മാററിവയ്ക്കണമെന്നു മി. സച്ചാറിനോടു നിർദ്ദേശിച്ചുകൊണ്ടുള്ള ഒരു കമ്പി മൗലാനാ ആസാദിൽനിന്നു മി, സച്ചാറിനു ലഭിക്കയുണ്ടായി. അതേത്തുടർന്നു മി. സച്ചാറും ഡാക്ടർ ഗോപിചന്ദ്ഭാർഗ്ഗവയും സേതു് സുദർശനും നാളെ ഡെൽഹിയിലെത്തണമെന്നു മൗലാനായും സർദാർ പട്ടേലും ആഗ്രഹിക്കുന്നതായി മി. സച്ചാറിനെ അറിയിച്ചുകൊണ്ടുള്ള ഒരു ടെലഫോൺകാളും മൗലാനായുടെ പ്രൈവററ് സെക്രട്ടറിയിൽ നിന്നുണ്ടായിരുന്നു. അതിന്റെ ഫലമായി രണ്ടു വിഭാഗങ്ങളും തിരഞ്ഞെടുപ്പു മാററിവയ്ക്കുന്നതിനോടു യോജിച്ചു. ഇതു അംഗീകരിക്കുന്ന ഒരു പ്രമേയവും കക്ഷിയോഗത്തിൽ പാസാക്കി. (എ-പി)

—ം—

# കാൺസംബ്ലിയിലെ സ്റ്റേററ്സ്പ്രതിനിധികൾ

## "ജനങ്ങൾക്കു പ്രകൃതിപോലെ തിരഞ്ഞെടുക്കാം

ന്യൂഡെൽഹി, മാർച്ച് ൨—കാൺസംബ്ലിയുടെയും നരേന്ദ്രമണ്ഡലത്തിന്റെയും സിക്രട്ടറിയകൾ ഒന്നിച്ചു പുറപ്പെടുവിച്ചിരിക്കുന്ന ഒരു കമ്മ്യൂണിക്കേയിൽ ഇങ്ങനെ പറയുന്നു:—

നരേന്ദ്രമണ്ഡലം നെഗോഷ്യേററിംഗുകമ്മിററിയും, കാൺസംബ്ലി നെഗോഷ്യേററിംഗുകമ്മിററിയും അവരുടെ കൂടിയാലോചനകൾ ഇന്നു രാവിലെ അവസാനിപ്പിച്ചിരിക്കുന്നു. അവർ പൊതുവേ സീററുവിഭജനത്തെപ്പററി രണ്ടു സിക്രട്ടേറിയററുകളുടെയും ശുപാർശകൾ അംഗീകരിച്ചിട്ടുണ്ടു്. സ്റ്റേററ്സിന്റെ പ്രതിനിധികളിൽ ൫൦ ശതമാനത്തെ നിയമസഭകളിൽനിന്നോ, നിയമസഭകൾ ഇല്ലാത്ത സ്റ്റേററുകളിൽ ഇലക്ടോറൽ കാളജുകളോ തിരഞ്ഞെടുക്കേണ്ടതാണെന്നും ജനകീയമായ ഈ ക്വോട്ടായെ കഴിയുന്നതു വർദ്ധിപ്പിക്കാൻ സ്റ്റേററുകൾ ശ്രമിക്കണമെന്നും തീരുമാനിക്കപ്പെട്ടു. തുച്ഛമായ ഭേദഗതികൾ വരുത്തുന്നതിനുവേണ്ടി താഴെ പറയുന്നവർ ഉൾപ്പെട്ട ഒരു കമ്മിററിയെക്കൂടി നിയമിക്കയും ചെയ്തിരിക്കുന്നു—ഡാ: പട്ടാഭി സീതാരാമയ്യാ, സർ എൻ. ഗോപാലസ്വാമിഅയ്യങ്കാർ, സർ വി. ററി. കൃഷ്ണമാചാരി, സർ സുൽത്താൻ അഹമ്മദ്, സർ ബി. എൻ. റാവു, മിർസാക്ബൂൾ അഹമ്മദ്, മി. എച്ച്. വി. ആർ. അയ്യങ്കാർ.

മേല്പറഞ്ഞ തീരുമാനങ്ങൾ സ്റ്റേററ്സ് നെഗോഷ്യേററിംഗുകമ്മിററി രാജാക്കന്മാരുടെയും രാജപ്രതിനിധികളുടെയും ഒരു യോഗത്തിൽ അംഗീകരണത്തിനായി സമർപ്പിക്കുന്നതാണു്. കമ്മിററിയോഗം അത്യന്തം സൗഹാർദ്ദപൂർവം നടന്നതായി പ്രസ്താവിക്കപ്പെടുന്നുമുണ്ടു്. (എ-പി)

—ം—

## ബ്രിട്ടനോടു് അക്രമം പാടില്ല

അലഹബാദ്, ഫെ: 28—കാൺഗ്രസ് ത്യാഗത്തിന്മേലാണു കെട്ടിപ്പടുത്തിട്ടുള്ളതെന്നും, അതു് ഉപേക്ഷിച്ചാൽ ജനങ്ങൾക്കു സ്വരാജ് നൽകാൻ സാധിക്കയില്ലെന്നും, ഡൽഹിയിൽ അധികാരം പിടിച്ചടക്കിയാൽ സ്വരാജ് ആകയില്ലെന്നും, ഗ്രാമപ്പഞ്ചായത്തുമൂലമുള്ള ഭരണത്തിലാണു് സ്വരാജ് അധിഷ്ഠിതമായിരിക്കുന്നതെന്നും, നമ്മുടെ ഏററവും വലിയ അപകടം അക്രമബുദ്ധിയാണെന്നും, ബ്രിട്ടനോടുള്ള അക്രമം തമ്മിൽതമ്മിലുള്ള അക്രമമായിത്തീരുമെന്നും കാൺഗ്രസ്പ്രസിഡൻറ് താക്കീതു നൽകിയിരിക്കുന്നു.

—ം— (എ-പി)

## മി: സുധീർഘോഷ് ഇംഗ്ലണ്ടിലേക്കു തിരിച്ചു

ന്യൂഡെൽഹി, മാർച്ച് ൧—ലണ്ടനിലെ ഇന്ത്യൻഗവമ്മേൻറിന്റെ പബ്ലിക് റിലേഷൻസ് ആഫീസറായി നിയമിക്കപ്പെട്ടിരിക്കുന്ന മി: സുധീർഘോഷ് ഇന്നു വിമാനമാർഗ്ഗം ഇംഗ്ലണ്ടിലേക്കു തിരിച്ചിരിക്കുന്നു. ഇന്ത്യൻഹൈക്കമ്മീഷണരുടെ സംഘടനയിൽ രൂപവൽക്കരിക്കപ്പെടുന്ന പബ്ലിക് റിലേഷൻസ് വകുപ്പിന്റെ മേധാവിയായിരിക്കും മി: ഘോഷ്.

(എ-പി)

—ം—

## ആചാര്യ കൃപലാനി കൊച്ചിയിൽ

തൃശൂർ, മാർച്ച് 1—മാർച്ച് 16-ാംനു ആചാര്യ കൃപലാനി കൊച്ചി സന്ദർശിക്കുന്നതാണെന്നു് കെ. പി. സി. സി. സിക്രട്ടറി കൊച്ചി പ്രജാമണ്ഡലത്തെ അറിയിച്ചിരിക്കുന്നു. (എ-പി)

—ം—

## കാൺഗ്രസ്സ്‌വർക്കിങ്ങ് കമ്മററിയോഗം

ന്യൂഡൽഹി മാർച്ച് ൨—കാൺഗ്രസ്സ് വർക്കിങ്ങ്കമ്മററി മാർച്ച് ൬-ാം തീയതി കൂടുന്നതാണു്. (എ. പി.)

—ം—

## ഗ്രീസിനു സൈപ്രസ് ദ്വീപു വേണം

—ം—

### ഗ്രീക്കു് നാഷനൽ അസംബ്ലിയുടെ തീരുമാനം

ആതെൻസ് ഫെ: ൨൮—ഇന്നു നടന്ന വാദപ്രതിവാദത്തിൽ ഗ്രീക്കു് നാഷനൽ അസംബ്ലി സൈപ്രസ്സിനെ ഗ്രീസിനോടു് ചേർക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള തീരുമാനം ഹർഷാരവത്തോടെ പാസാക്കുകയുണ്ടായി. സൈപ്രസ്സിനെ ഗ്രീസിനോടു ചേർക്കുകയെന്നതു് ഗ്രീക്കുനേഷന്റെ സർവസമ്മതമായ അഭിലാഷമാണെന്നു് പ്രധാനമന്ത്രി എം. ഡെമെബ്രിയോസ് മാക്സിമോസ് ഇന്നു ചേംബറിൽ പ്രസ്താവിച്ചു. ൧൮൭൮ മുതൽ ബ്രിട്ടൻ വച്ചുകൊണ്ടിരിക്കുന്ന സൈപ്രസ്ദ്വീപിന്റെ കാര്യം തീരുമാനിയ്ക്കുവാൻ ബ്രി: ഗവമ്മേൻറുമായി ഗ്രീക്കുഗവമ്മേൻറ് സൗഹാർദ്ദസംഭാഷണങ്ങൾ ആരംഭിക്കണമെന്ന ഒരു പ്രമേയവും പാസ്സാക്കുകയുണ്ടായി.

—ം—

## കമ്മ്യൂണിസ്ററുകൾ ഇന്ത്യാക്കാരല്ല

—ം—

### സോഷ്യലിസ്റ്റ് സമ്മേളനം

കാൺപോർ, മാ: 1—അഖിലേന്ത്യാ സോഷ്യലിസ്റ്റ് കക്ഷിയുടെ സമ്മേളനം ഇന്നു ഇവിടെ ആരംഭിച്ചിരിക്കുന്നു. ജാതിമതാദിഭിന്നതകളില്ലാത്ത ഒരു ജനകീയരാജ് സ്ഥാപിക്കുകയാണ് സോഷ്യലിസ്റ്റ് കക്ഷിയുടെ ഉദ്ദേശമെന്ന് അദ്ധ്യക്ഷൻ ഡാക്ടർ രാമമനോഹരലോഹിയാ പ്രസ്താവിച്ചു. ബ്രിട്ടീഷ് പ്രസ്താവനയെപ്പററി അദ്ദേഹം പറഞ്ഞതു് ഇന്ത്യൻ ഐക്യത്തെ ബ്രിട്ടീഷുകാർ തകർക്കുകതന്നെ ചെയ്യുമെന്നാണ്. പ്രസ്തുത ഐക്യം പുലർത്തുന്നതിനുവേണ്ടി ജനങ്ങൾ ഏകീഭവിക്കേണ്ടിയിരിക്കുന്നു.

സോഷ്യലിസ്റ്റ് കക്ഷിയുടെ "കാൺഗ്രസ്" എന്ന വിശേഷണം ഉപേക്ഷിച്ചതുകൊണ്ടു് കാൺഗ്രസ്സുമായി സോഷ്യലിസ്റ്റ് കക്ഷിക്ക് വിരോധമുണ്ടെന്നു കരുതിക്കൂടെന്നു അദ്ദേഹം പറയുന്നു,

കമ്മ്യൂണിസ്റ്റ്കളെ വിമർശിച്ചുകൊണ്ടു് അദ്ദേഹം പറഞ്ഞതു് അവർ ഇന്ത്യാക്കാരല്ല എന്നാണ്. എ. പി.

—ം—

## തിരുവനന്തപുരം

കുംഭം ൧൮—അഖിലേന്ത്യാ ഫുട്ബാൾ ടൂർണ്ണമെൻറിൽ ഇന്നുവൈകുന്നേരം തിരു: ഗോൾഡ് ഈഗിൾസും, വിശാഖപട്ടണം ഫുട്ബാൾ അസോസ്യേഷൻ ടീമും തമ്മിൽ നടന്ന ആദ്യത്തെ കളി ഡ്രാണായി പിരിഞ്ഞു. തുടർന്ന് കൊല്ലം അത്‌ലററിക്ക് അസോസ്യേഷനും മധുര ടി. വി. എസ്സ്. ഗ്രീൻസും തമ്മിൽ കളിച്ചതിൽ രണ്ടു ടീമും ഓരോ ഗോളടിച്ചു് സമനിലയിൽ പിരിഞ്ഞു. നാളെ ടി. വി. എസ്സും കൊല്ലവും ടീമുകൾ തമ്മിൽ വീണ്ടും കളിക്കുന്നതാണ്

### സ്റ്റേ: കാ. പ്രവർത്തക സമിതിയോഗം

സ്റ്റേററുകാൺഗ്രസ്സ് പ്രവർത്തകസമിതി യോഗം ഈ വരുന്ന ചൊവ്വാഴ്ച, ഉച്ചയ്ക്കു് ൧൨ മണിയ്ക്കു് സ്ഥലം സെൻട്രൽ ആഫീസിൽവച്ചു കൂടുവാൻ തീരുമാനിച്ചിരിക്കുന്നു. സ്വ. ലേ.

—ം—

# മദ്രാസ് ബഡ്ജററ്

—ം—

### ൩൦൦൦-ക. മിച്ചം

മദ്രാസ്, മാർച്ച് ൧—൧൯൪൭-൪൮-ലേക്ക് അവതരിപ്പിച്ചിരിക്കുന്ന ബഡ്ജററിൽ ൩൦൦൦ രൂപയുടെ ഒരു ചെറിയമിച്ചം ഉണ്ടു്. ഉദ്ദേശിക്കപ്പെടുന്ന നികുതിവരവ് ൨൪൯,൭,൬൮൦൦൦ രൂപയും, ചെലവ് ൪൯,൬,൮൧൦൦൦ രൂപയുമാണ്. കുതിരപ്പന്തയത്തിൽ വാതുകെട്ടുന്നതിനെ (മദ്രാസിലും ഉട്ടാക്കമണ്ടിലും) തടയാൻ ഗവമ്മേണ്ടു് തീരുമാനിച്ചിരിക്കുകയാണ്. തന്നിമിത്തം വാതു-നികുതിയിനത്തിൽ ഗവമ്മേണ്ടിനു ൧൮൪൦൦൦ രൂപ നഷ്ടമുണ്ടു്.

അടുത്ത ആഗസ്റ്റിൽ ഇലക്ട്രിക്കസപ്ലൈ കാർപ്പറേഷൻ ഗവമ്മേണ്ടു് ഏറെറടുക്കാൻ നിശ്ചയിച്ചിരിക്കുന്നു. പൊതുമാർക്കററിൽ ഒരു ഭീകടം എടുക്കാനും ഗവമ്മേണ്ടു തീരുമാനിച്ചിട്ടുണ്ടു്. മൂലധനം, കടങ്ങൾ എന്നീ ഇനങ്ങളിൽ ചെലാക്കുന്നതിനുവേണ്ടി കേന്ദ്രഗവമ്മേണ്ടിൽനിന്നും കടമെടുക്കുന്നതാണെന്നു പ്രധാനമന്ത്രി പ്രസ്താവിച്ചു. (എ-പി)

—ം—

### വിദ്യാർത്ഥികളോടു ക്ഷമായാചനം ചെയ്തു

ചന്ദ്രനഗരം, ഫെ: ൨൬—രണ്ടുദിവസത്തിനുമുമ്പു് ഒരു വിദ്യാർത്ഥിപ്രകടനത്തെ പിരിച്ചുവിട്ട ഫ്രഞ്ചുസൈനികപോലീസിന്റെ അക്രമപ്രവൃത്തിക്കു് പോലീസ് കമ്മിഷണർ വിദ്യാർത്ഥികളോടു ക്ഷമായാചനം ചെയ്തിരിക്കുന്നു. പാണ്ടിച്ചേരിയിൽ ഒരു ജനക്കൂട്ടത്തെ പോലീസ് വെടിവച്ചതിൽ പ്രതിഷേധിച്ചാണു വിദ്യാർത്ഥികൾ പ്രകടനം നടത്തിയതു്. ഏകദേശം ൨൦൦൦ വിദ്യാർത്ഥികൾ പോലീസ് സ്റ്റേഷന്റെ മുൻവശത്തു സത്യാഗ്രഹം നടത്തുകയുണ്ടായി. മേയറും ഫ്രഞ്ചു് ഇന്ത്യൻ അസംബ്ലി പ്രതിനിധികളും ഉൾപ്പെട്ടതിന്റെ ഫലമായി പോലീസ്കമ്മിഷണർ വിദ്യാർത്ഥികളോടു ക്ഷമായാചനം ചെയ്യുകയുണ്ടായി. (എ-പി)

—ം—

## ഡാ: ഖട്ജുവിന്റെ പ്രസംഗം

ആഗ്രാ, മാർച്ച് ൧—ആഗ്രാ സർവ്വകലാശാലാകാൺവൊക്കേഷനിൽ ഡാ: കൈലാസനാഥഖട്ജു ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു:—ഒരു ഏകീകൃതമായ ഇന്ത്യ എന്നതു് ചരിത്രപരമായ ഒരാവശ്യമാണ്. ഒരു കേന്ദ്രാധികാരത്തിൽ മറെറാന്നിലേക്കുള്ള അധികാരകൈമാററം ഇടയ്ക്കു വിടവുകളൊന്നുമില്ലാതെ ഉടനടി തന്നെ സമാധാനപരമായി നടക്കാൻ പോകുന്നു. ഒരു വിടവില്ലാതാക്കാൻ സാധിക്കുന്നെങ്കിൽ അതു നമ്മുടെ രാജ്യതന്ത്രജ്ഞതയുടെ സാമർത്ഥ്യംകൊണ്ടായിരിക്കും. കിഴക്കും പടിഞ്ഞാറുംനിന്നു നമ്മെയെല്ലാം വിഴുങ്ങാൻപോകുന്ന ഒരു ദുർഘടസന്ധിയിൽ ഇന്ത്യ ഇനിയും സ്വാതന്ത്ര്യമാതൃകയും തത്വങ്ങളുംകൊണ്ടു മനുഷ്യരാശിയെ രക്ഷിച്ചെന്നു വരാവുന്നതാണ്. എ. പി)

—ം—

## മി. മേനോൻ ബാങ്കാക്കിൽ

ബാങ്കാക്ക് മാർച്ച് ൧—ചൈനയിലെ ഇന്ത്യൻ അംബാസഡർ മി: കെ. പി. എസ്. മേനോൻ തന്റെ കുടുംബത്തോടും, സ്റ്റാഫിനോടുംകൂടി നാങ്കിങ്ങിലേക്കു പോകുംവഴി ഇവിടെ എത്തിയിരിക്കുന്നു. ഇന്നു രാത്രി അദ്ദേഹം ഇവിടുത്തെ ഇന്ത്യൻകാൺസലിന്റെ അതിഥിയാണ്. നാളെ അദ്ദേഹം സെയ്ഗാണിലേക്കു പുറപ്പെടുന്നു.

—ം—

## മരതകക്കല്ലുകൾ

മദ്രാസ് മാർച്ച് 2—ലോകത്തിലേക്കു ഏററവും നല്ല മരതകക്കല്ലുകൾ വലിയതോതിൽ ഇന്ത്യയിൽ ഉല്പാദിപ്പിക്കാവുന്നതാണെന്നു് സർ സി. വി. രാമൻ പ്രസ്താവിക്കുന്നു. (എ. പി)

—ം—

# കൊച്ചി തയ്യാർ

—o—

## കാൺസംബ്ലിയിൽ ചേരുവാൻ

ന്യൂഡൽഹി, മാർച്ച് ൮—കാൺസംബ്ലി ആവശ്യപ്പെടുമ്പോൾ അതിൽ ചേരാൻ കൊച്ചി തയ്യാറാണെന്ന് കൊച്ചിയിലെ കാൺസ്റ്റിറ്റ്യൂഷനൽ അഡൈ്വസറി കമ്മിററിയുടെ ചെയർമാൻ മി. പനമ്പിള്ളി ഗോവിന്ദമേനോൻ പ്രസ്താവിച്ചിരിക്കുന്നു. ഇന്ത്യയ്ക്കു ഒരു ഭരണവ്യവസ്ഥ തയ്യാറാക്കുന്നതിനെ വിളംബിപ്പിക്കണമെന്നു കൊച്ചി വിചാരിക്കുന്നില്ലെന്നും, അക്കാര്യത്തിൽ ഇന്ത്യൻനേതാക്കന്മാരെ സഹായിക്കാൻ കൊച്ചിയ്ക്കു സന്തോഷമുണ്ടെന്നും അദ്ദേഹം തുടർന്നു. ഉടൻതന്നെ അസംബ്ലിയിൽ ചേരുന്നതു പ്രയോജനകരമാണെങ്കിൽ കൊച്ചി അങ്ങനെ ചെയ്യുന്നതാണ്. കാലവിളംബത്തിനുള്ള യാതൊരു ശ്രമവും കൊച്ചിക്ക് ഇഷ്ടമല്ല. ഇന്ത്യയിലെ ദേശീയതാപക്ഷത്തിൽ ചേരണമെന്നാണ് കൊച്ചിയുടെ ആഗ്രഹം. "ഞങ്ങൾക്കു വൈഷമ്യങ്ങളൊന്നുമില്ല. ഉടനടിതന്നെ ഉത്തരവാദിത്വഭരണം സ്ഥാപിക്കുന്നതാണെന്നു പ്രഖ്യാപിക്കപ്പെട്ടിട്ടുമുണ്ട്."

കാൺസംബ്ലിയിലെ കൊച്ചീ പ്രതിനിധികളെ കൊച്ചീനിയമസഭയിലെ അനൗദ്യോഗസ്ഥമെമ്പറന്മാർ തിരഞ്ഞെടുക്കുന്നതാണെന്നുള്ള മഹാരാജാവുതിരുമനസ്സിലെ പ്രസ്താവനയെ അദ്ദേഹം അനുസ്മരിച്ചു. കാൺസംബ്ലിയുടെ നെഗോഷ്യേറ്റിംഗ് കമ്മിററിയുമായി നേരിട്ട് ആലോചിക്കാൻ തിരുമേനി അദ്ദേഹത്തെ അധികാരപ്പെടുത്തിയിരിക്കുന്നു. ൮ ലക്ഷത്തിൽപരം ജനസംഖ്യയുള്ള കൊച്ചീക്ക് ഒരു പ്രതിനിധിയെ മാത്രമേ അനുവദിച്ചിട്ടുള്ളു. ഒരു സീററുകൂടി കിട്ടുന്നതിനുവേണ്ടി മി: മേനോൻ നരേന്ദ്രമണ്ഡലത്തോടും കാൺസംബ്ലി നെഗോഷ്യേറ്റിംഗ് കമ്മിററിയോടും അപേക്ഷിച്ചിട്ടുണ്ട്.

വിവിധ സ്റ്റേറ്റുകൾ തമ്മിൽ സീററുകൾ വീതിക്കുന്നതിനുള്ള നരേന്ദ്രമണ്ഡലം സബ്കമ്മിററിയിൽ മി: മേനോനെ ഒരംഗമായി നിയമിച്ചിരിക്കുന്നു. ഇന്നലെ അദ്ദേഹം ക്ഷണം അനുസരിച്ച് കാൺസംബ്ലി നെഗോഷ്യേറ്റിംഗ് കമ്മിററിയിൽ ഹാജരായിരുന്നു. (എ-പി)

—o—

## വിദ്യുച്ഛക്തിസപ്ലൈ നിയന്ത്രണം

—o—

### വ്യവസായത്തെ സംബന്ധിച്ചിടത്തോളം നീക്കുന്നു

ലണ്ടൻ, മാർച്ച് ൮—ലണ്ടനിലും തെക്കുകിഴക്കേ ഇംഗ്ലണ്ടിലുമുള്ള അത്യാവശ്യമല്ലാത്ത വ്യവസായങ്ങൾക്കു വിദ്യുച്ഛക്തി സപ്ലൈ ചെയ്യുന്നതു സംബന്ധിച്ചുണ്ടായിരുന്ന നിരോധനം മാർച്ച് ൬-ാംതീയതി തിങ്കളാഴ്ചമുതൽ നീക്കം ചെയ്യുന്നതാണ്. വീട്ടാവശ്യങ്ങൾക്കും വ്യവസായേതരആവശ്യങ്ങൾക്കും (ഷാപ്പുകൾ, ആഫീസുകൾ, ഹോട്ടലുകൾ, വിനോദശാലകൾ തുടങ്ങിയവ) വിദ്യുച്ഛക്തി നിരോധിച്ചിരിക്കുന്നതു തുടർന്നു നിലവിലിരിക്കുന്നതാണ്.

ലീഡ്സിൽ പലയിടത്തും ഭയങ്കര മഞ്ഞുപെയ്ത്തുകൾ ഉണ്ടായ ഇന്നലത്തെ നിശാവേളയെത്തുടർന്ന് ഇന്നുപകൽ സമയവും ബ്രിട്ടൻ ഒട്ടാകെ മഞ്ഞുവീഴുകയുണ്ടായി. ഇന്നുകാലത്തു മറെറാരു കൊടുങ്കാററാരംഭിച്ചു. യാക്ക്ഷയറിൽ റെയിലും റോഡും ഗതാഗതം വീണ്ടും ശിഥിലീഭവിച്ചു. ലീഡ്സും ലിവർപൂൾ ക്യനാലും മഞ്ഞുറഞ്ഞുകിടക്കുന്നതുകൊണ്ട് കൽക്കരി ബാർജ്ജുകൾ നിശ്ശേഷം തടയപ്പെട്ടിരിക്കുന്നു. വടക്കുകിഴക്കേ ഇംഗ്ലണ്ടിലും സ്കാട്ട്ലൻറിലും ലണ്ടൻ വടക്കുകിഴക്കേ റെയിൽവേയുടെ ശാഖാലൈയിനുകൾ ഇപ്പോഴും തടയപ്പെട്ടിരിക്കുകയാണ്. വടക്കുള്ളതുപോലെ ലണ്ടനിൽ അത്ര തണുപ്പുണ്ടായിരുന്നില്ല.

—o—

# അവസാന വൈസ്രായിയുടെ കർത്തവ്യം

## പിൻമാറുന്നതിനുമുൻപ് പ്രബലദേശീയ ഗവമ്മെണ്ടിനെ അധികാരം ഏൽപിക്കുക

ലണ്ടൻ, മാർച്ച് ൮—അടുത്ത ജൂണിനകമുള്ള ൮ മാസത്തിനുള്ളിൽ അവസാനമായി അധികാരം കൈമാററംചെയ്യുന്നതിനുള്ള സകല യത്നവും നടത്തുകയായിരിക്കും ബ്രിട്ടൻ ചെയ്യാൻപോകുന്നതെന്നും, പിന്മാററം ഏതായാലും നിശ്ചയിച്ചുറച്ചുകഴിഞ്ഞിരിക്കുന്നു എന്നും ലണ്ടനിലെ രാഷ്ട്രീയകേന്ദ്രങ്ങൾ വിചാരിക്കുന്നു.

ഔദ്യോഗികനയത്തിൻെറ ഒരംശമെന്ന നിലയിൽ അന്തിമനിമിഷംവരെ ബ്രിട്ടൻ ഒരു ഭരണവ്യവസ്ഥ തയ്യാറാക്കുന്നകാര്യത്തിൽ ഐക്യം ഉളവാക്കുന്നതിനുവേണ്ടി ഇന്ത്യൻരാഷ്ട്രീയകക്ഷികളെ സഹായിക്കുന്നതാണ്.

മിക്കവാറും അവസാനത്തെ വൈസ്രായിയായ അഡ്മിറൽ ലൂയി മൗണ്ട് ബാററൻപ്രഭു താമസിയാതെതന്നെ ഡൽഹിയിലേക്കു പുറപ്പെടുന്നതാണ്. ബ്രിട്ടീഷ്പിൻമാററം സംഘടിപ്പിച്ചു തയ്യാറാക്കുകമാത്രമായിരിക്കയില്ല അദ്ദേഹത്തിൻെറ ജോലിയെന്നും, ഒരു പ്രബലവും, ദൃഢവുമായ ദേശീയഗവമ്മെണ്ടിലേക്കു അധികാരം കൈമാററം ചെയ്യുന്നതിനുവേണ്ടി അദ്ദേഹം സ്വീകരിക്കുന്ന സകല നടപടികളിലും, അഥവാ ഏതെങ്കിലും നടപടികളിലും ബ്രിട്ടീഷ്ഗവമ്മെണ്ടിൻെറ പിൻതുണയുണ്ടായിരിക്കുമെന്നും പറയപ്പെടുന്നു. (റായിട്ടർ)

## സ്റ്റേററ് കാൺഗ്രസ്സ് മഹായോഗം

—o—

### ശ്രീ പട്ടത്തിൻെറ പ്രസംഗം

തിരു: കുംഭം ൮—ഇന്നലെ വൈകുന്നേരം ൬ മണിക്ക് കഴക്കൂട്ടം റെയിൽവേ സ്റ്റേഷനു സമീപമുള്ള മൈതാനത്തുവച്ച് സ്റ്റേററ് കാൺഗ്രസ്സിൻെറ ആഭിമുഖ്യത്തിൽ ഒരു പൊതുമഹായോഗം കൂടുകയുണ്ടായി. ഒരു വമ്പിച്ച ജനക്കൂട്ടം യോഗസ്ഥലത്തു ഹാജരുണ്ടായിരുന്നു. ശ്രീ പട്ടം താണുപിള്ള ആദ്ധ്യക്ഷം വഹിച്ചു. നേരത്തെ അദ്ദേഹം പട്ടം കാർത്തികോദയം ട്യൂട്ടോറിയൽ കാളേജിൻെറ വാർഷികയോഗത്തിൽ ആദ്ധ്യക്ഷം വഹിക്കുകയുണ്ടായി.

കർഷകരും തൊഴിലാളികളും ഉൾപ്പെട്ട സാമാന്യജനങ്ങളുടെ രക്ഷയ്ക്കുവേണ്ടിയാണ് സ്റ്റേ: കാ: നിലകൊള്ളുന്നത് എന്നു പ്രസ്താവിച്ചുകൊണ്ടാണ് ശ്രീ പട്ടം തൻെറ കഴക്കൂട്ടത്തെ പ്രസംഗം ആരംഭിച്ചത്. അദ്ദേഹം ഇപ്രകാരം തുടർന്നു:—വിദ്യാഭ്യാസമില്ലാതെയും ആഹാരമില്ലാതെയും ആരോഗ്യത്തോടുകൂടി ജീവിക്കാൻ നിവൃത്തിയില്ലാതെയും വിഷമിക്കുന്ന സാമാന്യജനങ്ങളെ ഉയർത്താനാണ് സ്റ്റേററ കാൺഗ്രസ്സ് നിലകൊള്ളുന്നത്. ജീവിതത്തിൻെറ സകലവശങ്ങളും പരിശോധിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. ഏതാനും പേർ സുഖിക്കുകയും അവരുടെ സുഖത്തിനായി മററുള്ളവർ വേലചെയ്യുകയും ചെയ്യുന്ന ഇന്നത്തെ സാമ്പത്തികവ്യവസ്ഥ മാറേണ്ടിയിരിക്കുന്നു. അതുപോലെതന്നെ രാഷ്ട്രീയമായും ഇന്നു അധികാരം കൈവശംവച്ചുകൊണ്ടിരിക്കുന്നവർ എന്നും അങ്ങിനെ തുടർന്നുകൊണ്ടുപോകാമെന്നു വിചാരിക്കുന്നതും അബദ്ധമാണ്. ഇതെല്ലാം സാധിക്കുന്നതിനു ഭരണാധികാരം ജനഹസ്തങ്ങളിൽ വന്നുചേരണം.

തൊഴിലില്ലാത്തവനു തൊഴിൽസൗകര്യമുണ്ടാക്കിക്കൊടുക്കുവാനും, താമസസൗകര്യമില്ലാത്തവനു അതു ചെയ്തുകൊടുക്കുവാനും രോഗികൾക്കു ചികിത്സിക്കുവാൻ വേണ്ട സൗകര്യം നൽകുവാനും എല്ലാപേർക്കും വിദ്യാഭ്യാസം ചെയ്യുവാനുള്ള സൗകര്യം നൽകുവാനും ഒരു ജനകീയഗവമ്മെൻറിനു മാത്രമേ സാധിക്കുകയുള്ളു. ഈ ആവശ്യങ്ങൾ നിറവേററുവാൻവേണ്ടിയാണ് സ്റ്റേ. കാ. ഉത്തരവാദഭരണം വേണമെന്നാവശ്യപ്പെടുന്നത്. ഉത്തരവാദഭരണസമ്പാദനത്തിനുവേണ്ടി 113-ൽ സംഘടിച്ച സ്റ്റേ: കാ: നെ ഗവമ്മെൻറും പല സംഘടനകളും വ്യക്തികളും എതിർത്തു. അതിൻെറ ഫലമായി സ്റ്റേ: കാൺഗ്രസ്സംഗങ്ങൾക്കു പലവിധമായ ക്ലേശങ്ങൾ അനുഭവിക്കേണ്ടിവന്നു. വളരെ ആളുകൾക്കു ജയിൽവാസം അനുഭവിക്കേണ്ടിവന്നു. ചിലർ മരിച്ചു. നിയമസഭകളിൽനിന്നും മററും അവരെ ബഹിഷ്കരിച്ചു; അവയിൽ പ്രവേശിക്കുന്നതിനു സ്റ്റേ: കാ: കാരെ അയോഗ്യരാക്കി. എന്നാൽ ഇന്ന് ഈ വിഷമതകളെയെല്ലാം അതിജീവിച്ചു സ്റ്റേ. കാ. തിരുവിതാംകൂറിലെ ൬൮-ലക്ഷം ജനങ്ങളും പിന്നിലുള്ള വമ്പിച്ച രാഷ്ട്രീയസംഘടനയായി നിലകൊള്ളുന്നു. ഇന്നു ആക്കാതന്നെ സ്റ്റേ. കാ: നെ എതിർക്കുക സാദ്ധ്യമല്ലെന്ന ഒരു നില വന്നുചേർന്നിരിക്കുന്നു. അതിനുള്ള പ്രധാന കാരണം സ്റ്റേ: കാ: ൻെറ ഉദ്ദേശശുദ്ധിയാണ്.

അനന്തരം ശ്രീ പട്ടം ഇപ്പോൾ പ്രഖ്യാപിതമായിരിക്കുന്ന ഭരണപരിഷ്കാരത്തിൻെറ വിവിധവശങ്ങളേയും വിമർശിക്കുകയും അതു ജനകീയതാല്പര്യങ്ങൾക്കു തീരെ യോജിച്ചതല്ലെന്നും, അതുകൊണ്ട് അതു ഒരുവിധത്തിലും സ്വീകാര്യമല്ലെന്നും, മഹാരാജാതിരുമനസ്സിനും ജനങ്ങൾക്കുമിടക്കു ജനപ്രതിനിധികളല്ലാതെ മററാരും പാടില്ലെന്നും പ്രസ്താവിക്കുകയും ചെയ്തു. അദ്ദേഹം ഇങ്ങനെ തുടർന്നു:—ജനങ്ങളുടെ പ്രതിനിധിയല്ലാത്ത ഒരു വ്യക്തിയിൽ നമ്മുടെ ഭരണാധികാരം ഇരിക്കുക എന്നുപറഞ്ഞാൽ അതു നമ്മുടെ ആത്മാഭിമാനത്തെ ക്ഷതപ്പെടുത്തുന്നതാണ്, നമ്മെ അവഹേളിക്കുന്നതാണ്. അങ്ങിനെ ചെയ്യുവാൻ തിരുവിതാംകൂറിലെ ജനങ്ങൾ അനുവദിക്കുകയില്ല. അതുകൊണ്ടാണ് സ്റ്റേ: കാ: ഈ ഭരണപരിഷ്കാരത്തെ തിരസ്കരിച്ചതു. അതിൽ സന്തോഷിക്കാത്തവരായി കാര്യജ്ഞതയുള്ള ആരുംതന്നെ ഉണ്ടായിരിക്കുകയില്ല. തിരുവിതാംകൂറിൻെറ ഭാവി ഭരണഘടന നിശ്ചയിക്കേണ്ടതു പ്രായപൂർത്തിവോട്ടവകാശത്തിന്മേൽ തിരഞ്ഞെടുക്കപ്പെട്ട ഒരു ജനപ്രതിനിധിസഭയാണ്.

ഇനി നാം എന്തുചെയ്യണമെന്ന ചോദ്യം ഉദിക്കുന്നു. തിരുവിതാംകൂറിൽ ഉത്തരവാദഭരണത്തിനുവേണ്ടി പ്രവർത്തിക്കുന്ന ഏക സംഘടനയായ സ്റ്റേ: കാ: ൻെറ നിർദ്ദേശങ്ങൾ അനുസരിക്കുവാനും പ്രവർത്തിക്കുവാനും എല്ലാപേരും തയ്യാറാകണം. അടുത്ത പരിപാടി എന്തെന്നു നാഗരുകോവിലിൽവച്ചു നടക്കുന്ന വാർഷികസമ്മേളനത്തിൽ തീരുമാനിക്കുന്നതാണ്. അധികാരം നമുക്കു കിട്ടുന്നതു നമ്മുടെ അവകാശമാണെങ്കിലും അതു ഒരു ചുമതലയുംകൂടിയാണ്. അതുകൊണ്ട് പ്രായപൂർത്തി വോട്ടവകാശത്തേയും മററും പററി സാമാന്യജനങ്ങൾക്കു വേണ്ട അറിവുകൊടുക്കുവാൻ കാൺഗ്രസ്സ് പ്രവർത്തകർ വേണ്ടതു പ്രവർത്തിക്കണമെന്നുൽബോധിപ്പിച്ചുകൊണ്ട് അദ്ദേഹം പ്രസംഗം അവസാനിപ്പിച്ചു.

അനന്തരം എല്ലാപേരും സ്റ്റേ: കാൺഗ്രസ്സിൽ ചേർന്നു ശരിയായ അച്ചടക്കത്തോടുകൂടി പ്രവർത്തിക്കണമെന്നും കാൺഗ്രസ്സിനു ഉദാരമായ ധനസഹായം ചെയ്യണമെന്നും അഭ്യർത്ഥിച്ചുകൊണ്ടും പുതിയ ഭരണപരിഷ്കാരത്തെ വിമർശിച്ചുകൊണ്ടും മെ: പറവൂർ ററി. കെ. നാരായണപിള്ള, ഏ. അച്ചുതൻ, ജി. ചന്ദ്രശേഖരപിള്ള, കെ. ഏ. ഗംഗാധരമേനോൻ, പുരുഷോത്തമൻനായർ എന്നിവർ പ്രസംഗിച്ചു. യോഗാവസാനത്തിൽ സ്റ്റേ: കാ: ഫണ്ടിലേക്കു ഒരു ഗണ്യമായ തുക പിരിയുകയുണ്ടായി.

—o—

# മദ്രാസിലെ ക്ഷീരവ്യവസായികളുടെ ആവശ്യങ്ങൾ

—o—

(കേരളാപ്രസ്സ്)

കൊല്ലം മാർച്ച് ൮—മദ്രാസിലെ ക്ഷീരവ്യവസായികളുടെ ഒരു മീററിംഗിൽ കന്നുകാലികളുടെ തീററിസാധനങ്ങൾ സുലഭമാക്കുന്നതിനും വേണ്ടിടത്തോളം ധനസഹായങ്ങൾമൂലം ൮ ശതമാനം പലിശയ്ക്കു നൽകുന്നതിനും ആവശ്യമായ സത്വരനടപടികൾ ഗവമ്മെണ്ട കൈക്കൊണ്ടില്ലെങ്കിൽ ഗവമ്മെൻറ ആശുപത്രികൾക്കും പാൽവിതരണയൂണിയനും ഹോട്ടലുകൾക്കും മററും ക്ഷീരവ്യവസായികൾ നൽകിവരുന്ന സപ്ലൈ മാർച്ച് ൨-ാംവാരത്തിൽ നിർത്തുന്നതാണെന്നു കാണിച്ചു മദ്രാസ്ഗവമ്മെൻറിനും കൃഷിവകുപ്പുമന്ത്രിക്കും നോട്ടീസ്സുകൊടുക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

കറവക്കന്നുകളെ വാങ്ങുന്നതിനു സഹകരണസംഘങ്ങൾ മുഖേന ധനസഹായം നൽകുക, അടച്ചുതീർക്കുന്നതിനു ഇപ്പോഴുള്ള പത്തുതവണ ഭേദപ്പെടുത്തി ഇരുപത്തിനാലു തവണയാക്കുക പലിശ ഒരു ശതമാനമാക്കുക, കന്നുകാലികൾക്കു തീററിസാമാനം വാങ്ങുന്നതിനു ൨൫ ശതമാനം ഗ്രാൻറ നൽകുക, കന്നുകാലികളെ വരുത്തുന്നതിനു തീവണ്ടിസൗകര്യം ഏർപ്പെടുത്തുക മുതലായവയാണ് ക്ഷീരവ്യവസായികൾ ആവശ്യപ്പെട്ടിട്ടുള്ള മററു സൌകര്യങ്ങൾ. ഈ ആവശ്യങ്ങൾ നിറവേററാത്തപക്ഷം അവർ പണിമുടക്കാരംഭിക്കുന്നതാണ്.

—o—

# ഇഖ്ബാൽ ദിനാഘോഷം

—o—

പുനലൂർ, കുംഭം 15—തൻെറ രാജ്യത്തെയും തൻെറ ജനതയേയും ലോകത്തെത്തന്നെയും ഉത്തേജിപ്പിക്കുവാൻ തൻെറ ജീവിതത്തിലെ ഓരോ നിമിഷത്തെയും വിനിയോഗിച്ച മഹാകവി ഇഖ്ബാലിൻെറ സേവനങ്ങളെ പ്രചരിപ്പിക്കുവാൻ വേണ്ടി പുനലൂർ ഇഖ്ബാൽ സ്റ്റഡിസർക്കിളിൻെറ ആഭിമുഖ്യത്തിൽ ഏപ്രിൽമാസത്തിൽ വിശാലമായ തോതിൽ ഇഖ്ബാൽദിനം കൊണ്ടാടുവാൻ ഇവിടെവച്ചു ഒരു മഹായോഗം നടത്തുന്നതാണ്. ഇഖ്ബാലിനെപ്പററി പഠിക്കുകയും ചിന്തിക്കുകയും ചെയ്തിട്ടുള്ള കേരളീയരും ഭാരതീയരും ആയ സുപ്രശസ്തവ്യക്തികളുടെ പ്രസംഗങ്ങളും പ്രബന്ധപാരായണങ്ങളും ഉണ്ടായിരിക്കുന്നതാണ്.

ഇഖ്ബാലിൻെറ ജീവിതത്തെയും കൃതികളെയും സംബന്ധിച്ചു മലയാളത്തിൽ ഉപന്യാസമത്സരവും പ്രസംഗമത്സരവും ഇക്കൊല്ലത്തെ ഇഖ്ബാൽദിനം സംബന്ധിച്ചു നടത്തുവാൻ ഭാരവാഹികൾ തീരുമാനിച്ചിരിക്കുന്നു.

## ഉപന്യാസമത്സരം

വിഷയം—ഇഖ്ബാലിൻെറ ജീവിതവും കൃതികളും.

(Life and works of Dr: Iqbal.)

ഉപന്യാസം ഫുൾസ്കേപ്പ് 15 പുറത്തിൽ കവിയാൻ പാടില്ല. ഏതു കേരളീയനും മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. ഉപന്യാസം (3 പ്രതികൾ) പ്രവേശനഫീസായി 2 രൂപാ സഹിതം അടുത്ത മാർച്ച് 30-നകം "ഇഖ്ബാൽ സ്റ്റഡിസർക്കിളി"ൻെറ വിലാസത്തിൽ അയച്ചുകൊടുക്കേണ്ടതാണ്. ഉപന്യാസകർത്താവിൻെറ പേരും വിലാസവും പ്രത്യേകകടലാസിൽമാത്രമേ എഴുതാവൂ. ഒന്നാം സമ്മാനം—ആകർഷകമായ സ്വർണ്ണമെഡൽ. രണ്ടാംസമ്മാനം—സ്വർണ്ണാങ്കിതമായ വെള്ളിമെഡൽ. രണ്ടാംസമ്മാനം മുസ്ലിങ്ങൾക്കു മാത്രമായിരിക്കും.

1. മെ: ജി. ശങ്കരക്കുറുപ്പ്, 2. ജ: വക്കം അബ്ദുൽഖാദർ, 3. ജ: കെ. മുഹമ്മദാലി ബി. എ., എൽ. ററി. എന്നിവരാണു പരിശോധകസമിതി അംഗങ്ങൾ.

'ഇഖ്ബാൽ സ്റ്റഡി സർക്കിൾ'
കമ്മിററി കൺവീനർ.

—o—

മലയാളരാജ്യം

# സാങ്കേതികവിദ്യാഭ്യാസം *

റി. കൃഷ്ണൻനായർ.

വൈശാചികമായ നരഹത്യ അവസാനിച്ചതോടുകൂടി ലോകത്തെങ്ങും ഒരു പുതിയ ഉണർവ്വ സംജാതമായിരിക്കുന്നു. വ്യാവസായികപുനരുദ്ധാരണത്തിനു ശാസ്ത്രനിപുണന്മാർ വേണ്ട കരുക്കൾ ജനതയുടെ മുമ്പിൽ നിരത്തുകയാണ്. ഒന്നാം ലോകമഹായുദ്ധത്തിന്റെ ചരമത്തിനു ശേഷമുണ്ടായ വ്യവസായവികസനമല്ല; ഇന്നു നാം ദർശിക്കുന്നത്. ജനപ്പെരുപ്പം വർദ്ധിക്കുന്നതോടുകൂടി, തൊഴിലില്ലായ്മ പ്രശ്നത്തേയും അപഗ്രഥനം ചെയ്തു പരിഹാരമാർഗ്ഗം കണ്ടുപിടിക്കേണ്ടിയിരിക്കുന്നതുകൊണ്ട്, ഒരു തടിച്ച ചോദ്യചിഹ്നമാണു നമ്മുടെ മുമ്പിൽ ഉയർന്നുനില്ക്കുന്നത്. ഇതിനുള്ള നിവൃത്തിമാർഗ്ഗം, കേവലം കലാശാലാവിദ്യാഭ്യാസംകൊണ്ടു



സംതൃപ്തരായിത്തീരുന്ന സാമാന്യലോകത്തെ സാങ്കേതികമാർഗ്ഗങ്ങളിൽക്കൂടി തിരിച്ചുവിട്ട്, ഓരോ യുവാവിനേയും സ്വജീവൽപ്രശ്നങ്ങളെ സ്വയം പരിഹരിക്കുവാൻ യോഗ്യനാക്കുകയാകുന്നു. അപ്പോഴാണ് സാങ്കേതികവിദ്യാഭ്യാസം അതർഹിക്കുന്ന സ്ഥാനം കരസ്ഥമാക്കുന്നത്. ഈയവസരത്തിൽ മഹാത്മജിയുടെ "വാർദ്ധാപദ്ധതി" വായനക്കാർ സ്മരിക്കുമല്ലോ. സാമാന്യവിദ്യാഭ്യാസവും തൊഴിൽപരമായ വിദ്യയും ഒരുമിച്ചഭ്യസിക്കുകയെന്നു പറയുമ്പോൾ ചില ചിന്തകന്മാർ നെററി ചുളിച്ചേക്കാമെങ്കിലും, ഭാവിതലമുറയ്ക്കു തൊഴിച്ചുകൂടാൻവയ്യാത്ത ഒരാവശ്യമായിത്തീരുമ്പോൾ; ഈ പദ്ധതിയുടെ പ്രാധാന്യത്തെ അവർ മനസ്സിലാക്കുന്നതാണ്. നവീനവിദ്യാഭ്യാസപദ്ധതിയിൽ സാങ്കേതികവിദ്യാഭ്യാസത്തിന് അതിപ്രധാനമായ ഒരു സ്ഥാനം നൽകേണ്ട കാലം സമാഗതമായിരിക്കുന്നു.

സർവ്വകലാശാലാവിദ്യാഭ്യാസത്തിന് ആക്ഷേപം ചൂണ്ടിക്കാണിക്കാവുന്ന ഒരു പ്രധാന ന്യൂനതയുണ്ട്; വിദ്യാർത്ഥികൾക്ക് സ്വജീവൽപ്രശ്നങ്ങളെ വിജയപൂർവ്വം തരണംചെയ്യുന്നതിനു യാതൊന്നുംതന്നെ അതു പ്രദാനം ചെയ്യുന്നില്ല. കലാപരമായും, ശാസ്ത്രപരമായുമുള്ള ഉപരിപഠനത്തിന്റെ ഗുണവശങ്ങളെപ്പററി ഇവിടെ പ്രതിപാദിക്കുവാൻ ഒരുമ്പെടുന്നില്ല. സംസ്കാരസമ്പന്നമായ ആധുനികലോകത്തിന്റെ ഇന്നത്തെ അവസ്ഥയ്ക്കുതന്നെ കാരണം ഇപ്രകാരമുള്ള വിദ്യാഭ്യാസമാണ്. എങ്കിലും ഇന്നത്തെ ലോകത്തിൽ കലാശാലാവിദ്യാഭ്യാസം ഒരുവന്റെ ദൈനംദിനാവശ്യങ്ങൾക്കു നിവൃത്തിമാർഗ്ഗം കണ്ടുപിടിക്കുവാൻ ഉതകുന്നില്ലായെന്നുള്ളതു് ഒരു പരമാർത്ഥംമാത്രമാണ്. സർവ്വസാധാരണമായ ഉദാഹരണമെടുത്തു വിശദീകരിക്കാം. ഒരു വിദ്യാർത്ഥി എം. എ-യോ അതിനപ്പുറമുള്ള ബിരുദമോ ഒന്നാംക്ലാസ്സിലൊന്നാമതായി കരസ്ഥമാക്കിയെന്നിരിക്കട്ടെ. അത്രയും ഒരു തുണ്ടുകടലാസ്സിലെഴുതി ലോകത്തിന്റെ മുമ്പിൽ വലിച്ചെറിഞ്ഞതുകൊണ്ട് ഒരുനേരത്തെ വിശപ്പടക്കുവാൻപോലും ആ സർട്ടിഫിക്കറ്റിനു സാധിക്കുമോ? ജീവിതത്തിന്റെ താളുകൾ മറിക്കുവാൻ, അയാൾക്ക് ഉദ്യോഗസ്ഥലോകത്തിലേക്കു വലിഞ്ഞുകയറുവാൻ ഇതരമാർഗ്ഗത്തെ അന്വേഷിക്കേണ്ടിയിരിക്കുന്നു. അനേകവർഷങ്ങളുടെ പരിശീലനംകൊണ്ടു മാത്രമേ ഈ എം. എ. ബിരുദധാരി ഒരു ക്ലാർക്ക്ജോലിക്കുപോലും യോഗ്യനായിത്തീരുകയുള്ളൂ. യൂണിവേഴ്സിററിയുടെ മുദ്ര പതിച്ച കടലാസ്സില്ലാത്ത സഖാക്കൾ എം. എ-ക്കാരനെക്കാൾ പതിന്മടങ്ങു യോഗ്യനായിരിക്കും. അയാൾ പക്ഷേ ഒരു പ്രാസംഗികനായിരിക്കുകയില്ല; ലേഖനകർത്താവായിരുന്നില്ലെന്നുവരാം; ആററംതിയറിയും, ആപേക്ഷികവാദവും അയാൾക്കു കേട്ടുകേൾവിപോലും കാണുകില്ല. പക്ഷേ, സ്വജീവിതാവശ്യത്തിനുള്ള സാങ്കേതികാഭ്യാസം നേടിക്കഴിഞ്ഞതിനുശേഷം, ആ മാർഗ്ഗത്തിൽക്കൂടി ചരിക്കയുണ്ടായി. മരണനിസ്സബ്ദത പടർന്നുകിടക്കുന്ന അനേക മദ്ധ്യരാത്രികളിൽ ഏകാന്തമായിരുന്നു റോമാപരിഷ്കാരവും, ഫ്രഞ്ചുവിപ്ലവവും, ന്യൂട്ടൺസൂലായും പഠിച്ചു മനസ്സു പുണ്ണാക്കിയ ബിരുദധാരിക്കു; "യുദ്ധം ലോകത്തിൽ ആവർത്തിക്കുമോ ഇല്ലയോ?" എന്നു തുടങ്ങിയ വിഷയങ്ങളിൽ വികാരവിഭ്രമങ്ങളായ പ്രസംഗങ്ങൾ നടത്തിയിട്ടുള്ള ബിരുദധാരിക്കു; കഷ്ടം! ഒരുദ്യോഗിക എഴുത്തിന്റെ നക്കൽ എഴുതുവാൻപോലും കെല്പില്ല. ലോകത്തിന്റെ കണ്ണിൽ മണ്ണിടുവാൻമാത്രം ബിരുദം സമ്പാദിച്ച യുവാക്കൾ പൊടുന്നനവെ വിവിധഡിപ്പാർട്ടുമെൻറുകളിൽ കയറുമ്പോൾ അവരെ വിഷമപ്പെടുത്തുന്ന പല പ്രശ്നങ്ങളിൽ ഒന്നാണിതു്. ഒരു എം. എ-ക്കാരനോട് "ഡാക്കെററിംഗ്" (Docketing) എന്താണെന്നു ചോദിച്ചാൽ അയാൾ കണ്ണുമിഴിക്കുകയായിരിക്കും ചെയ്യുന്നതു്. ക്ലാർക്ക്ജോലിയിൽ പ്രവേശിക്കുന്ന ഒരുവൻ മനസ്സിലാക്കിയിരിക്കേണ്ട പ്രഥമപാഠങ്ങളിലൊന്നാണതു്. വിദേശങ്ങളിലേക്കു കുറെ സാമാനങ്ങൾ കയററുമതിചെയ്യുവാൻ എന്തു പ്രാരംഭനടപടികൾ സ്വീകരിക്കണമെന്ന് ഒരു എം. എ-ക്കാരനോടു ചോദിച്ചാൽ അയാൾ നക്ഷത്രക്കാലെണ്ണിപ്പോകും. ഇവിടെയാണ് "ഒരു സർവ്വകലാശാലാവിദ്യാർത്ഥിക്കു പററുന്ന അമളി. അയാളുടെ വിദ്യാഭ്യാസവും ലോകത്തിലെ "പ്രായോഗികരീതിയും തമ്മിൽ അജഗജാന്തരമുണ്ട്. ഇപ്രകാരമുള്ള വിദ്യാഭ്യാസംകൊണ്ട് ജനതയുടെ ജീവിതപ്രോത്സാഹനത്തിനോ, ദൈനംദിനജീവിതത്തിലെ നഗ്നമായ യാഥാർത്ഥ്യങ്ങളുടെ ഉൽക്കർഷത്തിനുപയുക്തങ്ങളായ പഠനം സർവ്വകലാവിദ്യാഭ്യാസത്തിൽനിന്നും ലഭിക്കുന്നില്ലായെന്നുള്ളതു് ഒരു പരമാർത്ഥമാണ്. അതിനാലാണത്രെ ഭാവിലോകത്തിൽ സാങ്കേതികവിദ്യാഭ്യാസത്തിന് അതിപ്രധാനമായ ഒരു സ്ഥാനം നൽകിയില്ലായെങ്കിൽ, വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനമേ തെററിപ്പോയി എന്നു മാത്രമല്ല, യുവലോകത്തിന്റെ ഭാവിചരിത്രംമുഴുവനും അന്ധകാരത്തിലേക്കു നയിക്കുകയാണെന്നും പരിഷ്കർത്താക്കൾ ഉൽഘോഷിക്കുന്നതു്.

സാങ്കേതികവിഷയങ്ങളിൽ ചിലതു് ടൈപ്പ്റൈററിംഗ്, ഷാർട്ട്ഹാൻറ്, ബാങ്കിംഗ്, കാമേഴ്സ്, സെക്രട്ടറിയററ്, പ്രാക്ടിസ്, വ്യവസായഗണിതം Commercial arithmetic വ്യവസായ ഭൂമിശാസ്ത്രം Commercial Geography അക്കൗണ്ടൻസി, മുതലായവയാകുന്നു. ഈദൃശവിഷയങ്ങളിൽ പരിശീലനം നൽകുന്നതിനു സെൻറ് മൈക്കേൽസ് ഇൻസ്റ്റിട്യൂട്ട് (St. Michæl's Institute) തുടങ്ങിയ ചില സ്ഥാപനങ്ങൾ ഇന്നു രാജധാനിയിൽതന്നെയുണ്ട്. അവയെ സംഘടിപ്പിച്ചു വളർച്ചയ്ക്കു വേണ്ട സകല പ്രോത്സാഹനവും നൽകേണ്ടകാലം അതീതമായിരിക്കുന്നു. ഈ കേന്ദ്രങ്ങൾക്കു ഇപ്പോഴുംതന്നെ ഒന്നുരണ്ടു ന്യൂനതകൾ ഉണ്ട്. ഒന്നാമതായി ഇതരവിദ്യാഭ്യാസകേന്ദ്രങ്ങളിൽനിന്നു ലഭിക്കുന്ന ഒരു സ്ഥായിയായ ആസക്തിയോ, സഹകരണമോ ഇവിടെ ഒരു വിദ്യാർത്ഥിക്കു ലഭിക്കുന്നില്ല. രണ്ടാമതു വിവിധരീതിയിലുള്ള വിദ്യാർത്ഥികളെ വളരെ ചുരുങ്ങിയകാലത്തേയ്ക്കുമാത്രം ഒരിടത്തു കൂട്ടിയിണക്കുന്നതുകൊണ്ട് നീണ്ടുനില്ക്കുന്ന കലാശാലാവിദ്യാഭ്യാസകേന്ദ്രങ്ങളിൽനിന്നു ലഭിക്കുന്ന പ്രയോജനം ലഭ്യമാകുന്നില്ല.

എങ്കിലും ഏതൊരു വിദ്യാർത്ഥിക്കും അവശ്യം ആവശ്യമായ പഠനമാണ് ഈ സ്ഥാപനങ്ങൾ നൽകുന്നതു്. തിരുവനന്തപുരം നഗരിയിൽ ഇപ്രകാരമുള്ള കേന്ദ്രങ്ങൾക്കു മാർഗ്ഗദർശിത്വം നൽകുന്ന സെൻറ് മൈക്കേൽസ് ഇൻസ്റ്റിട്യൂട്ടിന്റെ കഴിഞ്ഞ മുപ്പത്തഞ്ചുവർഷക്കാലത്തെ നീണ്ടചരിത്രം പരിശോധിച്ചാൽ ഈ വസ്തുത വെളിവാകുന്നതാണ്. ൧൮൦൦-ൽപരം വിദ്യാർത്ഥികൾ കഴിഞ്ഞ വർഷത്തിൽ ഇവിടെ അദ്ധ്യയനം നടത്തിയിട്ടുണ്ടെന്നു പറയുമ്പോൾതന്നെ അതിശയോക്തിയെന്നു തോന്നുമെങ്കിലും വ്യക്തമായ ഒരു പരമാർത്ഥമാണതു്. യുദ്ധകാലത്തും സമാധാനകാലത്തും ഈ സ്ഥാപനങ്ങളുടെ ആവശ്യകത ലോകം മനസ്സിലാക്കുന്നുണ്ട്. നവീനവിദ്യാഭ്യാസപദ്ധതിയിൽ സാരമായ പങ്ക് വഹിക്കേണ്ട സാങ്കേതികവിദ്യാഭ്യാസപദ്ധതിക്ക് ഈ സ്ഥാപനങ്ങൾ ഉത്തമമാതൃകകൾതന്നെയായിരിക്കും. വിദ്യാഭ്യാസപരിഷ്കർത്താക്കളുടെ തലപുകയ്ക്കുന്ന ഒരു പ്രശ്നം ഉണ്ട്; സാമാന്യവിദ്യാഭ്യാസത്തിനോടൊപ്പം സാങ്കേതികവിദ്യാഭ്യാസവും എങ്ങിനെയാണ് പ്രദാനംചെയ്യേണ്ടതെന്നുള്ളതു്. എന്തെന്നാൽ സാങ്കേതികപാഠങ്ങൾ അഭ്യസിക്കുമ്പോൾതന്നെ, സാമാന്യവിദ്യാഭ്യാസംവഴി മനസ്സിനേയും വിജ്ഞാനത്തേയും വളർത്തിക്കൊണ്ടുവന്നില്ലെങ്കിൽ ജീവിതം മുരടിച്ചുപോകും. അതിനും സെൻറ് മൈക്കേൽസ് ഇൻസ്റ്റിട്യൂട്ട് ഒരു മാതൃകയാണ്. കേവലം ചുരുങ്ങിയ കാലത്തേയ്ക്കു മാത്രമാണ് അവിടെ വിദ്യാർത്ഥികൾ വന്നുകൂടുന്നതെങ്കിലും ഈ ചുരുങ്ങിയകാലത്തിനുള്ളിൽ വേണ്ടത്ര പരിജ്ഞാനം സിദ്ധിക്കുന്നതിലേയ്ക്ക് സാഹിത്യസമാജങ്ങളും വാദപ്രതിവാദസംഘങ്ങളും രൂപീകരിച്ചിട്ടുണ്ട്. അസൂയാജനകമായവിധത്തിൽ ഈ സംഘടനകൾ പുരോഗതിയെ പ്രാപിച്ചുവരുന്നു.

ഈദൃശസ്ഥാപനങ്ങൾക്കു നാട്ടിനും നാട്ടാർക്കും വേണ്ടി വലിയ ത്യാഗങ്ങൾ അനുഷ്ഠിക്കുവാൻകഴിയും. അവയ്ക്കു ഭാവിലോകത്തിൽ അതിശോഭനമായ പാതയാണ് തുറന്നുകിടക്കുന്നതു്. സർവ്വകലാശാലയ്ക്കകത്തടച്ചിട്ടിരിക്കുന്ന അനേകായിരം വിദ്യാർത്ഥിവിദ്യാർത്ഥിനികളുടെ ചിന്തകൾ തുറിച്ചുനോക്കുന്നതു് ഈ സാങ്കേതികവിദ്യാഭ്യാസത്തിലേക്കാണ്. കഴിഞ്ഞ ദശവത്സരത്തിൽ ചരിത്രവും ശാസ്ത്രവും പഠിച്ച സാമാന്യജനത്തിനുപററിയ "ഹിമാലയൻ അബദ്ധം" ഇന്നത്തെ യുവലോകത്തെ ഉണർത്തിക്കഴിഞ്ഞു. ഇന്നവർ സാങ്കേതികവിദ്യാഭ്യാസകവാടങ്ങളിലേക്കു കുതിച്ചുപായുകയാണ്.

ഒരു ജനതയുടെ ഉൽക്കർഷത്തിനുവേണ്ടി നിലനിൽക്കുന്ന ഭരണകൂടം, ദിനംപ്രതി അസാധാരണവളർച്ചയെ പ്രാപിച്ചുകൊണ്ടിരിക്കുന്ന ഈ സ്ഥാപനങ്ങളുടെ വളർച്ചയ്ക്കു സകല ആനുകൂല്യവും നൽകേണ്ടതാണ്. തിരുവിതാംകൂറിൽ ഇന്നു ഒരു നവീനവിദ്യാഭ്യാസപദ്ധതി രൂപംപ്രാപിച്ചുവരികയാണ്. നമ്മുടെ സർവ്വകലാശാലയിൽ രണ്ടു സാങ്കേതികവിഷയങ്ങൾക്കു (Type writing and Short hand) ഡിപ്ലോമാകോഴ്സുകൾ ഏർപ്പെടുത്തിയതു ആഹ്ലാദത്തിനവകാശം നൽകുന്നു. പക്ഷെ അതുകൊണ്ടവസാനിച്ചാൽ മാത്രം മതിയാവുകയില്ല. സെൻറ് മൈക്കേൽസ് ഇൻസ്റ്റിട്യൂട്ടിനെ അനുകരിച്ച് തിരുവിതാംകൂറിന്റെ പ്രധാനനഗരങ്ങളിൽ മാത്രമല്ല; നാട്ടിന്റെ നാനാഭാഗങ്ങളിലും ഇത്തരം സ്ഥാപനങ്ങൾ ആവശ്യമായിരിക്കുന്നു. ഏതു ബിരുദം സമ്പാദിച്ചാലും ഓരോ ഡിപ്പാർട്ടുമെൻറിൽ പ്രവേശിക്കുന്നതിനുമുമ്പു അതിലേക്കു യോഗ്യരാക്കിത്തീർക്കുവാൻ ഒരു പ്രവേശനപരീക്ഷയോ അല്ലെങ്കിൽ ആ മാർഗ്ഗത്തിൽക്കൂടിയുള്ള പരീക്ഷായോഗ്യതയോ വേണമെന്നു നിയന്ത്രിക്കുന്നതുകൊണ്ട് യാതൊരു ദോഷവും വരാനില്ല. എന്നാൽ അതിനു മുമ്പു രാജ്യത്തിന്റെ നാനാഭാഗങ്ങളിലും ഇത്തരം സ്ഥാപനങ്ങൾ ഉൽഘാടനംചെയ്തു യുവലോകത്തിനഭ്യസിക്കുവാൻ സൌകര്യം നൽകണം.

നവീനവിദ്യാഭ്യാസപദ്ധതിയിൽ പ്രബലമായ സ്ഥാനം ലഭിയ്ക്കുന്നതിലേയ്ക്കു, ഭാവിലോകത്തിന്റെ നട്ടെല്ലായ ഇത്തരം സ്ഥാപനങ്ങൾ തിരുവിതാംകൂർ ജനതയുടെ മുമ്പിൽ കൈനീട്ടിനിൽക്കുകയാണ്. രാജ്യത്തിന്റെ ഉൽക്കർഷത്തിനുവേണ്ടി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ബഹുമാനപ്പെട്ട സർ, സി. പി. രാമസ്വാമി അയ്യരവർകളെപ്പോലെയുള്ള രാജ്യതന്ത്രജ്ഞരുടെ മഹാമനസ്കത ഇക്കാര്യത്തിൽ പതിയുമെന്നു പൂർണ്ണമായി വിശ്വസിക്കുന്നു. ഈ സ്ഥാപനങ്ങളുടെ ഉദ്ധാരണമാണ് ഭാവിലോകത്തിലെ സാമാന്യജനത്തിന്റെ ജീവൻ; വ്യവസായത്തിന്റെ അസ്ഥിവാരം; രാഷ്ട്രത്തിന്റെ ഉൽക്കർഷം!

—ാ—

* ആശയം: സെൻറ് മൈക്കേൽസ് ഇൻസ്റ്റിട്യൂട്ടിന്റെ മുപ്പത്തഞ്ചാമതുവാർഷികാഘോഷസമ്മേളനത്തിൽ റിട്ട: വിദ്യാഭ്യാസഡയറക്ടർ മി: എ. ഗോപാലമേനോൻ എം. എ; ബി. കോം. (ലണ്ടൻ) ചെയ്ത അദ്ധ്യക്ഷപ്രസംഗത്തിൽനിന്ന്.


## ടാക്കീസ്

കൊല്ലം ലക്ഷ്മീടാക്കീസിൽ
കാണികൾനിറഞ്ഞ 2 ാംവാരം
**പങ്കജവല്ലി**
കളർകാർട്ടൂണും ലണ്ടനിൽ ആഘോഷിച്ച വിക്ടറിപരേഡിന്റെ ടെക്നികളർചിത്രങ്ങളും പ്രദർശിപ്പിക്കപ്പെടും.

കൊല്ലം S. M. P. പാലസ്സിൽ
നാഗയ്യാ, ജയമ്മ, ലിംഗമൂർത്തി
മുതലായവർ അഭിനയിച്ച
**— ത്യാഗയ്യാ —**
എന്ന തെലുങ്കുചിത്രം

ചവറ ബേബിടാക്കീസിൽ
നാഗയ്യാ, കമലാ, കോഡ്നീസ്,
മുതലായവർ അഭിനയിച്ച
**ചെഞ്ചുലക്ഷ്മി**
പുണ്യപുരാണ തെലുങ്ക് ചിത്രം

കരുനാഗപ്പള്ളി ശ്രീ വിദ്യാധിരാജ് ടാക്കീസ്സിൽ
17-7-122 മുതൽ
P. V. ചിന്നപ്പ, M. V. രാജമ്മ,
-T. S. ബാലയ്യ, N. S. കൃഷ്ണൻ
T. A. മധുരം മുതലായവർ അഭിനയിച്ച
**"ഉത്തമപുത്രൻ"**
എന്ന ചിത്രം പ്രദർശിപ്പിക്കപ്പെടുന്നതാണ്

കൊല്ലം ബേബിടാക്കിസിൽ
ററി. ആർ. സുന്ദരം,
കെ. എൽ. വി. വസന്ത അഭിനയിച്ച
**സുലോചന**
എന്ന തമിഴ് ചിത്രം.

അമ്പലപ്പുഴ ഗോപിടാക്കീസിൽ
17 7-122 മുതൽ
പി. യു. ചിന്നപ്പ, എം. എസ്സ്. സരോജനി, എൻ. എസ്സ്. കൃഷ്ണൻ, ററി. എ. മധുരം, സന്താനലക്ഷ്മി,
യു. ആർ. ജീവരത്നം മുതലായവർ നടിച്ച
**ജഗതലപ്രതാപൻ**
എന്ന തമിഴ് ചിത്രം.

## ശ്രീമഹാദേവീഭാഗവതം

—ാ—

(സമ്പൂർണ്ണഗദ്യഗ്രന്ഥം)

വില രൂ. ൨. ണ. ൪.

മാനേജർ,
ശ്രീരാമവിലാസംപ്രസ്സ്, കൊല്ലം.

## പരസ്യം

—o—

സിവിൽ പലവക ഹർജി വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ച് എതൃകക്ഷിക്കു നോട്ടീസ്

ഏററുമാനൂർ മു: കോർട്ടിൽ

വൈ: മു. കോ.

൧൧൦-ാമാണ്ടു സിവിൽ ൧൨൩

തീർവാദി—കട്ടത്തുരുത്തിപ്പകുതി വാലാച്ചിറകരയിൽ നിലപ്പന അയ്പ്പു ബ്രിജീത്താ.

പ്രതികൾ—൨ കട്ടത്തുരുത്തിപകുതി വെള്ളാശ്ശേരികരയിൽ പുഷ്പമംഗലത്തുതാമസിക്കും ക്ഞ്ഞുകുഞ്ഞു എന്നുവിളിക്കുന്ന അവുസേപ്പ് അവുസേപ്പ് ൩ ടിയിൽ പാപ്പുക്കുട്ടി എന്നുവിളിക്കുന്ന അവുസേപ്പ പത്രോസ്.

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്.

മേൽനമ്പർ വിധിക്കടത്ത വകവേണ്ടി തങ്ങളുടെ മേൽ വിധിനടത്തുന്നതിനു അനുവദിച്ച് ഉത്തരവുണ്ടാകണമെന്നും മററും വാദി ബോധിപ്പിച്ചിരിക്കുന്ന ൧൧൨൨-ാമാണ്ടു സിവിൽ ഇ. പി. ൧൦൦-ാംനമ്പർ ഹർജിസംഗതി ൧൧൨൨-ാമാണ്ടു കുംഭമാസം ൨൨-ാംനു- വിചാരണയ്ക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൨ മണിക്കു് കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജൻറാ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളണം. അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെ കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം

ഹെഡ്ഗുമസ്തൻ (ഒപ്പ്)

൧൧൨൨ മകരം ൨൨

—o—

## പരസ്യം

മീനച്ചിൽമുൻസിഫ്കോർട്ടിൽ

112-ൽ സിവിൽനമ്പർ 182

വാദി—വിജയപുരംപകുതിയിൽ മാങ്ങാനംകരയിൽ ചെമ്പകനല്ലൂരില്ലത്തു കേശവൻതുപ്പൻനമ്പൂരി

ഒന്നാംപ്രതി—ടി പകുതിയിൽ അയ്മനംകരയിൽ ഏരവിമംഗലത്തില്ലത്തു കേശവൻനാരായണൻനമ്പൂരി

ടി വാദിയെ തെര്യപ്പെടുത്തുന്നതു

മേൽനമ്പർവിധിക്കടത്തിൻെറ 75% കണക്കിനുള്ള സംഖ്യ കെട്ടിവച്ചു വിധിക്കടം തീർന്നിരിക്കുന്നതിനാൽ നമ്പർ ഫയലിൽ കുറയ്ക്കുന്നതിനു അനുവദിക്കണമെന്നു ഒന്നാംപ്രതി ബോധിപ്പിച്ചിരിക്കുന്ന ഹർജിസംഗതിക്കു ആക്ഷേപമുണ്ടെങ്കിൽ 1122 മാണ്ടു കുംഭമാസം 28-ാംനു- പകൽ 11 മണിക്കു ഈ കോർട്ടുമുമ്പാകെ ഹാജരായി ബോധിപ്പിച്ചുകൊള്ളേണ്ടതും അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെ കൂടാതെ ഹർജി തീർച്ചചെയ്യുന്നതുമാണെന്നുള്ള വിവരം ഇതിനാൽ തെര്യപ്പെടുത്തിയിരിക്കുന്നു.

ഉത്തരവിൻപ്രകാരം

ഹെഡ്ഗുമസ്തൻ (ഒപ്പ്)

1122 മകരം 30 ാംനു-

—o—

## പരസ്യം

—o—

ചേർത്തല ടെമ്പററി മുൻസിഫ്കോർട്ടിൽ

൧൧-ാമാണ്ടു ആദ്യനമ്പർ സി ൧൩൯

വാദി—ചേർത്തല കിഴക്കുംമുറിയിൽ പോമ്പോഴിവീട്ടിൽ ഗോവിന്ദൻ രാഘവപ്പണിക്കർ.

പ്രതി—൨ പള്ളിപ്പുറം തൈക്കാട്ടുശേരി പകുതി ടി മുറിയിൽ അയ്യനാട്ടുപാറായിൽ അവിരാ ജോർജ്ജ്തരകൻ ൩. ടിയിൽ അവിരാ കൊച്ചവിരാതരകൻ.

മേൽപറഞ്ഞ പ്രതിയുടെമേൽ വാദി വ്യവഹാരം ബോധിപ്പിച്ചിരിക്കയാൽ അതിനുത്തരം ബോധിപ്പിക്കാനായി ൧൧൨൨-ാമാണ്ടു കുംഭമാസം ൨൨-ാംനു- ബുധനാഴ്ച പകൽ ൧൧ മണിക്കു ഈ കോർട്ടുമുമ്പാകെ പ്രതിതന്നെയോ വക്കീൽ മുഖാന്തിരമോ ഹാജരാകേണ്ടതും അല്ലാത്തപക്ഷം ടി പ്രതികളെ കൂടാതെ അന്യായം തീർച്ചചെയ്യുന്നതുമാണ്.

ഉത്തരവിൻപ്രകാരം

ഹെഡ്ഗുമസ്തൻ (ഒപ്പ്)

൧൧൨൨ കുംഭം ൨-ാംനു-

—o—

## സിവിൽപലവക ഹർജിവിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ച് എതൃകക്ഷിയ്ക്കു നോട്ടീസ്സ്

—o—

ചേർത്തല അഡീഷനൽമുൻസിഫ് കോർട്ടിൽ

110-ാമാണ്ടു സിവിൽനമ്പർ 786

വാദിഭാർ—എടപ്പള്ളി വലിയരാജാ അവർകൾ

പ്രതി—തുറവൂർ പടിഞ്ഞാറേകര തെക്കുംമുറിയിൽ ഷാരംപറമ്പിൽ താമസിക്കും കിടയ്ക്കൂട്ടുവീട്ടിൽ കുഞ്ഞിയമ്മകാർത്ത്യായനിഅമ്മ

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്

ഹർജിക്കാരി കൂട്ടതൽവാദിയായി കക്ഷിചേർക്കാൻ ഉത്തരവുണ്ടാകണമെന്നും മററും വാദിഭാർ ബോധിപ്പിച്ചിരിക്കുന്ന 1122-ാമാണ്ടുസിവിൽപലവക10431-ാം നമ്പ്ര ഹർജിസംഗതി 122 കുംഭമാസം 27-ാംനു- വിചാരണയ്ക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ 12 മണിക്കു കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജൻറാ ഈ കോർട്ടിൽ ഹാജരായി ആക്ഷേപംവല്ലതും ഉണ്ടെങ്കിൽബോധിപ്പിച്ചുകൊള്ളണം. അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെ കൂടാതെ ഹർജി തീർച്ചചെയ്യുന്നതുമാകുന്നു.

ഉത്തരവിൻപ്രകാരം

ഹെഡ്ഗുമസ്തൻ (ഒപ്പ്)

1122-ാമാണ്ടു കുംഭമാസം 8-ാംനു-

—o—

ചങ്ങനാശ്ശേരി മുൻസിഫ്കോർട്ടിൽ

122-ൽ D. R. P. നമ്പർ—2

ഹർജിക്കാരൻ—നെടുംകുന്നം പകുതിയിൽ ചമ്പക്കര മുറിയിൽ പണക്കിവയലിൽ ശങ്കരക്കുറുപ്പു നാരായണക്കുറുപ്പ്.

അഡ്വക്കേററ എൻ. പരമേശ്വരൻപിള്ള

എതൃഹർജിക്കാരൻ - 1. ടി മുറിയിൽ അഞ്ചാനിൽ വീട്ടിൽ മാണിയമ്മ കുഞ്ഞു പെണ്ണമ്മ. 2, ടി മുറിയിൽ പുല്ലുക്കോട്ടാൽ ഈയ്യോ അവുസേപ്പ്. 3, ഇടപ്പള്ളി ഇളങ്ങനൂർ സ്വരൂപം മുക്ത്യാർ. കല്ലൂപ്പാറ പകുതിയിൽ കല്ലൂരു മുറിയിൽ മഞ്ചാടിയിൽ നാരായണപിള്ള നാരായണ പിള്ള. 4, കല്ലൂപ്പാറ പകുതിയിൽ കീഴ്വായ്പൂരു മുറിയിൽ പാവക്കാലി വീട്ടിൽ ഗൗരിഅമ്മ ലക്ഷ്മിക്കുട്ടിയമ്മ.

നാലിൽ മൂന്നുഭാഗം വസ്തുകൊണ്ട് എതൃഹർജിക്കാരുടെ കടം പരിഹരിച്ചു നാലിൽ ഒരുഭാഗം വസ്തു അത്ഥബാദ്ധ്യത കൂടാതെ തിരിച്ചു കൊടുപ്പിക്കണമെന്നും മററും വിവരിച്ച് 116-ലെ 2-ാം 3-ാം ആക്ററ 16-ാം വകുപ്പുപ്രകാരം ഹർജിക്കാരൻ ബോധിപ്പിച്ചിട്ടുള്ള ഹർജി സംബന്ധിച്ച് ആക്കെങ്കിലും ആക്ഷേപമുണ്ടെങ്കിൽ വിചാരണ ദിവസമായ 1122-ാമാണ്ടു കുംഭമാസം 26-ാംതീയതി പകൽ 11 മണിക്കു ഈ കോടതിമുമ്പാകെ നേരിട്ടോ അധികാരപ്പെടുത്തിയ വക്കീൽ മുഖാന്തിരമോ ഹാജരായി ബോധിപ്പിച്ചു കൊള്ളേണ്ടതാണെന്നുള്ള വിവരം ഇതിനാൽ തെര്യപ്പെടുത്തിയിരിക്കുന്നു.

ഉത്തരവിൻപ്രകാരം

ഹെഡ്ഗുമസ്തൻ (ഒപ്പ്)

122 മകരമാസം 29-ാംതീയതി.

—o—

## സിവിൽപലവക ഹർജി വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ച് എതൃകക്ഷിക്കു നോട്ടീസ്സ്

കരുനാഗപ്പള്ളി മുൻസിഫ്കോർട്ടിൽ

൧൧൦-ാമാണ്ടു് സ്മാൾ-൧൪൨

വാദി:—൨. കരുനാഗപ്പള്ളിപകുതി പടനായർകുളങ്ങര തെക്കുംമുറി തറയിൽ കുഞ്ചാണ്ടി ഉണ്ണൂണ്ണി മു: പേ:

പ്രതി:—ടി പകുതിയിൽ പടനായർകുളങ്ങര വടക്കുംമുറി വേരുവള്ളിൽ വേലായുധൻപിള്ള.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്

വിധിനടത്താൻ ഉത്തരവുണ്ടാകണമെന്നുംമററും വാദി ബോധിപ്പിച്ചിരിക്കുന്ന ൧൧൨൧-ാമാണ്ടു് E. P. ൨൯൦-ാംനമ്പർ ഹർജിസംഗതി ൧൧൨൨-ാമാണ്ടു് കുംഭമാസം ൨൪-ാംനു- വിചാരണയ്ക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൨ മണിക്കു് കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജൻറാ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളണം. അപ്രകാരം ചെയ്യാത്ത പക്ഷം നിങ്ങളെക്കൂടാതെ ഹർജി തീർച്ച ചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം

൯-൭-൧൧൨൨ ഹെഡ്ഗുമസ്തൻ (ഒപ്പ്)

## വസ്തു ഒഴിപ്പിക്കുന്ന സംഗതിക്കു നോട്ടീസ്സ്

സിവിൽനടപടിനിയമത്തിൻെറ ആർഡർ ൨൧, റൂൾ ൩൫, ൩൪, ൯൨, ൯൩. തിരുവനന്തപുരം അഡീഷണൽ മുൻസിഫ്കോർട്ടിൽ

൧൧൯-ാമാണ്ടു ൨൩൪-ാംനമ്പർ ആദ്യവ്യവഹാരം

൧൧൨൧-ാമാണ്ടു വിധിനടത്തുന്ന അപേക്ഷ നമ്പർ ൬൪.

വാദികൾ—൨, ഉള്ളൂർപകുതി വയലരിക്കത്തുമുറിയിൽ കററച്ചക്കോണത്തു ചരിവുവിളാകംപുരയിടത്തിൽ കൃഷ്ണൻആശാരി ശംസ്തംവുആശാരി മുതൽപേർ ൪.

പ്രതികൾ—൧, പുനലൂർ തിരുറിതാം കൂർപ്ലൈവുഡ് കമ്പനിയിൽകൊല്ലജോലി രാമസ്വാമിആശാരി ശ്ശപ്പയ്യൻആശാരി. ൨. ടിയാനോടുകൂടി ടി കമ്പനിക്കു സമീപം താമസം പടിവു പഴനിയാച്ചി. ൩, തമ്പാനൂർ സിനിമാഹാളിനു പുറകുവശം എം. എസ്സ്. റെഡ്യാരുടെ കെട്ടിടത്തിൽ താമസം പഴനിയാച്ചി മകൾ ചിന്നമ്മ എന്നു വിളിക്കുന്ന ഷൺമുഖം. ൪, ടിയിൽ രാമസ്വാമിആശാരി ശങ്കരസുബ്ബം ആശാരി.

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്

ടി നമ്പരിൽ ഡിക്രിയിൽകൊണ്ട വസ്തു ഒഴിപ്പിച്ചുകൊടുക്കണമെന്നു വാദികൾ അപേക്ഷിച്ചതനുസരിച്ച് ൧൧൨൨ ാമാണ്ടു കുംഭമാസം ൨൪-ാംനു- സ്ഥലത്തു ഹാജരായി വസ്തു ഒഴിപ്പിച്ചുകൊടുക്കുന്നതിനു ആമീനു ഉത്തരവുകൊടുത്തിരിക്കുന്നതിനാൽ വിവരം തെര്യപ്പെടുത്തിയിരിക്കുന്നു.

നോട്ടീസ് വിചാരണ ൨൨-൭-൧൧൨൨.

ഉത്തരവുപ്രകാരം

ഹെഡ്ഗുമസ്തൻ (ഒപ്പ്)

൧൧൨൨ ാമാണ്ടു് കുംഭമാസം ൨-ാംനു-.

—o—

## സിവിൽ പലവക ഹർജി വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ച് എതൃകക്ഷിക്കു നോട്ടീസ്

ചെങ്ങന്നൂർ മുൻസിഫ്കോർട്ടിൽ

൧൧൯-ാമാണ്ടു സിവിൽ ൧൪൬.

൨-ാംവാദി—ഇരവിപേരൂർ പകുതിയിൽ തലയാർമുറിയിൽ വെള്ളാഞ്ചേരിൽ വീട്ടിൽ കൃഷ്ണൻനായർ കരുണാകരൻനായർ.

മേഡോവേർകാരൻ—ടി തലയാർ മുറിയിൽ ആലുംവേലിൽവീട്ടിൽ നാരായണപ്പണിക്കർ ഗോവിന്ദപ്പണിക്കർ. ൧൨൯-ാം നമ്പ്ര തലയാർ ദേവിവിലാസം സഹകരണസംഘത്തിനുവേണ്ടി സെക്രട്ടറി.

പ്രതികൾ—൧. മാവേലിക്കര തെക്കേക്കരപകുതിയിൽ പള്ളിക്കൽ കിഴക്കേക്കരമുറിയിൽ തടത്തിൽവിളയിൽവീട്ടിൽ പരമേശ്വരൻനായർ നാരായണൻനായർ. ൨. ടിയിൽ പരമേശ്വരൻനായർ ഗോപാലൻനായർ. ൩. ടിയിൽ ലക്ഷ്മിയമ്മ ജാനകിയമ്മ. ൪. ടിയിൽ ലക്ഷ്മിയമ്മ ഭവാനിയമ്മ. ൫. ടിയിൽ ലക്ഷ്മിയമ്മ സരസമ്മ.

ടി ൧-മുതൽ ൫-വരെ പ്രതികളെ തെര്യപ്പെടുത്തുന്നതു്.

മേഡോവർ സ്വീകരിച്ച് ഉത്തരവുണ്ടാകണമെന്നും മററും ൨-ാംവാദിയും മേഡോവർകാരനും ബോധിപ്പിച്ചിരിക്കുന്ന ൧൧൨൨ ാമാണ്ടു സിവിൽ ഹാറം ൩൧-ാം നമ്പർ ഹർജിസംഗതി ൧൧൨൨-ാമാണ്ടു കുംഭമാസം ൨൨-ാംനു- വിചാരണയ്ക്കുവച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൧ മണിക്കു കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജൻറാ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെ കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം

ഹെഡ്ഗുമസ്തൻ (ഒപ്പ്)

൧൧൨൨ ാമാണ്ടു കുംഭമാസം ൩-ാംനു-

—o—

## പ്രതിസമൻസ്

—o—

ചെങ്ങന്നൂർ മുൻസിഫ്കോർട്ടിൽ

൧൧൨൧-സ്മാൾ-൧൦൦

വാദി:—വടക്കേക്കരപകുതിയിൽ തിട്ടമേൽമുറിയിൽ കുതിരവെട്ടത്തു് ശങ്കരനാചാരി നാരായണനാചാരി.

പ്രതി:—ആലാപകുതിയിൽ കോട്ടകുളഞ്ഞിമുറിയിൽ ഇതിക്കോട്ടു കിഴക്കേതിൽ നിന്നും റാന്നി പകുതിയിൽ പെരുനാട്ടുമുറിയിൽ നാറാണംമൂഴി എന്ന സ്ഥലത്തു ഉന്നത്താനിഭാഗത്തു താമസം ചാക്കോ ചാണ്ടി.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്

മേൽനമ്പരിൽ വാദി പ്രതിയുടെ മേൽ വ്യവഹാരപ്പെട്ടിരിക്കയാൽ അതിലേക്കു ഉത്തരം ബോധിപ്പിക്കാനായി ടി പ്രതിയോ അധികാരപ്പെടുത്തപ്പെട്ട വക്കീലോ വിചാരണദിവസമായ ൧൧൨൨-കുംഭമാസം ൨൫-ാംതീയതി പകൽ ൧൧ മണിക്കു ഈ കോർട്ടുമുമ്പാകെ ഹാജരായിക്കൊള്ളേണ്ടതാകുന്നു. അപ്രകാരം ഹാജരാകാത്തപക്ഷം ടി പ്രതിയെ കൂടാതെ ടി നമ്പർ തീരുമാനിക്കുന്നതാകുന്നു.

ഉത്തരവിൻപ്രകാരം

ഹെഡ്ഗുമസ്തൻ (ഒപ്പ്)

൯-൭-൧൧൨൨

—o—

## സിവിൽ പലവക ഹർജി വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ച് എതൃകക്ഷിക്കു് നോട്ടീസ്

തിരുവല്ലാ മുൻസിഫ് കോർട്ടിൽ.

൧൦൨-ാമാണ്ടു സി ൪൭.

വാദി—കല്ലൂപ്പാറ പകുതിയിൽ ചാക്കോംഭാഗം മുറിയിൽ ശ്രാമ്പിക്കൽനിന്നും കിഴക്കേതിരുവിലായിൽ ഉപ്പോത്താഹേലമ്മ.

പ്രതികൾ—തിരുവനന്തപുരം വഞ്ചിയൂർമുറിയിൽ പുത്തൻറോഡ്സൈഡിൽ വേലൂതുകുന്നിയപ്പുരയിടത്തിൽ മത്തായി അച്ചാമ്മ. ൩ ടിയിൽ മത്തായി കുഞ്ഞുഞ്ഞു്. ൭ ടിയിൽ മത്തായി ബേബി.

൫-ാം ൬-ാം ൭-ാം പ്രതികളെ തെര്യപ്പെടുത്തുന്നതു്.

വിധിനടത്താൻ ഉത്തരവുണ്ടാകണമെന്നുംമററും വാദി ബോധിപ്പിച്ചിരിക്കുന്ന ൧൧൨൧-ാമാണ്ടു് വിധിനടത്തു ൫൨൬-ാം നമ്പർ ഹർജിസംഗതി ൧൧൨൨-ാമാണ്ടു കുംഭമാസം ൨൩ ാംനു- വിചാരണയ്ക്കുവച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൨ മണിക്കു് കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജൻറാ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളണം. അപ്രകാരം ചെയ്യാത്ത പക്ഷം നിങ്ങളെ കൂടാതെ ഹർജി തീർച്ച ചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം

ഹെഡ്ഗുമസ്തൻ (ഒപ്പ്)

൧൧൨൨-ാമാണ്ടു് മകരമാസം ൨൩-ാംനു-

—o—

## പ്രതിസമൻസ്

ആററിങ്ങൽ മുൻസിഫ്കോർട്ടിൽ

൧൧൨൨-സിവിൽനമ്പർ-൧൩൫

വാദി:—ഇടവാപകുതിയിൽ കാപ്പിൽ ദേശത്തു കൊച്ചുവീട്ടിൽ ഗോവിന്ദപ്പിള്ള കുഞ്ഞുകൃഷ്ണപിള്ള.

പ്രതി:—ഇടവാപകുതിയിൽ കാപ്പിൽ ദേശത്തു തുണ്ടുപുരയിടംകൂടിയുള്ള വാരപ്പുരയിടത്തിൽനിന്നും ടി ദേശത്തു കുഴിയത്തുവിളയിൽ താമസം ചിന്നനാശാരി പത്മനാഭനാശാരി.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്

ടി കേസു സംഗതിയ്ക്കു് ടി പ്രതിയ്ക്കു് ഈ കോടതിയിൽനിന്നും പലതവണയും സമൻ അയച്ചതിൽ ഇതേവരെ കയ്യാറിട്ടില്ലാത്തതിനാൽ ടി കേസു വിചാരണയ്ക്കു വച്ചിരിക്കുന്നതായ ൧൧൨൨-കുംഭം ൨൯-ാംതീയതി പകൽ ൧൧ മണിക്കു് ടി പ്രതി നേരിട്ടോ അധികാരമുള്ള വക്കീൽമുഖേനയോ ഈ കോടതിയിൽ ഹാജരായി വേണ്ടതു ചെയ്യാത്തപക്ഷം ടി കേസ് ടി പ്രതിയെക്കൂടാതെ തീരുമാനിക്കുന്നതാകുന്നു.

ഉത്തരവുംപ്രകാരം

ഹെഡ്ഗുമസ്തൻ (ഒപ്പ്)

൧൧൨൨ കുംഭം ൫-ാംനു-

—o—

## പരസ്യനോട്ടീസ്

—൦—

സിവിൽ നടപടി നിയമത്തിന്റെ
ആഡർ ൨൧—റൂൾ ൬൬.
വകുപ്പ്.
മാവേലിക്കര മുൻസിഫ്കോർട്ടിൽ
൧൧൨൮-ാമാണ്ട് ൨൦-ാംനമ്പർ
ആദ്യവ്യവഹാരം
൧൧൨൦—ൽ വിധിനടത്തു ഹർജി
നമ്പർ—൬൬.

മേഡവർ വാദി– തെക്കേക്കര പകുതിയിൽ പോനാത്തുമുറിയിൽ കൊച്ചുപറമ്പിൽ കണക്ക് നാരായണപിള്ള സുകുമാരപിള്ള.

പ്രതി—൨. തെക്കേക്കരപകുതിയിൽ പോനാത്തുമുറിയിൽ മണ്ണാംകരതറയിൽ പരമേശ്വരൻപിള്ള കേശവപിള്ള.

൨-ാംപ്രതിയെ തെര്യപ്പെടുത്തുന്നത്.

ടി നമ്പർ പട്ടികവസ്തു ലേലത്തിൽ വിൽപ്പിച്ചു വിധിസംഖ്യ ഈടാക്കി കൊടുപ്പിക്കണമെന്നു വിധി ഉടമസ്ഥൻ അപേക്ഷിച്ചിരിക്കുന്നതും പരസ്യത്തിൽ അടങ്ങേണ്ട വിവരങ്ങളെപ്പറ്റിയും മറ്റും വ്യവസ്ഥപ്പെടുത്തുന്നതിനു ൧൧൨൨-ാമാണ്ട് കുംഭമാസം ൨൪-ാംനു-ക്കു അവധി നിശ്ചയിച്ചിരിക്കുന്നതും ആകയാൽ വിവരം തെര്യപ്പെടുത്തിയിരിക്കുന്നു.

ഉത്തരവുംപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)
൧൧൨൨-ാമാണ്ട് മകരമാസം ൨൭-ാംനു.

—൦—

## പരസ്യം

ചങ്ങനാശേരി മുൻസിഫ്കോർട്ടിൽ
൧൧൨൧—ൽ സിവിൽ നമ്പ്ര—൧൨൭

വാദി—വാഴപള്ളി കിഴക്കുംഭാഗം പകുതിയിൽ ടി മുറിയിൽ പുതുപ്പറമ്പിൽനിന്നും അമ്പലപ്പുഴ പകുതിയിൽ ടി മുറിയിൽ ആലപ്പാട്ടുമഠത്തിൽ താമസിക്കും മാധവഭട്ടർ പത്മാവതിയമ്മാൾ.

൨-ാംപ്രതി—വാഴപ്പള്ളി കിഴക്കുംഭാഗം പകുതിയിൽ ടി മുറിയിൽ പതുപ്പറമ്പിൽനിന്നും തിരുവനന്തപുരത്തു ചാലയിൽ എം. എം. പട്ടരുടെ കടയിൽ ജോലിയായി താമസിക്കും മാധവഭട്ടർ രാമചന്ദ്രറാവു.

ടി പ്രതിയെ തെര്യപ്പെടുത്തുന്നത്.

മേൽനമ്പരിൽ വാദി ടി പ്രതിയുടെമേൽ വ്യവഹാരപ്പെട്ടിരിക്കയാൽ അതിലേക്കു ഉത്തരംബോധിപ്പിക്കാനായി ടി പ്രതിയെ അധികാരപ്പെടുത്തപ്പെട്ട വക്കീലോ വിചാരണദിവസമായ ൧൧൨൨-ാമാണ്ട് കുംഭമാസം ൨൪-ാംനു പകൽ ൧൧ മണിക്കു ഈ കോടതിമുമ്പാകെ ഹാജരായി കൊള്ളേണ്ടതാകുന്നു. അപ്രകാരം ഹാജരാകാത്തപക്ഷം ടി പ്രതിയെക്കൂടാതെ ടി നമ്പർ തീരുമാനിക്കുന്നതാകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)
൧൧൨൨-ാമാണ്ട് മകരമാസം ൨൮-ാംനു-

—൦—

## പരസ്യം

—൦—

കൃഷ്ണപുരം മു: കോർട്ടിൽ
൧൧൨൧-ാമാണ്ട് സി: ൪൪൪

വാദി-കീരിക്കാട്ടുപകുതിയിൽ തെക്കുംമുറിയിൽ കാടാശേരിൽ കരുത്തകുഞ്ഞു ഗോപാലൻ.

പ്രതി-പെരുങ്ങാലാപകുതിയിൽ പെരുങ്ങാലംമുറിയിൽ പുളിമൂട്ടിൽവടക്കതിൽ ഏ. എ. നെററാ.

മേൽപറഞ്ഞ പ്രതിയുടെമേൽ വാദി വ്യവഹാരം ബോധിപ്പിച്ചിരിക്കയാൽ അതിനുത്തരംബോധിപ്പിക്കാനായി ൧൧൨൨-ാമാണ്ട കുംഭമാസം ൨൧-ാംനു- പകൽ ൧൧ മണിക്കു ഈ കോർട്ടുമുമ്പാകെ പ്രതിതന്നെയോ അല്ലെങ്കിൽ വ്യവഹാരത്തെക്കുറിച്ചു ചോദിക്കുന്ന സാരമായ എല്ലാചോദ്യങ്ങൾക്കും ഉത്തരംപറവാൻ തക്കറിവുണ്ടായിരിക്കേണ്ടുന്ന അറിവു പകാട്ടക്കപ്പെട്ടതോ അല്ലെങ്കിൽ ആവക എല്ലാചോദ്യങ്ങൾക്കും ഉത്തരംപറവാൻ ശേഷിയുള്ള മററു വല്ല ആളുംകൂടി വരുന്നതോ ആയ ക്രമപ്രകാരം അധികാരപ്പെടുത്തിയ കോർട്ടുവക്കീൽമുഖാന്തിരമോ ഹാജരായിരിക്കയും വേണം.

ഉത്തരവുംപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)
൧൧൨൨ കുംഭം ൧൧-ാംനു-

—൦—

## പരസ്യനോട്ടീസ്

സിവിൽ നടപടിനിയമത്തിന്റെ
ആഡർ ൨൧-റൂൾ ൬൬
ഹരിപ്പാട്ടു മുൻസിഫ്കോർട്ടിൽ
൧൧൨൮-ാമാണ്ട സി. ൫൩൩

വാദി-പള്ളിപ്പാട്ടുപകുതിയിൽ മരങ്ങാട്ടുവിളമുറിയിൽ പുതുവാപ്പടിക്കൽ ഇടിക്കുള കോശി.

പ്രതികൾ-൧ ചെറിയനാട്ടുപകുതിയിൽ ചെറിയനാട്ടുപടിഞ്ഞാററുംമുറിയിൽ കല്ലുത്തറനിന്നും പള്ളിപ്പാട്ടുപകുതിയിൽ നടുവട്ടംമുറിയിൽ ചേംകരകളീക്കൽവീട്ടിൽ കൃഷ്ണൻനായർ ഗോവിന്ദൻനായർ ൨ ടിയിൽ കൃഷ്ണൻനായർ പത്മനാഭൻനായർ ൩ ടിയിൽ മാണിക്കഅമ്മ ചക്കിഅമ്മ ൪ ടിയിൽ ചക്കിഅമ്മ കാർത്ത്യായനിയമ്മ ൫ ടിയിൽ ചക്കിഅമ്മ ജാനകിഅമ്മ ൬ ടിയിൽ മൈനർ ചക്കിഅമ്മ കുട്ടിയമ്മ ൭ ടിയിൽ മൈനർ ചക്കിയമ്മ തങ്കമ്മ ൮ ടിയിൽ മൈനർ കൃഷ്ണൻനായർ വാസുദേവൻനായർ. ൬ മുതൽ ൯ വരെ പ്രതികളുടെ രക്ഷകൻ ൩-ാംപ്രതി.

ടി പ്രതികളെ തെര്യപ്പെടുത്തുന്നത്.

ടി നമ്പർ പട്ടികവസ്തു ലേലത്തിൽവിൽപ്പിച്ചു വിധിസംഖ്യ ഈടാക്കി കൊടുപ്പിക്കണമെന്നു വിധിഉടമസ്ഥൻ അപേക്ഷിച്ചിരിക്കുന്നതും പരസ്യത്തിൽ അടങ്ങേണ്ട വിവരങ്ങളെപ്പററിയും മററും വ്യവസ്ഥപ്പെടുത്തുന്നതിനു ൧൧൨൨-ാമാണ്ട കുംഭമാസം ൨൧-ാംനു-ക്കു അവധി നിശ്ചയിച്ചിരിക്കുന്നതും ആകയാൽ വിവരം തെര്യപ്പെടുത്തിയിരിക്കുന്നു.

ഉത്തരവുംപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)
൧൧൨൨ മകരം ൨൪

—൦—

## പരസ്യം

B II.
കൊല്ലം ജില്ലാക്കോർട്ടിൽ
൧൧൨൨—അസ്സൽ—൬൮.

വാദികൾ—൧. എഴുകോൺ തൃപ്പിലഴികത്തു മുറിയിൽ തെങ്ങുവിളയിൽ ഇടിച്ചാണ്ടി അബ്രഹാംകത്തനാർ. ൨. എഴുകോൺ ചിററാക്കോട്ടു മുറിയിൽ കൊച്ചുപുത്തൻവിളവീട്ടിൽ കോശിപ്പണിക്കരു കുര്യാക്കോസ്സുപണിക്കരുശ്ലെമ്മാശ്ലൻ. ൩, ചെരിനാട്ടു മുളവനച്ചേരിയിൽ നെടുമ്പായിക്കുളത്തു വടക്കേവിള പുത്തൻവീട്ടിൽ മാത്തൻപണിക്കരു മാത്തൻപണിക്കരു്.

പ്രതികൾ—൧, പെരിനാട്ടു മുളവനച്ചേരിയിൽ പെയ്ക്കയിൽ തോമാകത്തനാർ തോമസ്സുകത്തനാർ. ൨. കൊററങ്കര പകുതിയിൽ കുണ്ടറച്ചേരിയിൽ കല്ലറയ്ക്കൽ തന്നിവിള പുത്തൻവീട്ടിൽ നൈനാപ്പണിക്കരു ഗീവർഗ്ഗീസ്സുപണിക്കരുകത്തനാർ. ൩. പെരിനാട്ടു കാഞ്ഞിരകോട്ടു ചേരിയിൽ കല്ലറയ്ക്കൽ പുത്തൻവീട്ടിൽ തോമസ്സുപണിക്കരു തോമസ്സുപണിക്കരു കത്തനാരു്. ൪, ടി കുണ്ടറച്ചേരിയിൽ കല്ലറയ്ക്കൽ തെക്കേപുരയിടത്തിൽ നൈനാപ്പണിക്കരു കോശിപ്പണിക്കരു്. ൫, എഴുകോൺ തൃപ്പലഴികത്തു മുറിയിൽ നെടുമ്പായിക്കുളത്തു വിളയിൽ വീട്ടിൽ ഗീവർഗ്ഗീസ്സു പണിക്കരു് കോശിപ്പണിക്കരു്. ൬, ടി കുണ്ടറച്ചേരിയിൽ വഴിതാനത്തു മത്തായി കപ്യാർ യോഹന്നാൻകപ്യാർ.

ടി പ്രതികളെയും കുണ്ടറപള്ളി ഇടവകയിൽപ്പെട്ട മററു സകല ജനങ്ങളേയും തെര്യപ്പെടുത്തുന്നത്.

മലങ്കരയാക്കോബായ സുറിയാനി സഭയിൽപ്പെട്ട കുണ്ടറപള്ളി ഇടവകക്കാരുടെ പ്രതിനിധിയെന്ന നിലയിൽ വാദികൾ വ്യവഹാരം നടത്തിക്കൊണ്ടു പോകുന്നതിനും കാതോലിക്കോസിന്റെ സഭയെ സംബന്ധിക്കുന്നതിനും പ്രതിനിധീകരിക്കുന്നതിനും അവരുടെ പ്രതിനിധികൾ എന്ന നിലയിൽ പ്രതികൾ ഈ കേസിനു ഉത്തരം ബോധിപ്പിച്ചു നടത്തുന്നതിനും അനുവദിക്കണമെന്നും മററും ബോധിപ്പിച്ചിരിക്കുന്ന ഹർജിയെപ്പററി ആർക്കെങ്കിലും വല്ല ആക്ഷേപവും ഉണ്ടെങ്കിൽ ൧൧൨൨ കുംഭമാസം ൨൬-ാംനു- പകൽ ൧൧ മണിക്കു ഈ കോടതിയിൽ ഹാജരായി ബോധിപ്പിച്ചു കൊള്ളണം

ഉത്തരവിൻപ്രകാരം
ശിരസ്തദാർ (ഒപ്പ്)
൧൧൨൨ കുംഭം ൮-ാംനു.

## പരസ്യം

—൦—

### എതൃകക്ഷിക്കു നോട്ടീസ്സ്

നെടുമങ്ങാട്ടു മുൻസിഫ്കോർട്ടിൽ
൧൧൨൪-ാമാണ്ട സിവിൽനമ്പ്ര-൧൩൩

വാദി:—പെരുംകുളംപകുതിയിൽ കടമ്പനാട്ടുമുറിയിൽ അറപ്പുരവീട്ടിൽനിന്നും പുലാത്തറവിളാകത്തുവീട്ടിൽ താമസം കല്യാണിപ്പിള്ള ഭഗവതിപ്പിള്ള.

പ്രതി:—നേമംപകുതിയിൽ പാപ്പനംകോട്ടു് റാഞ്ചിയൂരത്തിയറമഠത്തിൽ താമസം നീലമന കൃഷ്ണൻ ഗോവിന്ദൻ പോററി.

ടി പ്രതിയെ തെര്യപ്പെടുത്തുന്നത്

ടി നമ്പർ കാലഹരണമില്ലെന്നു സ്ഥാപിച്ച് വിധിനടത്തി കിട്ടാൻ ഉത്തരവുണ്ടാകണമെന്നും മററും വാദി ബോധിപ്പിച്ചിരിക്കുന്ന ൧൧൨൧-ാമാണ്ട് സിവിൽപലവക ൬൩൦-ാംനമ്പർ ഹർജിസംഗതി ൧൧൨൨-ാമാണ്ട കുംഭമാസം ൨൧-ാംനു- വിചാരണക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൧മണിക്ക് കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജന്റോ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെക്കൂടാതെ ഹർജി തീർച്ച്ചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)
൧൧൨൨-മകരമാസം-൨൮-ാംനു-

—൦—

## പ്രതിസമൻ

—൦—

വൈക്കം മുൻസിഫ്കോർട്ടിൽ,
൧൧൨൨-ൽ സിവിൽനമ്പ്ര-൬൫

വാദി:—പാണാവള്ളിപകുതിയിൽ ടി മുറിയിൽ ഉഴുത്തിലാംകുന്നത്തു പാക്കം കരിക്കാട്ടമ്പള്ളിൽ നാരായണൻ പരമേശ്വരകർത്താവു.

പ്രതികൾ:—൧. സക്കാർ അമ്പലപ്പുഴ ദേവസ്വംസൂപ്രണ്ടു എം. എൻ നാണുമേനവൻ. ൨-ാംപ്രതി മണക്കുന്നംപകുതി ഉദയംപേരൂർമുറിയിൽ മാങ്കാവിൽതെക്കേടത്തില്ലത്തു ദാമോദരൻ കുഞ്ഞൻ നമ്പൂരിപ്പാട്ട്.

ടി പ്രതികളെ തെര്യപ്പെടുത്തുന്നത്.

മേൽനമ്പ്രിൽ പ്രതികൾക്കു സമൻ അയച്ചതിൽ കൈപ്പററാതെ മടങ്ങിവന്നിട്ടുള്ളതും ടി കേസ്സ് പ്രതികൾ ഹാജരാകാൻ ൧൧൨൨- കുംഭമാസം ൨൧-ാംനു--ക്കു അവധിവച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൧-മണിക്കു പ്രതികളോ ക്രമപ്രകാരം അധികാരപ്പെടുത്തപ്പെട്ട വക്കീലോ ഏജന്റോ ഈ കോടതിയിൽ ഹാജരാകാതെ ഇരുന്നാൽ പ്രതികളെക്കൂടാതെ കേസ് തീരുമാനിക്കുന്നതാണ്.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)
൧ ൬-൧൧൨൨

—൦—

## പരസ്യനോട്ടീസ്

—൦—

സിവിൽനടപടിനിയമത്തിന്റെ
ആർഡർ 21 റൂൾ 64
വകുപ്പ്

കരുനാഗപ്പള്ളിമുൻസിഫ്കോർട്ടിൽ
1121-ാമാണ്ട സ്മാൾ 256-ാംനമ്പർ

വാദി—കരുനാഗപ്പള്ളിപകുതി മരുതൂർകുളങ്ങര തെക്കുംമുറി മാഞ്ഞുവീട്ടിൽ മുഹമ്മദുകുഞ്ഞുകോയാക്കുഞ്ഞു്

പ്രതി—ടി മുറിയിൽ കൊടയാട്ടുവീട്ടിൽഗോവിന്ദൻനായർദാമോദരൻനായർ

ടി പ്രതിയെ തെര്യപ്പെടുത്തുന്നത്

ടി നമ്പർപട്ടികവസ്തു ലേലത്തിൽ വിൽപ്പിച്ചു വിധിസംഖ്യ ഈടാക്കിക്കൊടുപ്പിക്കണമെന്നു വിധിയുടമസ്ഥൻ അപേക്ഷിച്ചിരിക്കുന്നതും, പരസ്യത്തിൽ അടങ്ങേണ്ട വിവരങ്ങളെപ്പററിയും മററും വ്യവസ്ഥപ്പെടുത്തുന്നതിനു 1122-ാമാണ്ട കുംഭമാസം 24-ാംനു-ക്കു അവധി നിശ്ചയിച്ചിരിക്കുന്നതുമാകയാൽ വിവരംതെര്യപ്പെടുത്തിയിരിക്കുന്നു.

ഉത്തരവുംപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)
1122-മാണ്ട കുംഭമാസം 9-ാംനു-

—൦—

### സിവിൽപലവക ഹർജി വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ച് എതൃകക്ഷിക്കു നോട്ടീസ്സ്

വൈക്കം മുൻസിഫ്കോർട്ടിൽ
൧൧൨൨-ാണ്ട് സിവിൽ-൬൫

വാദി:—പാണാവള്ളിപകുതി ടി മുറിയിൽ ഉഴുത്തിലാംകുന്നത്തു താമസിക്കും കരിക്കാട്ടമ്പള്ളിൽ നാരായണൻ പരമേശ്വരകർത്താവു.

പ്രതി:—മണക്കുന്നം ഉദിയംപേരൂർമുറിൽ മാങ്കാവിൽ തെക്കടത്തില്ലത്തു ദാമോദരൻ കുഞ്ഞൻ നമ്പൂരിപ്പാട്ട്.

ടി പ്രതിയെ തെര്യപ്പെടുത്തുന്നത്.

ഇഞ്ചക്ഷൻ അനുവദിച്ചു ഉത്തരവുണ്ടാകണമെന്നുംമററും വാദി ബോധിപ്പിച്ചിരിക്കുന്ന ൧൧൨൨-ാമാണ്ട് സിവിൽപലവക ൧൨൯൦-ാംനമ്പർ ഹർജിസംഗതി ൧൧൨൨-ാമാണ്ട് കുംഭമാസം ൨൧-ാംനു- വിചാരണക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൧-മണിക്ക് കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജന്റോ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളണം. അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെ കൂടാതെ ഹർജി തീർച്ച്ചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)
൧൧൨൨-കുംഭമാസം ൧-ാംനു-

—൦—

## പരസ്യം

മീനച്ചിൽമുൻസിഫ്കോടതിമുമ്പാകെ
116-ൽ ഡി. ആർ. പി. നമ്പ്ര 126

ഹർജിക്കാരൻ—ളാലംപകുതിയിൽ ടി മുറിയിൽ മണിമലക്കാടൻകാവിൽ മത്തായിമത്തായി
വക്കീൽ കെ. എൻ. ഈശ്വരയ്യർ

എതൃഹർജിക്കാരൻ—ളാലംപകുതിയിൽ ടി മുറിയിൽ ഞാവള്ളി വിലങ്ങുപാറ തൊമ്മിചെറിയാൻ മരിച്ചു

കൂട്ടതൽ എതൃഹർജിക്കാരൻ—കൊച്ചിൻസ്റ്റേററിൽ ചേലക്കര മീനച്ചിൽ ഞാവള്ളി വിലങ്ങുപാറ ചെറിയാൻസബാസ്ത്യൻ

മേൽനമ്പ്രകേസ്സിൽ എതൃഹർജിക്കാരനെ തെര്യപ്പെടുത്തുന്നത്

മേൽനമ്പർകേസിൽ ഹർജിക്കാരൻ 116-ലെ രണ്ടാംആക്ട് എട്ടുംഒൻപതും വകുപ്പുകൾഅനുസരിച്ചു എതൃഹർജിക്കാരനു ചെല്ലുവാനുള്ള ബാക്കി പണം മുഴുവനും കോടതിയിൽ കെട്ടിവച്ചു മേൽനമ്പരിനുആസ്പദമായ ഇടപാട്ടു തീർന്നതായി സ്ഥാപിക്കണമെന്നു ഹർജി ബോധിപ്പിച്ചിരിക്കുന്നതിനാൽ വല്ല ആക്ഷേപവുമുണ്ടെങ്കിൽ 1122 കുംഭം 24-ാംനു- പകൽ 11 മണിക്കു നേരിട്ടോ വക്കീൽമുഖാന്തിരമോ ആക്ഷേപം ബോധിപ്പിച്ചുകൊള്ളേണ്ടതും അപ്രകാരം ആക്ഷേപം ബോധിപ്പിക്കാതിരുന്നാൽ തക്കമൊന്നുമില്ലെന്നുകണ്ടു് ഹർജിക്കാരൻ ബോധിപ്പിച്ചിരിക്കുന്ന ഹർജിഅനുവദിച്ചുത്തരവു ചെയ്യുന്നതാണെന്നുള്ള വിവരം അറിയിച്ചുകൊള്ളുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)
1122 കുംഭം 6-ാംനു-

—൦—

## പ്രതിസമൻസ്

ഹരിപ്പാട്ടു മുൻസിഫ്കോർട്ടിൽ
൧൧൨൨ സി ൬൭.

വാദി:—കിഴക്കേക്കരപകുതി ചിലാപ്പുഴമുറിയിൽ പേരകത്തു റി. എം. അബ്ദുൽകാദിർകുഞ്ഞു്.

പ്രതി—അമ്പലപ്പുഴ പകുതിയിൽ കാക്കാഴംമുറിയിൽ അരീപ്പുറത്തു ഏ. മുഹമ്മദുകുഞ്ഞു്.

ടി പ്രതിയെ തെര്യപ്പെടുത്തുന്നത്.

മേൽനമ്പരിൽ പ്രതിയുടെമേൽ വാദി ബോധിപ്പിച്ചിരിക്കുന്ന അന്യായത്തിനുത്തരംപറവാൻ ൧൧൨൨ കുംഭം ൨൬-ാംനു- പകൽ ൧൧ മണിക്കു പ്രതി നേരിട്ടോ നിയമപ്രകാരം അധികാരപ്പെടുത്തിയ വക്കീൽമുഖാന്തിരമോ ഈ കോടതിയിൽ ഹാജരാകാതെയിരുന്നാൽ പ്രതിയെ കൂടാതെ മേൽനമ്പർ തീർച്ചചെയ്യുന്നതാണ്.

ഉത്തരവിൻപ്രകാരം
൩-൬-൧൧൨൨ ഹെഡ്ഗുമസ്തൻ (ഒപ്പ്)

# സ്വതന്ത്രഭാരതവും ഹിന്ദുസ്ഥാനിയും

എൻ. ദിവാകരൻ

[സ്വതന്ത്രഭാരതത്തിലെ ൪൦ കോടിയുടെയും ജാതകം കുറിക്കുന്നത് ഏതൊരു ഭാഷയിലാണോ, ആ ഹിന്ദുസ്ഥാനിഭാഷയെപ്പററി ദേശീയതയുടെ കണിക എങ്കിലും ഉള്ളവർക്ക് അഭിമാനംകൊള്ളാതിരിക്കാൻ വഴി കാണുന്നില്ല. ഒരു സ്വതന്ത്രരാഷ്ട്രത്തിന് ഒരു ദേശീയഭാഷ ഉണ്ടായിരിക്കേണ്ടതിന്റെ പ്രാധാന്യത്തെപ്പററി ഐക്യരാഷ്ട്രസമിതിയിലെ ഓരോ രാജ്യത്തിന്റെയും ചരിത്രം നോക്കിയാൽ ബോധ്യമാകുന്നതാണ്. ഇററലി, ഫ്രാൻസ്, ജർമ്മനി, ഗ്രീസ് തുടങ്ങിയ പാശ്ചാത്യ രാജ്യങ്ങൾക്ക് ഓരോന്നിനും പ്രത്യേകം പ്രത്യേകം ഭാഷയുണ്ട്. അവരുടെ അന്തർരാഷ്ട്രീയകാര്യങ്ങൾ നിർവഹിക്കുന്നതു സ്വന്തം ഭാഷവഴിതന്നെയാണ്.

ചുവടേ ചേർക്കുന്നത് ഹിന്ദുസ്ഥാനി മാതൃഭാഷയായിട്ടുള്ളവരെ ഉദ്ദേശിച്ചു പ്രൊഫസർ ലക്ഷ്മീകാന്തത്രിപാഠി എം. എ. എഴുതിയ ഒരു ഹിന്ദിലേഖനത്തിന്റെ പരിഭാഷയാണ്. പ്രസ്തുത ലേഖനത്തിൽ അദ്ദേഹം, ഭാഷയുടെയും സംസ്കാരത്തിന്റെയും നിത്യദാസ്യത്തിൽപെട്ട നമ്മുടെ ദേശീയത്വം ലജ്ജാകരമാംവണ്ണം അധഃപതിച്ചുപോയിട്ടുണ്ടെന്നു ചൂണ്ടിക്കാണിച്ചിരിക്കുന്നു. ലേഖനത്തിൽ പറയുംപോലെ സ്വഥാ ദേശീയഭാഷയ്ക്കു അർഹമായ ഹിന്ദുസ്ഥാനി മാതൃഭാഷയായിട്ടുള്ളവരുടെ സ്ഥിതി ഇതാണെങ്കിൽ മലയാളക്കരയിലുള്ള ആംഗലവിദ്യാവിഭീഷണന്മാർ ഇംഗ്ലീഷിന് ഹിന്ദുസ്ഥാനിയുടെ മൂലഭാഷയെന്നു സ്ഥാനം നൽകുന്നതിനു സാഹസപ്പെടുന്നതിലും അത്ഭുതപ്പെടേണ്ടതില്ല. ഇവിടത്തെ ദേശീയനേതാക്കന്മാർപോലും ഭാഷാപരമായ കാര്യത്തിൽ ഇന്നുവരെ എന്തെങ്കിലും ചെയ്തിട്ടുണ്ടോ എന്നു സംശയമാണ്. മലയാളഭാഷയെക്കൂടി ഉദ്ദേശിച്ചാണ് ഇതു പരിഭാഷപ്പെടുത്തേണ്ടിവന്നത്. ഹിന്ദുസ്ഥാനി എന്നു പറയുന്നിടത്ത് മാതൃഭാഷ (നമ്മെ സംബന്ധിച്ചിടത്തോളം മലയാളം) എന്നാക്കിയാൽ ലേഖനത്തിൽ പറയുന്നതു മുഴുവനും പരമാർത്ഥമാണെന്ന് ഏതൊരു മലയാളിക്കും ബോദ്ധ്യമാകുന്നതാണ്. ഇംഗ്ലീഷ് വളരെ ഒന്നും വശമില്ലാത്തവരായ മലയാളം അദ്ധ്യാപകന്മാർപോലും വിദ്യാർത്ഥികളുടെ ഇടയിൽ 'പിടിപ്പ്' സമ്പാദിക്കുന്നതിനുവേണ്ടി സ്ഥാനത്തും അസ്ഥാനത്തും ആംഗലപദങ്ങൾ തിരുകിക്കയററുന്നതിനു ശ്രമിക്കുന്നു എങ്കിൽ മററുള്ളവരുടെ കാര്യത്തിൽ ആവലാതിപ്പെടേണ്ട കാര്യമില്ലല്ലോ.

"കൈരളികല്യാണി ഭാർഗ്ഗവക്ഷേത്രത്തിൽ
കൈരണ്ടും കൂപ്പി തൊഴുതിടേണ്ടോൾ
നാമക്കളെ കണ്ടു കണ്ടു തന്നോമന-
നാമവുംകൂടി മറന്നുവല്ലോ? — എന്നു നമ്മുടെ മഹാകവി നേരത്തേക്കൂട്ടി പരാതിപ്പെട്ടിരുന്നു എങ്കിലും അതു ഉൾക്കൊള്ളുന്നതിനു ഇന്നുവരെ കാതുകൾ ഉണ്ടായിട്ടില്ലെന്നു തോന്നുന്നു.]

ഇന്നത്തെ നിലയ്ക്കു ഭാരതത്തിന്റെ ഏകതയെ നിലനിർത്തുന്നതിനു പൊതുഭാഷാപ്രശ്നവും ഏകശാസനത്തോടൊപ്പംതന്നെ പ്രാധാന്യം അർഹിക്കുന്നുണ്ടെന്നുള്ളതിൽ രണ്ടുപക്ഷത്തിനു വകകാണുന്നില്ല. റെയിൽവേ, റേഡിയോ, വായുയാനം തുടങ്ങിയവയുടെ ഈ യാന്ത്രികയുഗത്തിൽപോലും മഹാഭൂവിഭാഗമായ ഭാരതത്തിന്റെ എല്ലാം ഭാഗത്തും ഉള്ള ഭരണകാര്യത്തിൽ ഐകരൂപ്യം വന്നുചേർന്നിട്ടില്ല. അതുപോലെ ദേശത്തിന്റെ വിവിധഭാഗത്തെ അധിവസിക്കുന്ന ജനതയുടെ മാതൃഭാഷ ഒന്നുതന്നെ ആയിരിക്കുക എന്നുള്ളതും അസാദ്ധ്യമാണ്. എന്നിരുന്നാലും ഒരേമണ്ണിൽ ജീവിക്കുന്ന ആളുകൾക്ക് പരസ്പരസഹകരണം കൂടാതെ കഴിയുക സാദ്ധ്യമല്ലാതിരിക്കുന്നതിനാൽ വിശ്വാസപൂർണ്ണമായ സഹകരണത്തിനും ദേശത്തിന്റെ ആരോഗ്യകരമായ വളർച്ചയ്ക്കും ഏതെങ്കിലും ഒരു പൊതുഭാഷ ജീവിതപ്രാധാന്യം അർഹിക്കുന്നുണ്ടെന്നുള്ളതിൽ തർക്കമുണ്ടാവുകയില്ല. ആ ഭാഷ അഭ്യസ്തവിദ്യർക്കുപുറമെ വിദ്യാസമ്പന്നരല്ലാത്തവർക്കും ഏതാണ്ട് ഗ്രഹിക്കാവുന്നതാണെങ്കിൽ അതിന്റെ വൈശിഷ്ട്യം ഒന്നു പ്രത്യേകംതന്നെ ആയിരിക്കും. വീടുകളിൽ അവനവന്റെ മാതൃഭാഷ സംസാരിക്കുന്നു. കുട്ടികളെ ആദ്യമായി മാതൃഭാഷയിൽ അഭ്യസിപ്പിക്കുന്നു. തന്റെ നാട്ടിനുള്ളിലുള്ള (പ്രവിശ്യയോ സംസ്ഥാനമോ) കാര്യങ്ങളും അതേ ഭാഷയിൽതന്നെനിർവഹിക്കുന്നു. പക്ഷെ അന്യപ്രവിശ്യയുമായോ സംസ്ഥാനവുമായോ കൂടിച്ചേർന്നോ അവയോടൊത്തോ ഇടപെടേണ്ടിവന്നാൽ എല്ലാവർക്കും ഒരുപോലെ 'സുഗ്രാഹ്യമായ' പൊതുഭാഷകൊണ്ടുമാത്രമേ കാര്യം നടക്കുകയുള്ളൂ. ഇപ്പോൾവരെ നാം ഈ സംഗതി അടിമത്വത്തിന്റെയോ അജ്ഞതയുടേയോ തിരിപ്പിൽപെട്ട ഇംഗ്ലീഷുഭാഷ മുഖേന നിർവഹിച്ചുവരികയായിരുന്നു. ഇന്നാകട്ടെ കാൺഗ്രസ്സ്, ലീഗ്, മററു പൊതുസംഘടനകൾ ഇവ എല്ലാംതന്നെ വിദേശഭാഷയുടെ സഹായം കഴിവുള്ളിടത്തോളം പരിമിതമായിട്ടുമാത്രമെ സ്വീകരിക്കുകയുള്ളൂ എന്ന നിലയിലായിക്കഴിഞ്ഞിരിക്കുന്നു. ഹിന്ദുസ്ഥാനിയുടെ പ്രചാരം വളരെ ശക്തിയായി നടന്നുവരുന്നു. പ്രതിദിനം എന്നോണം അതിന്റെ സ്ഥാനം വർദ്ധിച്ചുവരുന്നതോടൊപ്പം ഇംഗ്ലീഷിന്റെ പണ്ടത്തെ മാനം ശിഥിലമായും വരുന്നുണ്ട്. ഇതൊക്കെ ആയിഎങ്കിലും ഇംഗ്ലീഷിനോടുള്ള ആ മോഹം നമ്മുടെ മനസ്സിൽനിന്നു ഇനിയും വിട്ടുമാറിയിട്ടില്ലെന്നു സമ്മതിക്കാതെ തരമില്ല. ഇതു ഭാരതത്തിന് നൂതനവ്യവസ്ഥിതികൾ ഉണ്ടാകാൻപോകുന്ന ഒരു കാലഘട്ടമാണല്ലോ. ഭരണകാര്യങ്ങൾക്കായി പുതിയ ഒരു സർക്കാർതന്നെ രൂപീകൃതമായിക്കഴിഞ്ഞിരിക്കുന്നു. നമ്മുടെ രാഷ്ട്രത്തിന്റെ ഭാവിനന്മതന്നെ ഹിന്ദുമുസ്ലീം ഐക്യത്തിൽ അധിഷ്ഠിതമായിരിക്കുകയാണ്. അതു എത്രയുംവേഗം ഉണ്ടായേ മതിയാവൂ. ഏതായാലും ഇന്നു ഇംഗ്ലീഷിനു ലഭിച്ചിട്ടുള്ള സ്ഥാനം അടുത്തഭാവിയിൽ ഹിന്ദുസ്ഥാനിക്കുതന്നെ ആയിരിക്കുമെന്നുള്ളതിൽ യാതൊരഭിപ്രായവ്യത്യാസവും ഉണ്ടായിട്ടില്ല.

ഹിന്ദുവും മുസൽമാനും മററുള്ളവരും തന്നെ ഹിന്ദുസ്ഥാനി സംസാരിക്കുന്നഭാഗങ്ങളാണ് ബിഹാർ, യു. പി. ദില്ലി, പഞ്ചാബ്, രാജപുട്ടാണം, മാൾവാ, സെൻട്രൽഇൻഡ്യാ, സി. പി. മുതലായ സ്ഥലങ്ങൾ. അവരുടെ ദൈനംദിനകാര്യങ്ങൾ വരെ ഈ ഭാഷയിലാണ് നിർവഹിച്ചുവരുന്നത്. തങ്ങളുടെ ഇടയിൽനിന്നു കഴിവുള്ളിടത്തോളം ഇംഗ്ലീഷ് ബഹിഷ്കരിക്കേണ്ടതും അവരുടെ കർത്തവ്യമാണ്. അതിനു പ്രത്യേകം പരിശീലിക്കേണ്ട ഒരവസ്ഥയാണ് നിർഭാഗ്യവശാൽ ഇന്നു നിലവിലുള്ളത്. അത്രമാത്രം നമ്മുടെ പെരുമാററങ്ങൾ വഷളായിട്ടുണ്ട്. പിതാവുപുത്രന്മാരായിട്ടാകട്ടെ, ഗുരുശിഷ്യന്മാരായിട്ടാകട്ടെ, സ്നേഹിതന്മാർതമ്മിൽ ആകട്ടെ ലേഖവ്യവഹാരം ഇംഗ്ലീഷിലേ ചെയ്യുകയുള്ളൂ. സ്കൂളുകളിലും കാളേജുകളിലും പഠിക്കുന്ന വിദ്യാർത്ഥികൾ അന്യോന്യം സംസാരിക്കുന്നതുതന്നെ മിക്കവാറും ഇംഗ്ലീഷിലാണ്. ഇംഗ്ലീഷുപത്രങ്ങൾ മററുപത്രങ്ങളേക്കാൾ അധികം ചെലവഴിയുന്നു. അധികം ആളുകളും വിവാഹം, വ്യാപാരം, ഉദ്യോഗം ഇവയുടെ അറിയിപ്പുകൾ, ചേലപ്പരസ്യം, ഔഷധപരസ്യം വ്യാവസായികോൽപ്പന്നങ്ങളെ സംബന്ധിച്ചുള്ള പരസ്യം ഇവ എല്ലാം ഇംഗ്ലീഷ് പത്രങ്ങളിലാണ് പ്രസിദ്ധീകരിച്ചുവരുന്നത്. ഇംഗ്ലീഷ് വശമല്ലാത്ത ആളുകൾപോലും തങ്ങളുടെ കാര്യങ്ങൾ ഇംഗ്ലീഷിൽ പരസ്യംചെയ്യിക്കുന്നതിൽ ശാഠ്യം പിടിക്കുന്നതു കാണാം. ഇംഗ്ലീഷിൽ വലിയ അറിവൊന്നും ഇല്ലാത്ത എത്രയോ ധനികന്മാർ തങ്ങളുടെ അന്തസ്സു പാലിക്കാനായി പ്രസ്തുത പത്രങ്ങൾ വാങ്ങുന്നതും ആർക്കും അറിയാവുന്ന ചില പരമാർത്ഥങ്ങളിൽ ഒന്നാണ്. ഇതുമല്ല, അക്കൂട്ടർ സ്ഥാനത്തും അസ്ഥാനത്തും കൂടക്കൂടെ ആംഗലപദങ്ങൾ എടുത്തുകാട്ടി 'ധാര'യാകാൻ ശ്രമിക്കുന്നതും നിത്യവും കാണാവുന്ന തമാശയാണ്. വിവാഹാദിഗാർഹികകാര്യങ്ങൾക്കു ക്ഷണക്കത്തുകൾ അയയ്ക്കുന്നതുപോലും ഇംഗ്ലീഷിൽ. ഈ ഇനം കാര്യങ്ങൾക്കു അവ അർഹിക്കുന്ന ഗൌരവം വരണമെങ്കിൽ ഇംഗ്ലീഷിൽതന്നെ ആയിരിക്കണമെന്നു ശഠിക്കുന്ന ഭാഷാവിഭീഷണന്മാരും അപൂർവമല്ല. എന്തിനേറെ, പീടികകൾ, വീടുകൾ, ഇവയുടെ ബോർഡുകളിൽ നാടൻ അക്ഷരങ്ങൾ കാണാൻ കൊതിയായിരിക്കുന്നു. വീട്ടുകണക്ക്, ധോബിയുടെ മുണ്ടുകണക്ക് ഇതെല്ലാം ഇംഗ്ലീഷിൽ എഴുതി കൃതാർത്ഥത അടയുന്നു. വളരെ ആളുകളും തങ്ങളുടെ ഡയറിയും യജമാനഭാഷയിൽ തന്നെ സൂക്ഷിക്കുന്നു. മുനിസിപ്പാലിററികളുടെ ഏതു ബോർഡുനോക്കിയാലും തഥൈവ, സർക്കാർ ആഫീസുകളാണെങ്കിൽനിരുപാധികം ഇംഗ്ലീഷുഭരണത്തിനു വിധേയം തന്നെ.

നമ്മുടെ സ്കൂളുകളുടെയും കാളേജുകളുടെയും സ്ഥിതി ഇതിലും ശോചനീയമാണ്. മെക്കാളെ * യുടെ കാലംമുതൽ ഇന്നുവരെ നമ്മുടെ കുട്ടികളുടെ വിദ്യാഭ്യാസം ഇംഗ്ലീഷുഭാഷവഴിക്കാണ് നടത്തിവന്നതു. എന്നാൽ ഈ അടുത്തകാലത്തു് ഇതിൽ കുറെക്കെ വ്യതിയാനം സംഭവിച്ചിട്ടുണ്ട്. ഇപ്പോൾ സ്കൂളുകളിൽ ഏറെക്കുറെ ഹിന്ദുസ്ഥാനിയിൽതന്നെ പഠിത്തം തുടരുന്നു. കുട്ടികൾ പരീക്ഷയ്ക്കു മാതൃഭാഷയിൽ ഉത്തരം എഴുതിയാൽ മതിയെന്നായിട്ടുണ്ട്. അധികംസ്കൂളുകളിലും പഴയ രീതിയിൽ തുടർന്നുവന്ന അദ്ധ്യാപകന്മാർ ഇനിയും ഇംഗ്ലീഷിന്റെ ദാസ്യം കൈവെടിയാൻ തയ്യാറായിട്ടില്ല. പുതിയ ഏർപ്പാടുകൾ കുട്ടികളുടെ ഇംഗ്ലീഷ് സ്റ്റാൻഡേർഡു കുറച്ചുകളയുന്നതിനു കരുതിക്കൂട്ടിയുള്ളതാണെന്നു ആവലാതിപ്പെടുന്ന രക്ഷിതാക്കളും കുറവല്ല. നമ്മുടെ കാളേജുകളിലോ യൂണിവേഴ്സിററികളിലോ ഇന്നുവരെ നമ്മുടെ ഭാഷകൾക്കു മതിയായ സ്ഥാനം ലഭിച്ചിട്ടില്ല. അവിടങ്ങളിലെല്ലാം ഇംഗ്ലീഷ് റാണിയും നമ്മുടെ ഭാഷകൾ ദാസികളുമായിട്ടാണു കാണപ്പെടുന്നതു്. നമ്മുടെ പ്രഫസർമാർക്ക് ഇംഗ്ലീഷിലെ ലക്ചർ വരികയുള്ളു. വലിയവലിയ പുസ്തകങ്ങൾ എല്ലാംതന്നെ ഇംഗ്ലീഷിലാണ്. നാം നമ്മുടെ പൂർവ്വികന്മാരുടെ കഥകൾപോലും വിദേശഭാഷയിൽ പഠിക്കാൻ ബാദ്ധ്യസ്ഥരാണ്. ബിരുദങ്ങൾ നൽകുമ്പോൾ ബിരുദധാരികളെ അഭിസംബോധനം ചെയ്തുകൊണ്ടുള്ള പ്രസംഗവും മേപ്പടിതന്നെ. 'ഹിന്ദുസ്ഥാനി' യൂണിവേഴ്സിററിയിലെ ആഫീസുകളിൽ ബന്തികളുടെയും ശിപായിമാരുടെയും ഭാഷമാത്രം. ഇങ്ങേഅററംമുതൽ അങ്ങേ അററംവരെ യൂണിവേഴ്സിററികളിൽ പാശ്ചാത്യ അന്തരീക്ഷം കളിയാടുന്നു. പ്രത്യേകം ചില വിദ്യാലയങ്ങളിലെ സ്ഥിതി ഇതിലും അത്ഭുതാവഹമാണ്. ഉദാഹരണത്തു് റൂഡ്കിയിലെ ഇഞ്ചിനീയറിംഗ് കാളേജ് ലക്നൗ ആഗ്രാ ഇവിടങ്ങളിലെ മെഡിക്കൽ കാളേജുകൾ, ഡെറാഡൂണിലെ ഫാറസ്റ്റ്കാളേജ് ഇവിടെഎല്ലാം വിദ്യാർത്ഥികളെ തനി പാശ്ചാത്യമട്ടുകളിൽ ജീവിക്കാൻ നിർബന്ധിക്കുന്നു മററു പലയിടത്തും നാടൻരീതിയിൽ വസ്ത്രധാരണം ചെയ്യുക മാതൃഭാഷ സംസാരിക്കുക കത്തിയും മുള്ളും കൂടാതെ ഭക്ഷണംകഴിക്കുക ഇവ വിദ്യാർത്ഥികളുടെ സ്വഭാവദൂഷ്യമായി പരിഗണിക്കുകയും റിക്കാർഡുകളിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു. (ഇതനുള്ള സന്ദർഭം ലഭിക്കാത്തതിൽ ജീവിതനൈരാശ്യം അനുഭവിക്കുന്ന ഭാരതീയരെപ്പററി സ്മരിക്കുന്നതു സന്ദർഭോചിതമായിരിക്കും.)

ഇതെല്ലാംതന്നെ ലാഡ് മെക്കാളെ തന്റെ പ്രസിദ്ധമായ നോട്ടിൽ ഭാരതീയരെപ്പററി അന്നുതന്നെ നിഗമനംചെയ്തിരുന്ന അടിമഭാവത്തിന്റെ നഗ്നരൂപം മാത്രമാണ്. നമ്മുടെ വിദ്യാർത്ഥികൾ ഇവിടത്തെ മണ്ണിൽ പിറന്നവരാണ് അവരുടെ സിരകളിൽ ഭാരതീയരക്തം പ്രവഹിക്കുന്നു. ഇക്കാരണങ്ങളാൽ അവർ ഭാരതീയരാണെന്നിരുന്നാലും പെരുമാററത്തിലും, ചിന്താഗതിയിലും, ധിഷണാവ്യാപാരത്തിലും ഇംഗ്ലീഷുകാരാക്കപ്പെട്ടു വരികയാണ്. രാഷ്ട്രീയപാരതന്ത്ര്യത്തെക്കാൾ നമ്മെ ബാധിച്ചിരിക്കുന്നതു മാനസികമായ അടിമത്വമാണ്. ഈ മാനസികപാരതന്ത്ര്യത്തെ ഉന്മൂലനംചെയ്യാതെ നമുക്ക് ഒരു കാലവും പൂർണ്ണസ്വരാജ് സിദ്ധിക്കുവാൻ പോകുന്നില്ല. പലകുറി ജയിൽവാസം വരിച്ചിട്ടുള്ള സ്വാതന്ത്ര്യപ്രേമികളായ നമ്മുടെ അനേകദേശീയനേതാക്കന്മാർപോലും ഈ രംഗത്തിൽനിന്നു വിമുക്തരല്ല. സ്വാമി ദയാനന്ദ്ജി ഒരിക്കൽ പറയുകയുണ്ടായി—നമ്മുടെ നേതാക്കന്മാർ ചർച്ചാവിഷയങ്ങളുടെ ഗൌരവം അർഹിക്കുന്ന ഘട്ടം വരുമ്പോൾ ഇംഗ്ലീഷിൽ പറഞ്ഞുതുടങ്ങുന്നു—എന്ന്. നമ്മുടെ നേതാക്കന്മാരും മന്ത്രിമാരും സാധാരണ ജനങ്ങളെ ഉദ്ദേശിച്ചു നടത്തുന്ന റേഡിയോപ്രഭാഷണങ്ങളും ഇംഗ്ലീഷിലാണ്. ഇതു ലജ്ജാകരമെന്നല്ലാതെ എന്തു പറയേണ്ടു. ഈ നേതാക്കന്മാരിൽ ചിലരുടെ അഭിപ്രായം, ഹിന്ദിയിൽ എഴുതുകയോ പറയുകയോ ചെയ്യുന്നതുമൂലം കാര്യത്തിന്റെ ഗൌരവം കുറഞ്ഞുപോകുന്നു എന്നാണ്. സംഭാഷണത്തിലാണെങ്കിൽ, വിദ്യാർത്ഥിയും അദ്ധ്യാപകനും, പ്രഫസറും, വക്കീലും ഡാക്ടരും, എഡിററരും എല്ലാം ഒരുതരം വെങ്കല ഭാഷയാണ് ഉപയോഗിക്കുന്നതു്. പകുതിയിൽ കൂടുതലും ഇംഗ്ലീഷ് ശബ്ദങ്ങളായിരിക്കും. സ്വതന്ത്രരാഷ്ട്രം, സ്വതന്ത്രരാഷ്ട്രം എന്നു മുറവിളി കൂട്ടുന്നതിനോടൊപ്പം ഇത്തരം ലജ്ജാകരമായ തമാശകൾകൂടി കാണുക എന്നു പറഞ്ഞാൽ അതിന്റെ അർത്ഥമെന്താണ്?

ഹിന്ദുസ്ഥാനി ദേശീയഭാഷയാക്കാനാണെ നാം ഉദ്ദേശിക്കുന്നെങ്കിൽ വിദ്യാഭ്യാസപരവും, വ്യാപാരപരവും, പാരസ്പരികവും, ഗാർഹികവുമായ എല്ലാ കാര്യങ്ങളിലും അതിനെ സ്വീകരിക്കുകയും കഴിയുന്നിടത്തോളം ഇംഗ്ലീഷ് ബഹിഷ്കരിക്കയും വേണം. ദേശീയസ്വാതന്ത്ര്യത്തോടൊപ്പം ഭാഷാപരവും മാനസികവുമായ പരവശതയ്ക്കും പരിഹാരം നേടേണ്ടതു് ഏററവും അത്യാവശ്യമാണ്. ഇതു സാദ്ധ്യമാകാത്തിടത്തോളംകാലം നാം അർദ്ധസ്വരാജിൽ കിടന്നുഴലുകമാത്രമായിരിക്കും. അല്ലെങ്കിൽ ദീർഘകാലത്തിനുശേഷം മുക്തനായി സ്വർഗ്ഗത്തിന്റെ മദ്ധ്യത്തിൽ ചെന്നു പരിഹാസ്യനായി വീണ്ടും പഞ്ജരത്തിൽ ചേക്കു മടങ്ങുന്ന ശുകത്തിന്റെ നിലയായിരിക്കും നമുക്കും ഉണ്ടാകുക എന്നതു്. ഇംഗ്ലീഷിന്റെ ദാസ്യബന്ധത്തിൽനിന്നും വിട്ടുമാറുന്നതിനും പെട്ടെന്നുതന്നെ പുതിയ രീതി സ്വീകരിക്കുന്നതിനും കുറെ വൈഷമ്യങ്ങൾ തോന്നിയേക്കാം. പക്ഷെ അതത്ര വലിയകാര്യമല്ല. ഒരിക്കൽ അങ്ങനെ ചെയ്യാൻ നിർബന്ധിതരാവുകതന്നെ ചെ

(ശേഷം ൧൪-ാംപേജിൽ)

* ഭരണീയരിൽ ഒരു അടിമമനസ്ഥിതി രൂഢമൂലമാക്കേണ്ടതു് ഭരണകർത്താക്കളുടെ രക്ഷയ്ക്കും നിലനില്പിനും ഏററവും അത്യാവശ്യമാണെന്നു ബ്രിട്ടീഷ് രാജ്യതന്ത്രജ്ഞന്മാർ പ്രാരംഭകാലത്തുതന്നെ ശരിക്കു മനസ്സിലാക്കിയിരുന്നു. ഭാഷയും വേഷഭൂഷാദികളും മാത്രംകൊണ്ടു നാട്ടുകാരെ തങ്ങളുടെ പാദസേവകന്മാരാക്കാമെന്നു മനസ്സിലാക്കുകയും, ആംഗലഭാഷാപ്രചരണത്തിനു കാര്യമായ വ്യവസ്ഥകൾ ചെയ്യുവാൻ പ്രേരിപ്പിക്കുകയും ചെയ്തതു് മെക്കാളെ സായ്പായിരുന്നു.



# പാകിസ്ഥാൻ

—:*:—

പി. എസ്സ്. നായർ

(ഗാഥ)

ഭാരതംഭാഗിച്ചുപങ്കിട്ടെടുക്കുവാ-
നാരംഭശൂരന്മാരിന്നനേകം
കൗരവന്മാർപണ്ടു പാണ്ഡവരോടായി-
ട്ടോരോടിപ്പോരുമുടിച്ചപോലെ,
പാരംപരിശ്രമം ചെയ്യുവതെന്നതി-
ന്നാരറിയാത്തുള്ളപാരിടത്തിൽ?
ജാതിമതംവേറെയെന്നുപറഞ്ഞിതാ
പാതിരാജ്യംവേണമെന്നവാദം,
കാതിൽശ്രവിക്കമ്പോളൊക്കമതിലതി-
ഖേദംവളക്കാതിരുന്നിടുന്നോ?
ഹിന്ദു,മുസ്ലീം,ക്രിസ്ത്യൻ,സിക്കുകാരേവരും
ഇന്ത്യക്കാരാദ്യം—മതംദ്വിതീയം
സ്വാതന്ത്ര്യമെന്നഭിമാനമല്ലാത്തവ-
നെന്തിന്നു കുമീയൂഴിയിന്മേൽ!
പാകിസ്ഥാൻ, ഹിന്ദുസ്ഥാനെന്ന പലേ-
മേകിയൊരാജ്യം വിഭാഗങ്ങളായ് (പേരു
നീക്കിച്ചെറുതാക്കി, ശക്തിയില്ലാതാക്കി-
യാക്കമെതാക്കുവാൻമാറ്റമാക്കി
തീക്കനലാമെന്നൊരു കക്ഷികൗശല-
മാക്കുവാൻമാത്രം ... ബുദ്ധിയുള്ള
മക്കളില്ലാതില്ലീമണ്ണിൽജ്ജനിച്ചവ-
രുക്കറ്റോരായുണ്ടു പണ്ടുപണ്ടേ.
കാളകാനാളെന്നൊന്നിച്ചൊരുമിച്ചു
നീളവേമേഞ്ഞുനടന്നിടുന്ന
വേളയിലുഗ്രം കേസരി വന്നൊരു
നാളിലവരെപ്പിടിച്ചതിനാൻ
പാളയംകെട്ടിയിരുന്നുപൊരുതവ-
താളത്തിലായ് മൃഗരാജശക്തി.
ആലോചിച്ചന്തമില്ലാതെ കുഴങ്ങി,നാ-
ല്വാലികൾക്കന്നൊളളാരൈക്യം കണ്ടും
ന്യാലനാമന്ത്രിചെന്നേകനായ് മന്ത്രിച്ചു,
നാലിനെനാലുവഴിതിരിച്ചു.
ആളറിയാതായി കാളകൾതങ്ങളി-
ലാളുന്നസ്പർദ്ധമുഴുത്തമൂലം.
വാലുതിരിച്ചവർ നില്ക്കുന്നതുകണ്ടു
കാലൻ കടലനസിംഹംവന്നു,
ചാലെപ്പിടിച്ചടിച്ചോരോന്നിനെക്കൊന്നു
മാലിന്നടങ്ങാതെ നന്നായ്ത്തിന്നു.
എന്തിത്ര തർമീരെയെൻ ഹിന്ദുക്കളേ,മുസ്ലീം
ബന്ധുക്കളേയുപമിച്ചിടേണ്ടു?
ഭോക്കുവടക്കുകടക്കാം ഹിമാചല-
മാക്കാംകടക്കവാൻശക്യമല്ലാ.
തെക്കുംകിഴക്കുംപടിഞ്ഞാറു മബ്ധിതാൻ
നോക്കുവരുന്നോരെ നാവികരെ,
കല്പദ്രുമങ്ങളും സർവ്വവസ്തുക്കളു-
മുല്പാദം ചെയ്യും ഭാരതത്തിൽ,
നാല്പതുകോടിയുണ്ടാളുകളിത്രയും
കെല്പുമുള്ളരാജ്യം ജയിപ്പതാകാ!

—o—

(൧൨-ാംപേജിൽനിന്നു തുടൎച്ച)

ശ്യം. ഇംഗ്ലീഷ്‌വിദ്യാഭ്യാസം സിദ്ധിച്ച നമ്മുടെ സഹോദരന്മാർക്കു ഒരുപക്ഷേ, കുറെക്കാലം ഹിന്ദുസ്ഥാനിയിൽ അത്ര ഒരു സൗന്ദര്യം കാണാൻ സാധിച്ചില്ലെന്നോ മധുരമായ ഭാഷ എഴുതാൻ സാധിച്ചില്ലെന്നോ വന്നേക്കാം. അതുപോലെതന്നെ അല്പം കമ്മാക്കും ഹിന്ദുസ്ഥാനിയിൽ തക്കതായ പദങ്ങൾ കണ്ടുപിടിക്കാൻ കുറെ ബുദ്ധിമുട്ടു നേരിട്ടു എന്നു വന്നേക്കാം; എങ്കിലും ദേശത്തിന്റെ നന്മയ്ക്കും സ്വാതന്ത്ര്യത്തിന്റെ അടിസ്ഥാനം സുശക്തമാക്കുന്നതിനാവേണ്ടി അവർ അല്പം ക്ലേശിച്ചു അങ്ങനെ ചെയ്യേണ്ടതാണ്. ഹിന്ദിയും ഉർദ്ദുവും സാഹിത്യങ്ങൾ പരിശോധിച്ചു ശബ്ദങ്ങൾ തെരഞ്ഞെടുക്കണം, രണ്ടിന്റെയും ശൈലികൾ കൂട്ടിഇണക്കി ശബ്ദകോശങ്ങൾ നിർമ്മിക്കുന്നതു എത്രയും പ്രയോജനകരമായിരിക്കും. നമ്മുടെ ഭാഷാനിപുണന്മാർ ഈ കൃത്യം എത്രയും വേഗം ഏറ്റെടുക്കേണ്ടിയിരിക്കുന്നു. പരമാർത്ഥത്തിൽ രണ്ടുഭാഷയ്ക്കുംതമ്മിൽ സാരമായ വ്യത്യാസം ഇല്ലെന്നു കാണാവുന്നതാണ്. എന്നാൽ അധികൃതമായ സ്ഥാനം ഹിന്ദുസ്ഥാനിക്കുതന്നെയാണു നൽകേണ്ടതു്. ബാലപാഠങ്ങൾ നിർമ്മിച്ചതുകൊണ്ടോ, കഥകളും കവിതകളും ചമച്ചതുകൊണ്ടോ മാത്രം അതു രാഷ്ട്രഭാഷയാകാൻ പോകുന്നില്ല. ഭരണപരമായും മററുമുള്ള മഹത്സ്ഥാനങ്ങൾ അതിനു നൽകണം. നാനാപ്രകാരേണയും അതിനുള്ള കഴിവുകളെ വർദ്ധിപ്പിക്കണം. സയൻസ്, തത്വശാസ്ത്രം, രാഷ്ട്രമീമാംസ, സാമ്പത്തികശാസ്ത്രം, ഇതിഹാസം ഇവയ്ക്കെല്ലാം ഉതകിയ സാങ്കേതികപദങ്ങൾ കണ്ടുപിടിക്കുകയോ പുതുതായി സൃഷ്ടിക്കുകയോ ചെയ്യണം. ഇവയിൽ കുറെശ്ശെ സംസ്കൃതത്തിൽനിന്നും കുറെ, അറബി പാർസി ഇവയിൽനിന്നും കുറേ സാധാരണഭാഷയിൽനിന്നും സ്വീകരിക്കേണ്ടിവരും. ചിലപ്പോൾ മിശ്രിതപദങ്ങൾ സ്വീകരിക്കുന്നതും സൌകര്യമായിരിക്കും. ഹിന്ദിയും ഉർദ്ദുവും ഒരുപോലെ സംയോജിപ്പിക്കേണ്ടിയിരിക്കുന്നതിനാൽ മേൽപറഞ്ഞവിധം മിശ്രിതപദങ്ങൾ ഉണ്ടാകുന്നതു ഒഴിച്ചുകൂടാവുന്ന കാര്യമല്ല. രണ്ടുഭാഷകളും പരിചയിക്കേണ്ടതും അത്യാവശ്യമാണ്. അദ്ധ്യാപകന്മാർക്കു മിശ്രിതപദങ്ങൾ ആവർത്തിക്കാതെ കഴിയണമെങ്കിൽ സ്കൂളുകളിലും കാളേജുകളിലും രണ്ടുഭാഷകളും പഠിപ്പിക്കുന്നതിനുള്ള ഏർപ്പാടുണ്ടായിരിക്കേണ്ടതാണ്. അങ്ങനെയായാൽ ഇന്നു രണ്ടു ഭാഷകൾക്കുംതമ്മിൽ ഉണ്ടെന്നു തോന്നുന്ന അകൽച്ച കാലക്രമത്തിൽ നിശ്ശേഷം ഇല്ലാതാകുകയും നിരർത്ഥകങ്ങളായ ശബ്ദങ്ങളുടെ സ്ഥാനത്തു പുതിയ ശബ്ദങ്ങൾ ഉണ്ടാകുകയുംചെയ്യുന്നതാണ്.

വർത്തമാനപത്രങ്ങളുടേയും, മററു സാഹിത്യപരമായ പ്രസിദ്ധീകരണങ്ങളുടേയും കർത്താക്കളുടെ കർത്തവ്യവും ഇവിടെ വിസ്മരിക്കാവുന്നതല്ല. ഭാഷ സരളമാക്കുന്നതിനു അവർ ശ്രമിക്കേണ്ടതാണ്. ഇന്നത്തെ ലേഖകന്മാരും സാമാന്യവിദ്യാഭ്യാസമാത്രമുള്ളവരും പത്രപാരായണത്തിൽ തല്പരരാണ്. സമീപഭാവിയിൽ നിരക്ഷരത്വം നിശ്ശേഷം ഉച്ചാടനം ചെയ്യപ്പെടുമെന്നുള്ളതും ചിന്താർഹമാണ്. നിർബ്ബന്ധിത ബാലവിദ്യാഭ്യാസനിയമം പാസ്സായതിനുശേഷം ഇംഗ്ലണ്ടിൽ ഉണ്ടായിട്ടുള്ള സ്ഥിതിതന്നെയായിരിക്കും ഇവിടേയും ഉണ്ടാകാൻപോകുന്നതു്. അപ്പോൾ സാധാരണക്കാർക്കു ഉപകരിക്കുന്ന പത്രങ്ങളായിരിക്കും പ്രചരിപ്പിക്കാൻ ഇടയുള്ളതു്. ഇന്നത്തേപ്പോലെ കട്ടിയായ ഭാഷയിലുള്ള പത്രങ്ങൾ അവരുടെ ദാഹം ശമിപ്പിക്കാൻ ഉതകുകയില്ല. എല്ലാവരും പണ്ഡിതന്മാരായിഎന്നുവരികയില്ലല്ലോ. പുതിയ പത്രങ്ങളുടെ പ്രചാരം ഗ്രാമങ്ങളിലും ഉണ്ടാകേണ്ടതാണ്. ഉല്പാദകന്മാർക്കും വ്യാപാരികൾക്കും തങ്ങളുടെസാധനങ്ങൾ ഗ്രാമങ്ങളിൽ കോടിക്കണക്കിനുള്ള കർഷകരുടെ മുമ്പിൽവരെ എത്തിക്കേണ്ടിവരും; അതിനുള്ള പരസ്യങ്ങൾ ഈ പത്രങ്ങൾമുഖേനയായിരിക്കും അവരുടെ മുമ്പിൽ വരേണ്ടതു്. അതുകൊണ്ട്, സിനിമാവ്യവസായികളേപ്പോലെതന്നെ പത്രപ്രവർത്തകരും; തങ്ങളുടെ നന്മയേയും പ്രയോജനത്തേയും ഉദ്ദേശിച്ചു ഭാഷയിൽ ഉചിതമായ പരിവർത്തനങ്ങൾ വരുത്തേണ്ടതാണ്.

ഇക്കാര്യങ്ങൾക്കുവേണ്ടി ഭാരതീയരായ നാം മുൻകരുതലോടെ വർത്തിക്കേണ്ടതാണ്. നമുക്കു വലിയവലിയ ചുമതലകളുണ്ട്. ഹിന്ദുക്കളും മുസൽമാന്മാരും സാഹോദര്യത്തോടെ സംഘടിക്കുന്നതുവരെ ദേശീയസ്വാതന്ത്ര്യം സുഗമമല്ലെന്നു കണ്ടുകഴിഞ്ഞ നാം, ഭാഷാപരമായി ഹിന്ദിഎന്നും ഉർദ്ദുഎന്നുംഉള്ള ഭേദം ഉദാസീനമായി നോക്കിയിരിക്കുന്നതു ബുദ്ധിപൂർവ്വമായിരിക്കയില്ല. ഈ ഭേദചിന്തയെ 'കുരുന്നിലേ നുള്ളി' ഭാവിസുഗമമാക്കേണ്ടതാണ്. അതിനുള്ള ഏകപോംവഴി ഭാഷയുടെ പേർ 'ഹിന്ദുസ്ഥാനി' എന്നാക്കുകയാണ്. ഇനിയും പേരിനുവേണ്ടിയുള്ള ശണ്ഠ നമ്മുടെ അഭിമാനത്തിനു യോജിച്ചതല്ല.

—o—

# കല അസംതൃപ്തിയിൽനിന്നോ?

വി. ജി. നമ്പൂതിരി ശിരോമണി

"സംതൃപ്തി മരണമാണ്" എന്ന പേരിൽ എഴുതിയിരുന്ന ഒരു പ്രസംഗസംഗ്രഹം ഈമാസം ൨-ാംനു-യിലെ കേരളകൌമുദിയിൽ കാണുകയുണ്ടായി. മനുഷ്യനു മരണത്തിൽ മാത്രമേ സംതൃപ്തി കാണുകയുള്ളുവെന്നും ജീവിതവും ചൈതന്യവും വളർച്ചയും ഉള്ളിടത്തെല്ലാം അസംതൃപ്തിയുണ്ടെന്നും വർത്തമാനകാലത്തിലുള്ള അസംതൃപ്തിയും ഭാവികാലത്തെപ്പററിയുള്ള പ്രതീക്ഷകളുമാണ് പരിഷ്കാരങ്ങളുടേയും സംസ്കാരങ്ങളുടേയും അടിസ്ഥാനം എന്നും മററും ആരംഭിച്ച ആ പ്രവചനം മനുഷ്യന്റെ സകല നേട്ടങ്ങളും അസംതൃപ്തിയിൽനിന്നും ഉണ്ടാകുന്നുവെന്നും ആശാൻ അനുഭവിച്ച ജാതീയശല്യങ്ങളിൽനിന്നും രൂപമെടുത്തവയാണ് ആശാന്റെ കവിതകൾ എന്നും സമർത്ഥിക്കുവാൻ ശ്രമിച്ചതായി കാണുന്നു.

എന്നാൽ ലോകത്തിൽ ചിലതിനെല്ലാം പൊതുവേയുള്ള ചില വസ്തുക്കൾ പ്രത്യേകം ഒന്നിന്റെ കാരണമെന്നു പറയുന്നതു് ഏററവും വിചിത്രമായ ഒരു വാദഗതിയായി തോന്നുന്നു. ഇത്തരം വാദഗതികൾ അപക്വബുദ്ധികളായ ഏതാനും ആളുകളെമാത്രം അത്ഭുതപരതന്ത്രരാക്കാൻ ഉതകുമെങ്കിലും സംസ്കൃതമനസ്സുക്കു് ഈ വാദഗതിയിൽ അല്പംപോലും പുതുമ തോന്നുവാൻ തരമില്ല. ഉദാഹരണമായി അസംതൃപ്തിയുടെ സ്ഥാനത്തു ബുദ്ധിയെ എടുത്തുവെച്ചു നോക്കാം. ലോകത്തിൽ ഇതേവരെയുള്ള കണ്ടുപിടിത്തങ്ങളും സംസ്കാരങ്ങളും കലകളും മററും ബുദ്ധിയുടെ വൈഭവംകൊണ്ടു് ഉണ്ടായവയാണെന്നും, ബുദ്ധിയില്ലാതെ കല മുതലായവ ഉണ്ടാവുകയില്ലെന്നും മനുഷ്യരുടെ കായികവും മാനസികവും ആയ സകല നേട്ടങ്ങളും ആളിക്കത്തുന്ന ബുദ്ധിയുടെ സ്ഫുലിംഗങ്ങളാണെന്നും, ആശാന്റെ കവിതകൾ അദ്ദേഹത്തിന്റെ ഒരുതരത്തിലുള്ള ബുദ്ധിയിൽ നിന്നും രൂപമെടുത്തവയാണെന്നും പറഞ്ഞാൽ ഈ പറയുന്നതെല്ലാം വാസ്തവമാണെങ്കിലും ഇതിൽ ബുദ്ധിമാന്മാർക്കു എന്തെങ്കിലു പുതുമ തോന്നുമോ? ഇതുപോലെ വെറും ഉള്ള പൊള്ളകളായ എത്രവളരെ വാദഗതികൾ കൊണ്ടുവരുവാൻ കഴിയും. ഇവയെല്ലാം ഇരുപതാംനൂററാണ്ടിൽ എവിടെയാണു സ്ഥാനം? കലയേയോ കാവ്യത്തേയോ പററി പ്രവചിക്കുവാൻ തുനിയുന്നവൻ അതിന്റെ പ്രത്യേകതയേയാണ് എടുത്തു പറയേണ്ടതു്. വാദഗതിയുടെ വസ്തുതത്വം ഇപ്രകാരമിരിക്കെ "അസംതൃപ്തിയിൽനിന്നാണ് കലയുണ്ടാകുന്നതെങ്കിൽ അസംതൃപ്തരായ ആളുകളെല്ലാം കലാകാരന്മാരാകാത്തതെന്തുകൊണ്ടു" എന്ന സംസ്കൃതപണ്ഡിതന്റെ പ്രശ്നം ഉദിയ്ക്കുകതന്നെ ചെയ്യും. അസംസ്കൃതപണ്ഡിതർ തെററിദ്ധരിച്ച വിധത്തിൽ അതു ബാലിശമല്ല പ്രത്യുത ഏററവും പ്രൌഢമായ ഒരു പ്രശ്നമാണതു്. മർമ്മദമായ രീതിയിൽ ആ ചോദ്യത്തിനു സമാധാനം പറയുകയാണെങ്കിൽ—കലാവാസനയും കലാനിപുണന്മാരുടെ സമീപത്തിൽനിന്നും ലഭിച്ച അഭ്യാസവും കലാനുഗുണങ്ങളായ ദേശകാലപരിജ്ഞാനവും ലോകവിജ്ഞാനവും ആണ് കലയ്ക്കു കാരണം. കേവലം അസംതൃപ്തനിൽ ഈ കാരണം ഇല്ലാത്തതുകൊണ്ടാണ് അവൻ കലാകാരനാകാത്തതു്—എന്നാണു പറയേണ്ടതു്. അപ്പോൾ അസംതൃപ്തിയല്ല കലയ്ക്കു കാരണമെന്നു ഏതു ശിശുവിനും മനസ്സിലാകും. ജീവിതം മുഴുവൻ അസംതൃപ്തിയാണ് അതിൽനിന്നാണു മനുഷ്യന്റെ സകല നേട്ടങ്ങളും എന്നു പറയുകയാണെങ്കിൽ കലയെക്കുറിച്ചു മാത്രം അസംതൃപ്തിയ്ക്കു എന്തു പ്രത്യേകതയാണുള്ളതു്? എന്തിനാണ് അവളിൽ കലാമാതൃത്വം ആരോപിയ്ക്കുന്നതു? സംതൃപ്തസഹൃദയരായ ഭോജരാജാവു് ഹർഷവർദ്ധനൻ മുതലായവരുടെ കവിതകളിൽ കലാത്വമില്ലേ? അതോ അവരും നിങ്ങൾ വിചാരിക്കുന്ന രീതിയിലുള്ള അസംതൃപ്തരാണോ? ആശാന്റെ കവിതകളിൽ ജാതീയശല്യങ്ങളിൽനിന്നും ഉളവായ ഏതെങ്കിലും ഭാവം നിഴലിയ്ക്കുന്നുണ്ടെങ്കിൽ അതിനുവേണ്ടി ആശാനെ ഒരസംതൃപ്തനാക്കുകയല്ല നല്ലതു്. ഒരു സഹൃദയന്റെ ഹൃദയദർപ്പണത്തിൽ പ്രതിബിംബിയ്ക്കുന്ന ലോകചിത്രത്തെ തന്റെ ആശയംകൊണ്ടു തെളിച്ചു് നിയതമായ ഒരു മനോഹരരൂപത്തിൽ ശബ്ദങ്ങൾ വഴിയായി വെളിയിൽ പ്രകാശിപ്പിക്കുന്നതാണ് കവിതയെന്നിരിക്കെ, ആശാന്റെ കവിതയിൽ അദ്ദേഹത്തിന്റെ ആശയങ്ങളുടെ കൂട്ടത്തിൽ ജാതീയശല്യങ്ങളിൽനിന്നും ഉണ്ടായ ഏതെങ്കിലുംഭാവം പ്രകാശിക്കുന്നതു സ്വാഭാവികംമാത്രമാണ് എന്നറിയുകയാണ് ഉത്തമമായ മാർഗ്ഗം. അല്ലാതെ അസംതൃപ്തിയിൽനിന്നും കലയുണ്ടാകുന്നുവെന്നു പറയുകയാണെങ്കിൽ സംതൃപ്തരിൽനിന്നും ഉണ്ടായിട്ടുള്ള അനേകം കവിതകൾ സ്വയംഭൂക്കളെന്നോ കലാരഹിതങ്ങളെന്നോ വന്നുപോകും. ഒരുത്തമകലാകാരനോ ഒരു ഉത്തമകവിയോ ആകണമെങ്കിൽ ലോകത്തിൽ ഏററവും അസംതൃപ്തനുമാത്രമേ സാധിക്കയുള്ളുവെന്നും, അത്യന്താസംതൃപ്തരെയാണ് നമ്മൾ സരസരെന്നും, സഹൃദയരെന്നും പറയുന്നതെന്നും വരികയാണെങ്കിൽ അതിൽ പരം പരിതാപകരവും ഭയനീയവും വേറെ എന്താണ്?

—o—

# മാഞ്ഞുപോകട്ടെ!

പാലാ നാരായണൻനായർ.

(ഓമനക്കുട്ടൻ)

മർത്ത്യന്നു ദൈവമാകുവാൻ സദാ
മത്സരിക്കയാണാളുകൾ.
മൂഢതയ്ക്കാർ വെച്ചിണക്കുന്നു
മൂകഭാഷ്യങ്ങളീവിധം.
നൂനങ്ങളായുതങ്ങൾ വിക്കുന്ന
ദൈവതങ്ങളേ, നിങ്ങളെ
കാത്തുപോരുവാൻ ഹാ, നിബദ്ധമാം
പാർത്ഥലത്തിനു പാറമോ? ......
വിസ്തൃതിലവലേശമേറിയി-
ല്ലിതുകാലമായ്പ്പാരിനും
അല്പദൃഷ്ടിയായ്പ്പോയതെന്തുവാ-
നപ്പുറാതനനീശ്വരർ? ......
സ്വാർത്ഥപരമുണ്ടു, മററാരാൾ
നേത്തട്ടുകമെന്നോർക്കയോ? ...
പാടവമററ നമ്മളാൽ മോക്ഷ-
നാടകം നടത്തിക്കയോ? ...
മൂഢരാകയില്ലിനിമേൽ ഞങ്ങൾ
നേടിനേപഥ്യവിദ്യകൾ:—
ഹിംസയും പല പാപവുംകൊണ്ടു
സംശയാലുവാം മാനവൻ
മുഗ്ദ്ധമായ് വിരചിച്ച ദേവതാ-
കോടികളൊട്ടങ്ങീടണം.
മർത്ത്യനെ മർത്ത്യനായ് വിവക്ഷിക്കും
തത്വചിന്തകളെത്തണം.
സത്യനീതികൾ കാൺകിലാത്മീയ-
സത്തയെന്നു വിളിക്കണം.
കണ്ണിപ്പെട്ടുകില്ലിനി ഞങ്ങൾ
കണ്ടൊഴിഞ്ഞുപോയ് മിത്ഥ്യകൾ:—
വക്രതകളെ മൂടിവെയ്ക്കുന്നു
വിഗ്രഹങ്ങളിൽ വൈദികർ
കുക്ഷിപൂരണം നിർവ്വഹിക്കുന്നു
ദക്ഷിണകളാൽ വൈദികർ;
നിൽപുറപ്പിച്ചുഴലാണു, പുത്തനാ-
മത്ഭുതങ്ങളിൽ വൈദികർ;
അക്രമങ്ങളെ വാഴ്ത്തലാണു,പൂ-
ജാപ്പനങ്ങളിൽ വൈദികർ!
നാണയക്കുഴപ്പത്തിലുണ്ടായ
നാകവും നരകങ്ങളും
മാഞ്ഞുപോകട്ടെ മന്നവന്നൊരു
മാന്യജീവിതം കൈവരാൻ!!

—o—

## General Knowledge Quiz

### Answers

[QUESTIONS ON PAGE 4]

1. (a); 2. (c); 3. (a); 4. (c); 5. (c); 6. (b); 7. (a).

(ഒന്നാംപേജിൽനിന്നും തുടർച്ച)

ന്നവക്ക്, വിശേഷിച്ചും അധികാരത്തിലിരിക്കുന്നവക്ക് ഭയവും. പണ്ടത്തെ 'ദണ്ഡം' ഇന്നില്ല. പക്ഷെ അന്നത്തെ ആ ജലിപ്പ് ഇപ്പോഴുമുണ്ട്. വാസ്തവത്തിൽ എതിപ്പിലാണ് അദ്ദേഹത്തിന്റെ നേട്ടം. വഴക്കാളിത്തംകൊണ്ടു നേടാവുന്നതു മുഴുവൻ നേട്ടം. മുഖത്തു എപ്പോഴും ഒരു കട്ടത്തഭാവം. അതിനൊട്ടൊക്കെ ന്യായമായ കാരണമുണ്ടെന്നും സമ്മതിക്കണം. മുഖത്തിന്റെ ആകൃതി രൂക്ഷമെന്നു പറവാൻ പാടില്ല. ചിലപ്പോഴൊക്കെ സന്തോഷമയമായ ചിരികാണാം. പക്ഷെ പ്രബുദ്ധമായ കാലം. പ്രവൃത്തിക്കാനുള്ള ദൃഢനിശ്ചയം ശ്രേഷ്ഠമായ ഉദ്ദേശത്തിനു യോജിച്ച ഭാവം മുഖത്തിനു നൽകിയിരിക്കുന്നു.

ബീഹാറിലും ഗുജറാത്തിലുമായി ഏഴു വർഷത്തോളം ഞാൻ അദ്ദേഹത്തിന്റെ സഹപ്രവൃത്തകനായ പ്രൊഫസ്സറായിരുന്നു. ഗുജറാത്തിൽവച്ചാണ് അദ്ദേഹത്തിന് ആചാര്യനാമം ലഭിച്ചതു്. അതു് ഇന്നും തുടൻ നിലവിലിരിക്കുന്നു. ഇംഗ്ലീഷും ചരിത്രവുമാണ് അദ്ദേഹം പഠിപ്പിച്ചു കൊണ്ടിരുന്നതു്. ഗ്രന്ഥങ്ങളിലെ പരിജ്ഞാനം നിറഞ്ഞുവഴിയുന്ന ഒരു പണ്ഡിതനായ പ്രൊഫസറുടെ രീതിയിലായിരുന്നില്ല ആ പഠിപ്പിക്കൽ. യഥാർത്ഥത്തിൽ ഗ്രന്ഥമാത്രമായി അദ്ദേഹത്തിൽ യാതൊന്നുമുണ്ടായിരുന്നില്ല; ഇന്നുമില്ല. എപ്പോഴും ഒരു കാടിന്റെ ചുവയാണ് അദ്ദേഹത്തിലുള്ളതു്. ഗ്രന്ഥശാലകളുടെയും വായനശാലകളുടെയും ചുവ അവിടെയില്ല. എപ്പെഴും ഒരു പുതുമയും, ഊർജ്ജിതവും ജീവനും അദ്ദേഹത്തിനുണ്ട്. മന്ദതയോ നിർജ്ജീവതയോ ഒരിക്കലുമില്ല. ക്ലാസ്സുമുറിയിലായാലും പുറമേയായാലും പറയുന്ന സംഗതികൾകൊണ്ടുള്ളതിനെക്കാൾ അതിന്റെ രീതികൊണ്ടായിരിക്കും അദ്ദേഹം കാര്യങ്ങൾ നിങ്ങൾക്കു ബോദ്ധ്യം വരുത്തുന്നതു്. നിങ്ങളെ ഉത്തേജിപ്പിക്കുന്നതോ ഒരുപക്ഷെ അസുഖം ജനിപ്പിക്കുന്നതോ ആയ ഒരു അന്തരീക്ഷം അദ്ദേഹം സൃഷ്ടിക്കും. അടുത്തു പറയാൻപോകുന്നതെന്തെന്നോ എങ്ങനെയായിരിക്കും അതു പറയുന്നതെന്നോ വാസ്തവത്തിൽ നിങ്ങൾക്കു പറവാൻ കഴിയുന്നതല്ല. അസാധാരണമായ, അന്യാദൃശംതന്നെയായ, എന്തോ ഒന്നായിരിക്കും അദ്ദേഹം പറയുന്നതെന്നുമാത്രം നിങ്ങൾക്കു തീർച്ചയുണ്ടായിരിക്കും. പൊതുവേ പറഞ്ഞാൽ വെറും യുക്തിപാച്ചിലിനെക്കാൾ ദൃഷ്ടാന്തങ്ങളും സാദൃശ്യങ്ങളുമാണ് അദ്ദേഹത്തിനു കൂടുതൽ ഇഷ്ടം. യുക്തിവാദങ്ങൾ പുറപ്പെടുവിക്കുന്ന അവസരങ്ങളിൽ അവ ഒരിക്കലും പദമോടിയിൽ പൊതിഞ്ഞവയായിരിക്കയില്ല. വളവും തിരിവുമില്ലാതെ നേരിട്ടായിരിക്കും അവയുടെ പ്രയോഗം. അതു ഫലിക്കുകയുംചെയ്യും. ചിലപ്പോഴെല്ലാം ഈ യുക്തിവാദങ്ങളുടെകൂടെ അദ്ദേഹത്തിന്റെ ഫലിതരസവുംകാണും. ആ ഫലിതമാകട്ടെ, സൂക്ഷ്മമോ സന്തോഷകരംപോലുമോ അല്ല. സന്ദർഭമോ അദ്ദേഹത്തിന്റെ അപ്പോഴപ്പോഴത്തെ മനോഗതിയോ അനുസരിച്ചായിരിക്കും ആ ഫലിതം ഹൃദ്യമോ നിശിതമോ ആയിരിക്കുന്നതു്. ഒരു സ്നേഹിതൻ നഷ്ടപ്പെട്ടാലും ഒരു ഫലിതം അദ്ദേഹം ഉപേക്ഷിക്കയില്ലെന്നാണ് പറയപ്പെടുന്നതു്. എന്നാൽ അദ്ദേഹത്തിന്റെ ഫലിതംകൊണ്ടു നഷ്ടപ്പെട്ടിട്ടുള്ളതിനേക്കാൾ കൂടുതലായി സ്നേഹിതന്മാരെ സമ്പാദിക്കയാണ് ചെയ്തിട്ടുള്ളതെന്നാണ് എനിക്കു തോന്നിയിട്ടുള്ളതു്. എഴുതുന്നതിനെക്കാൾ ഭംഗിയായി അദ്ദേഹം പ്രസംഗിക്കും. സദസ്സ് നല്ലതാണെങ്കിൽ, അഥവാ അനുകൂലസദസ്സാണെങ്കിൽ പ്രഭാഷണം ഏറ്റവും നന്നായിരിക്കയുംചെയ്യും. ചിലപ്പോഴെല്ലാം അദ്ദേഹം കണ്ടമാനം ക്ഷോഭിക്കുകതന്നെ ചെയ്യാറുണ്ട്. നിങ്ങളെയും നിങ്ങളുടെ ശബ്ദത്തെയും അദ്ദേഹം യുക്തിവാദങ്ങളുടെയും കുത്തുവാക്കുകളുടെയും ഉടനുത്തരങ്ങളുടെയും പ്രവാഹത്തിലാഴ്ത്തി ദീർഘശ്വാസംമുട്ടിക്കയും ചെയ്യും.

പക്ഷേ നമ്മളിൽ മിക്കവരും അദ്ദേഹത്തെ എപ്പോഴും ദാക്ഷിണ്യശാലിയായിട്ടായിരിക്കും അറിയുന്നതു്. ആരാണ് ആ പേരു വിളിച്ചു ആദ്യമായി അദ്ദേഹത്തെപ്രീണിപ്പിച്ചതെന്നു എനിക്കു നിശ്ചയമില്ല. ജി. ജി. ജി. കാളേജിലെ ഒരു രമേവിനോദസിംഗാണെന്നാണ് എന്റെ വിശ്വാ

# അസാധാരണ ഗണിതവിദഗ്ദ്ധന്മാർ

(എൻ. ശങ്കരൻനായർ, ബി. ഏ, തിരുവല്ലാ)

ചില അസാധാരണബുദ്ധിശാലികൾ ഭീമമായ സംഖ്യകളടങ്ങിയ കണക്കുകൾ നിഷ്പ്രയാസം മനക്കണക്കായി ചെയ്തിട്ടുള്ളതിന്റെ രഹസ്യം വിദഗ്ദ്ധരായ ഗണിതശാസ്ത്രജ്ഞന്മാരേയും പ്രസിദ്ധചിന്തകന്മാരേയും വിഷമിപ്പിക്കുന്ന ഒരുപ്രശ്നമാണ്. പെൻസിൽ, കടലാസ്, സമയം എന്നിവ ആവശ്യംപോലെ കൊടുത്താൽപോലും ഗണിതശാസ്ത്രജ്ഞന്മാരെ വട്ടംതിരിപ്പിക്കുന്ന കണക്കുകൾ ഒരുഞൊടിക്കുള്ളിൽ മനസ്സിൽ ചെയ്തുതീർത്തിട്ടുള്ള ചില അമാനുഷവ്യക്തികളെപ്പറ്റിയാണ് പ്രസ്താവിക്കുവാൻ പോകുന്നതു്.

സാധാരണയായി ഈ ബുദ്ധിശക്തി വളരെ ചെറുപ്പത്തിൽതന്നെ കണ്ടുതുടങ്ങും. ചിലപ്പോൾ പ്രായമാകുന്നതോടുകൂടി അതു മറഞ്ഞുപോകയും, ചിലപ്പോൾ പ്രായമാകുംതോറും വർദ്ധിച്ചുവരികയും, ചുരുക്കം ചിലപ്പോൾ ഈ ബുദ്ധി അനന്തരതലമുറികളിലേയ്ക്കു പകരുകയും ചെയ്യുന്നു.

ഗുണനം, ഹരണം എന്നിവപോലും കഠിനമായ ഗണിതക്രിയകളായി ഗണിക്കപ്പെട്ടിരുന്ന കാലങ്ങളിൽപോലും മനക്കണക്കായി ക്രിയകൾ ചെയ്തുകൊണ്ടിരുന്ന ആളുകൾ ഉണ്ടായിരുന്നുഎന്നു വിചാരിക്കേണ്ടിയിരിക്കുന്നു. എന്നാൽ അവർ എപ്രകാരം അതു സാധിച്ചിരുന്നുഎന്നതു അജ്ഞാതമാണ്.

ചില അപൂർവ്വബുദ്ധിമതികളെപ്പററി താഴെ വിവരിക്കുന്നു.

## ജെഡിഡിയാബക്സ്റ്റൻ

൧൮-ാം നൂറ്റാണ്ടിൽ ഇംഗ്ലണ്ടിൽ ഡാർബിഷയറിൽ ജീവിച്ചിരുന്ന നിരക്ഷരകുക്ഷിയും 'മന്ദബുദ്ധിയും' ആയ ഒരു കർഷകനായിരുന്നു ബക്സ്റ്റൻ. ആയിരം, പതിനായിരം മുതലായ പേരുകൾ പോലും അവനറിഞ്ഞുകൂടായിരുന്നു. എന്നാൽ അവയ്ക്കെല്ലാം അവൻ സ്വന്തമായി ഓരോ പേരുകൾ കൊടുത്തിരുന്നു. സംഖ്യകളോടു അവനു വലിയ സ്നേഹമായിരുന്നു. അവന്റെ ജീവിതത്തിൽ അധികസമയവും—ഭൂമിയിൽ കൃഷിചെയ്തുകൊണ്ടിരുന്നതിനിടയ്ക്കുപോലും—അവൻ മനസ്സിൽ കണക്കുകൾ ചെയ്തുകൊണ്ടിരുന്നു. കണക്കുകൾ ചെയ്യുന്നതിനു അവൻ വളരെ സമയം എടുത്തിരുന്നുവെങ്കിലും ഒരിക്കലും തെററില്ലായിരുന്നു.

ഒരു ഫാർതിങ്ങിനെ (കാൽപെനി) ൧൪൦ പ്രാവശ്യം ഇരട്ടിച്ചാൽ (൧, ൨, ൪, ൮, ൧൬ എന്നിങ്ങനെ) എത്ര കിട്ടുംഎന്നു ഒരാൾ ചോദിച്ചതിനു കുറച്ചുദിവസംകഴിഞ്ഞു് അവൻ ശരിയായഉത്തരംപറഞ്ഞു. അതു അനേക കോഴികൾ വരുന്ന ഒരു സംഖ്യയായിരുന്നു. ആ സംഖ്യയെ അതുകൊണ്ടുതന്നെ ഗുണിക്കാമോഎന്നു അവനോടു ചോദിച്ചു. അതിനുത്തരം അവൻ രണ്ടുമാസം കഴിഞ്ഞു പറഞ്ഞു. തന്റെ വിശ്രമവേളകളിൽ "സമയവും സൌകര്യവുംപോലെ" ചെയ്തതാണെന്നാണ് അവൻ പറഞ്ഞതു്.

## സെറാകോൾബേൺ

കോൾബേൺ ൧൯-ാംശതാബ്ദത്തിൽ അമേരിക്കൻഐക്യനാടുകളിൽ ജീവിച്ചിരുന്നു. ഇയാൾ വെറും ബാലനായിരിക്കുമ്പോൾതന്നെ അതിബുദ്ധി പ്രകാശിപ്പിച്ചു. അനേകംവർഷങ്ങളിലുള്ള മിനിട്ടുകൾ, സെക്കൻറുകൾ, അനേകം ടൺ ധാന്യത്തിലുള്ള ധാന്യങ്ങളുടെ എണ്ണം എന്നിവയെല്ലാം അയാൾ ക്ഷണത്തിൽ കണക്കുകൂട്ടി പറയുമായിരുന്നു. നാലും അഞ്ചും അക്കങ്ങളുള്ള സംഖ്യകളുടെ ഗുണനഫലം ഉടൻതന്നെ പറയുമായിരുന്നു. പത്തുലക്ഷംവരെയുള്ള ഏതു സംഖ്യയും കണ്ടാലുടനെ അതിന്റെ ഘടകങ്ങൾ (factors) പറയുമായിരുന്നു. ഉദാഹരണമായി ൧൭൯൨൧-ന്റെ ഘടകങ്ങൾ ഏവയെന്നു ചോദിച്ചപ്പോൾ ൫, ൭, ൫൧, ൭൧ എന്നും, ൨൪൭൯൭-ന്റെ ഘടകങ്ങൾ ൩൭൭, ൬൫൭ എന്നിവയാണെന്നും ൩൬൦൮൩-ന്റെ ഘടകങ്ങൾ ചോദിച്ചപ്പോൾ അതു അവിഭാജ്യമാണെന്നും ഉത്തരംപറഞ്ഞു. ഒരു സാധാരണഗണിതശാസ്ത്രജ്ഞനോട് ൨൪൭൯൭-ന്റെ ഘടകങ്ങൾ കണ്ടുപിടിക്കുവാൻ പറഞ്ഞാൽ അയാൾ വളരെസമയം അതിനായി ചിലവഴിക്കുംഎന്നതിനു സംശയമില്ല.

പത്തുലക്ഷംവരെയുള്ള സംഖ്യകളുടെ എല്ലാം ഘടകങ്ങളും അയാൾ ഹൃദിസ്ഥമാക്കിയിരുന്നുഎന്നു വിചാരിക്കാൻ ന്യായമില്ല. എന്നാൽ പിൽകാലങ്ങളിൽ 'കാൾറക്കിൾ'എന്നൊരാൾ ആയിരംവരെയുള്ള സംഖ്യകളുടെ ഘടകങ്ങൾ പഠിച്ചുവച്ചിരുന്നതായി കാണുന്നു.

## ശ്രീനിവാസരാമാനുജൻ

പരേതനായ ശ്രീനിവാസരാമാനുജൻ രണ്ടായിരംവരെയുള്ള സംഖ്യകളുമായിനിത്യപരിചിതനായിരുന്നു എന്നു പറയപ്പെടുന്നു. ഒരിക്കൽ അദ്ദേഹം ലണ്ടനിലെ ഒരു ആശുപത്രിയിൽ രോഗബാധിതനായി കിടക്കുമ്പോൾ ഒരു സ്നേഹിതൻ അദ്ദേഹത്തെ കാണാൻ ചെന്നു. അക്കങ്ങളോട് അദ്ദേഹത്തിനു വലിയ താല്പര്യമാണെന്നറിയാമായിരുന്ന ആ സ്നേഹിതൻ പറഞ്ഞു. 'എന്നെ ഇവിടെ കൊണ്ടിറക്കിയ കാറിന്റെ നമ്പർ ൧൭൨൯ ആണ്. പക്ഷെ അതിൽ പ്രത്യേകിച്ചു താല്പര്യജനകമായി ഒന്നുമില്ലെന്നു വിചാരിക്കുന്നു'. 'ഉണ്ട്, അതു വളരെ രസകരമായ ഒരു സംഖ്യയാണ്' അദ്ദേഹം മറുപടിപറഞ്ഞു, 'ഒന്നിൽകൂടുതൽ വിധത്തിൽ രണ്ടു ത്രിവർഗ്ഗങ്ങളുടെ (Cubes) സങ്കലനഫലമായി പറയാവുന്ന ഏററവും ചെറിയ സംഖ്യ ൧൭൨൯ ആണ്' ($1729=12^3+1^3$ അല്ലെങ്കിൽ $10^3+9^3$)

ഈ മഹാൻ മദ്രാസിൽ ഇൻറർ മീഡിയെററു പരീക്ഷയിൽ കണക്കിനു നാലഞ്ചുപ്രാവശ്യം തോററെന്നും, കേംബ്രിഡ്ജ് സർവ്വകലാശാലക്കാർ പ്രസിദ്ധപ്പെടുത്തിയ വളരെ കഠിനവും, ആരും ചെയ്തിട്ടില്ലാത്തതുമായ ചില കണക്കുകൾ ഇദ്ദേഹം കാണുന്നതിനിടയാകയും, അവ ശരിയായിചെയ്തയയ്ക്കുകയുംചെയ്തുവെന്നും, അവർ ഇദ്ദേഹത്തെ തിരഞ്ഞുപിടിച്ചു വേണ്ട ബഹുമതികൾ എല്ലാം കൊടുത്തെന്നും, ഇദ്ദേഹത്തിന്റെ പഴയ പരീക്ഷക്കടലാസുകൾ തിരഞ്ഞെടുത്തു നോക്കിയതിൽ എല്ലാ കണക്കുകളും വളരെ ശരിയായി ചെയ്തിരുന്നുവെന്നും, എന്നാൽ ആ വഴികൾ മററാർക്കും അറിയാൻവയ്യാത്തവയായിരുന്നതിനാലാണ തോററുപോയതെന്നും പറയപ്പെടുന്നു. ഈ കഥ എത്രമാത്രം സത്യമാണെന്നുള്ളതു നിശ്ചയിക്കാൻ വയ്യായെങ്കിലും അദ്ദേഹത്തിന്റെ ബുദ്ധിയെ തെളിയിക്കുന്ന ഒന്നാണ്.

## ജോർജ്ജ് പാർക്കർബിഡർ

(൧൮൦൬—൧൮൭൮)

ഇദ്ദേഹം ഡെവോൺഷയർകാരനായ ഒരു കല്പണിക്കാരന്റെ മകനായിരുന്നു. ഏഴുവയസ്സുള്ളപ്പോൾതന്നെ അവൻ അസാധാരണ ബുദ്ധി കാണിച്ചു. പത്തു വയസ്സുപ്രായമുള്ളപ്പോൾ അവൻ ചെയ്ത ചിലമനക്കണക്കുകൾ താഴെകൊടുക്കുന്നു.

൧) ചോദ്യം:—ഒരു വണ്ടിച്ചക്രത്തിന്റെ ചുററളവ് ൫ അടി ൧൦ ഇഞ്ചു ആണെങ്കിൽ ൮൦ കോടി മൈൽ ദൂരം പോകുമ്പോൾ അതു് എത്ര പ്രാവശ്യം കറങ്ങും.

ഉത്തരം:—൭൨൪൧൩൭൯൩൧ [illegible] പ്രാവശ്യം. ഈ ഉത്തരം കണ്ടുപിടിക്കുന്നതിനു് എടുത്ത സമയം ൫൦ സെക്കൻറ മാത്രമായിരുന്നു.

൨) ചോദ്യം:—൧൧൯൫൫൫൯൦൧൫൨-ന്റെ വർഗ്ഗമൂലം എത്ര?

ഉത്തരം:—൩൨൧൯൨൭. സമയം ൩൦ സെക്കൻറ്.

3) ചോദ്യം—ഒരു് ക്ലബ്ബിൽ 42 വാച്ചു് ഉണ്ട്. ആദ്യത്തേതു് ഒരു ഫാർതിങ്ങിനു, പിന്നീടുള്ള ഓരോന്നും മുമ്പിലത്തേതിന്റെ ഇരട്ടി വിലയ്ക്കും, ആയി വിററാൽ (1, 2, 4, 8, 16, എന്നിക്രമത്തിൽ) 42-ാമത്തെ വാച്ചിന്റെ വില എന്തു്.

ഉത്തരം—2290649224-പവൻ, 10 ഷില്ലിംഗ്, 8 പെൻസ്.

സമയം ഒരു മിനിററിൽകുറവു്.

ഒരിക്കൽ ഒരു വലിയ സംഖ്യ അയാളെ ഇടതോട്ടു വായിച്ചുകേൾപ്പിച്ചിട്ടു് അതു ശരിയായി വലത്തോട്ടുപറയുവാൻ പറഞ്ഞു. അയാൾ അതു ശരിയായിത്തന്നെ പറഞ്ഞു. സംഖ്യ ഇതായിരുന്നു.—

2563721987653461598746231 9056075411289752 31.

കൂട്ടപലിശമുതലായവ അടങ്ങിയ കണക്കുകൾ എല്ലാം അയാൾ മനക്കണക്കായി ചെയ്തിരുന്നു. കാലാന്തരത്തിൽ അയാൾ ഒരു റെയിൽവേ എഞ്ജിനിയരായിത്തീരുകയും ആ നിലയിൽ വളരെ കീർത്തിസമ്പാദിക്കയും ചെയ്തു. ഇദ്ദേഹത്തിന്റെ അനന്തരപരമ്പരകൾക്കും ഈ ബുദ്ധിശക്തി അല്പാല്പം ലഭിച്ചിരുന്നു.

## ഇനോഡി (1867—)

ഇററലിക്കാരനായ ഇനോഡിയും ചെറുപ്പംമുതൽക്കേ പേരു സമ്പാദിച്ചു. ഏതെങ്കിലും ഒരു തീയതികൊടുത്താൽ (ഉദാഹരണമായി 2738 ജാനുവരി 2-ാംനു അല്ലെങ്കിൽ 1342 ഏപ്രിൽ 25-ാംനു) ഒരു നിമിഷത്തിൽ അയാൾ അന്നത്തെ ആഴ്ച പറയുമായിരുന്നു. അയാളെ കളിപ്പിക്കുന്നതിനായി, 1752 സെപ്റ്റംബർ 9-ാം തീയതി എന്താഴ്ചയായിരുന്നു എന്നു് ഒരാൾ ചോദിച്ചു. 'ഒന്നുമില്ല' എന്നായിരുന്നു ഉത്തരം. ഇംഗ്ലണ്ടിലെ പഞ്ചാംഗം യൂറോപ്പിലേതുപോലെയാക്കുന്നതിനായി പതിനൊന്നുദിവസം ഉപേക്ഷിക്കപ്പെട്ടതിൽ ഒന്നായിരുന്നു ആ ദിവസം.

ലക്ഷത്തിൽ കുറഞ്ഞ ഏതു സംഖ്യയും അയാൾ നാലു വർഗ്ഗങ്ങളുടെ Squares സങ്കലനഫലമായി പറയുമായിരുന്നു. പോളണ്ടുകാരനായ ഒരു ഡോ. ഫിങ്കെൻസ്റ്റീനും ഇതുപോലെ പറയുമായിരുന്നു.

മേല്പറഞ്ഞതരത്തിലുള്ള കഠിനമായ കണക്കുകൾ നിഷ്പ്രയാസം മനക്കണക്കായി അവർ എങ്ങിനെ ചെയ്യുന്നു എന്ന ചോദ്യത്തിനു സമാധാനം അവക്കും നമുക്കും അറിഞ്ഞുകൂടാ. കോൾബേണിനോടു് ഒരാൾ ചോദിച്ചു, എങ്ങിനെയാണ് ഈ കണക്കുകൾ എല്ലാം ചെയ്യുന്നതെന്നു്. 'ദൈവം അതു് എന്റെ തലയിൽ വച്ചുതന്നു. എന്നാൽ അതു നിങ്ങളുടെ തലയിലേക്കു കയററുന്നതിനു് എനിക്കു സാധിക്കുന്നില്ല' എന്നായിരുന്നു മറുപടി. ഈ അപൂർവ്വശക്തിയുടെ കാരണം അവർക്കുപോലും അറിഞ്ഞുകൂടാ. എന്നാൽ അതിന്റെ ഒരു പ്രധാനകാരണം അവരുടെ ഓർമ്മശക്തിയായിരിക്കണം. അസാധാരണമായ ഓർമ്മശക്തിയുള്ളവർ പലരും ഉണ്ടായിട്ടുണ്ട്. മെക്കാളേ വായിച്ചിട്ടുള്ളതോ എഴുതിയിട്ടുള്ളതോ ഉച്ചരിച്ചിട്ടുള്ളതോ ആയ ഓരോ പദവും ഓർത്തുകൊണ്ടിരുന്നതായി പറയപ്പെടുന്നു. എന്നാൽ ഏററവും വലിയ കണക്കുകാരനായ ബിഡർ പറയുന്നതു് അയാൾക്കു് ഓർമ്മശക്തി വളരെ കുറവായിരുന്നു എന്നാണ്. ആകപ്പാടെ ആലോചിച്ചുനോക്കിയാൽ ഇതെല്ലാം വിശ്വാസാതീതമായി തോന്നിപ്പോകുന്നു. എന്തായാലും ഈ മാതിരി അത്ഭുതങ്ങൾ [illegible] വർക്കുമാത്രമായി [illegible] നിയന്ത്രിച്ചിരിക്കുന്നു.

(ശേഷം പതിനാറാംപേജിൽ)

## ഇൻഡ്യൻ സയൻസ്‌കോൺഗ്രസ്സ്



ബ്രിട്ടീഷ് പ്രധാനമന്ത്രി.
മി. ആററ്ലി



## പട്ടികൾ മനുഷ്യരെ പഠിപ്പിക്കുന്നു



പുതിയ യു. എസ്. സ്റ്റേററ്സെക്രട്ടറിജനറൽ ജാർജ്ജ് മാർഷൽ.



ഇന്ത്യാ സ്റ്റേററ്സെക്രട്ടറി പെത്തിക്ക്‌ലാറൻസ്പ്രഭു.



മുകളിൽ ഇടത്ത്—ഡൽഹിയിൽവച്ചു ഈയിടെ സമ്മേളിച്ച ഇൻഡ്യൻ സയൻസ്‌കോൺഗ്രസ്സിൽ സംബന്ധിച്ച പ്രമുഖ ബ്രിട്ടീഷ്‌ശാസ്ത്രജ്ഞന്മാർ. ഇടത്തുനിന്നും:-സർ അലക്സാണ്ടർ ഫ്ളെമിംഗ്, സർ ഡേവിഡ് തോംപ്സൺ (86 വയസ്സു പ്രായം), സർ ഹാരോൾഡ് സ്പെൻസർജോൺസ്, സർ ചാൾസ് ഡാർവിൻ.

താഴെ—വാഹനഗതാഗതത്തിനിടയിൽ റോഡുകളുടെ കുറുകെ കടക്കുന്നതെങ്ങനെയെന്ന് മേൽകാണുന്ന പട്ടികൾ പാർലമെൻറ സ്ക്വയർ കുറുകെ കടക്കുന്നതു അനേകം ജനങ്ങൾ കൂടിനിന്നു കണ്ടു ടെസ്റ്റിലാക്കുകയുണ്ടായി. ബംബ് എന്നും ചിപ്പെന്നും എന്നും പേരുള്ള ഈ രണ്ടു പട്ടികളും വാഹനങ്ങൾ നിൽക്കുമ്പോൾ മാത്രമേ റോഡിനു വിലങ്ങനെ കടക്കുകയുള്ളു. അന്ധന്മാരെ അപായംകൂടാതെ റോഡു കടത്തിവിടുന്നതിനു ഈ പട്ടികൾക്കു പരിശീലനം നൽകപ്പെട്ടിട്ടുണ്ട്.

---

(പതിനഞ്ചാംപേജിൽനിന്നും തുടർച്ച)

ത്തേതിൽ കവിഞ്ഞ ഒരു സുഖം അദ്ദേഹത്തിനില്ല. ആകർഷകമായ അദ്ദേഹത്തിൻെറ ബൊഹീമിയൻ രീതിയിൽ അവരെ അദ്ദേഹം രസിപ്പിക്കും. ബിഹാറിലും യു. പി. യിലും ഗുജറാത്തിലും എല്ലാം അദ്ദേഹത്തിനു ധാരാളം സ്നേഹഭാജനങ്ങളുണ്ട്. അവരുടെ കൂട്ടത്തിൽ കഴിയുമ്പോഴാം വളരെ സ്വൈരവുമാണ്. കൃപലാനിജി വലിയ ഭാഷാശുദ്ധിക്കാരനൊന്നുമല്ല. മുപ്പതുവർഷത്തെ താമസത്തിനുശേഷവും സംസാരിക്കുന്ന ഗുജറാത്തി മോശവും ഹിന്ദി കണക്കുവിട്ടതുമാണ്. പക്ഷേ സ്നേഹത്തിൻെറയും ഫലിതത്തിൻെറയും ഭാഷയാണ് ശ്രോതാക്കളെ രസിപ്പിക്കുകയാണു. അടുക്കിൽ പ്രവർത്തിക്കുന്ന ഒരാളാണദ്ദേഹമെന്നുപറയാം. കാര്യശേഷിയുള്ള ഒരു സംഘടനാനിപുണനുമായിരിക്കാം. വിശ്വസ്തപ്രവർത്തകരുടെ ഒരു നല്ല സംഘത്തിനു അദ്ദേഹം തീർച്ചയായും ഒരു നല്ല നായകനാണ്. സിൻഡിലാണ് ജനനമെങ്കിലും ആ പ്രാവിൻസിനോടോ അവിടത്തെ ജനതയോടോ ഒരു മമത അദ്ദേഹത്തിന് ഒരിക്കലും ഉണ്ടായിട്ടില്ലെന്നുള്ളതു അത്ഭുതമാണെങ്കിലും വാസ്തവമാണ്. സിന്ധികളുടെ ഘടനയിൽ അദ്ദേഹത്തിനു പിടിക്കാത്ത ഏതോ ഒന്നുണ്ട്. അവിടത്തെ പണച്ചിലവുകൂടുന്ന പരുഷത്ത പാശ്ചാത്യഭ്രമ കാരണവും സുഖഭോഗേച്ഛയും അതിനുവേണ്ടിയുള്ള കള്ളത്തരവും രാഷ്ട്രീയമോ മതപരമോ ആയ ഊർജ്ജസ്വലതയുടെ കുറവും എല്ലാം അദ്ദേഹം വെറുക്കുന്നു. അദ്ദേഹം വരുമ്പോൾ ഇവിടത്തെ വഞ്ചകരുടെയും കപടനാട്യക്കാരുടെയും ചെമ്പുതെളിക്കുവാനും ഞങ്ങളുടെ നിർദ്ദേശത്തൊപ്പികളെയും വികൃതവേഷവിധാനങ്ങളെയും കളിയാക്കുവാനും ഉള്ള കൗതുകം അമർത്തുവാൻ അദ്ദേഹത്തിനു കഴിയാറില്ല. ഗാന്ധിജിയുടെ ഒരു സിൻഡുസന്ദർശനവേളയിൽ ഇവിടത്തെ പ്രമാണികളിൽ ചിലരെ ഗാന്ധിജിക്കു പരിചയപ്പെടുത്തിക്കൊടുക്കുന്ന ജോലി കൃപലാനിജി ഏററിരുന്ന കാര്യം ഞാൻ ഓർക്കുന്നു. പതിവുപോലെയുള്ള ആ സംഹരിക്കുന്ന ശൈലിയിൽ ഇടയ്ക്കിടയ്ക്കു പൊട്ടിച്ചിരിച്ചുകൊണ്ടായിരുന്നു അദ്ദേഹത്തിൻെറ വാക്കുകൾ. പക്ഷേ നമ്മളിൽ പലർക്കും അത്തരമൊരു സന്ദർഭത്തിൽ അത്തരമൊരു ശൈലി രുചിക്കുമെന്ന് എനിക്കു തോന്നുന്നില്ല.

൧൯൧൭-ലാണ് കൃപലാനിജി ഗാന്ധിജിയുടെ കൂട്ടത്തിൽ കൂടിയതു—കിസാൻകാര്യത്തിനായി ഗാന്ധിജി ആദ്യമായി ചാംപരാൻ സന്ദർശിച്ചപ്പോൾ ബംഗാൾ ഭീകരപ്രവർത്തകർ ഇറങ്ങിയിരുന്നകാലം. അന്നു അവർ ബീഹാറിൽ കൂട്ടംകൂടിയിരുന്നു. അതിവേഗത്തിൽ അവരുടെ സിദ്ധാന്തം യുവാക്കളായ സകല രാജ്യാഭിമാനികളുടേയും സിദ്ധാന്തമായിത്തീർന്നുകൊണ്ടിരുന്നു. കൊച്ചുകുട്ടികളെ അഞ്ചാംപനി പിടികൂടുന്നതുപോലെയെന്നാണ് ഞങ്ങൾ അതിനെ കണക്കാക്കിയത്. കുറെക്കഴിഞ്ഞു ചെറുപ്പക്കാർ സോഷ്യലിസത്തിലേക്കും കമ്യൂണിസത്തിലേക്കും തിരിഞ്ഞതുപോലെയും. അതവരുടെ കുററമോ പ്രത്യേക മേന്മതന്നെയുമോ ആയിരുന്നില്ല. കാലവിശേഷത്തിൽനിന്നുത്ഭവിച്ച ഒരു ആവശ്യംമാത്രം. അനന്തരകാലങ്ങളിൽ ജയപ്രകാശനാരായൺ സോഷ്യലിസത്തെ ആശ്ലേഷിച്ച അതേ ആസക്തിയോടുകൂടി കൃപലാനിജി ഭീകരസിദ്ധാന്തത്തെ സ്വീകരിച്ചു. കാലം മാറുമ്പോൾ പുതിയ മൂല്യകല്പനകൾ ആവിർഭവിക്കുന്നു. എന്നാൽ എല്ലാം അരുവികളും നദിയിലേക്കും, എല്ലാം നദികളും സമുദ്രത്തിലേക്കും ഒഴുകിച്ചേരുന്നതുപോലെ സകല മൂല്യകല്പനകളും ഗാന്ധിസത്തിൽ ലയിച്ചിരിക്കുന്നു. സകല ശക്തികളേയും ഗാന്ധിജി കൂട്ടിയിണക്കി ഒരുക്കിയിരിക്കുന്നു. ആ മഹാസമുദ്രത്തിൽ അദ്ദേഹം ഏററവും വലിയ ശാന്തവിപ്ലവകാരിയാണ്. കൃപലാനിജി രാഷ്ട്രീയജീവിതം തുടങ്ങിയതു അക്രമമാർഗ്ഗവിശ്വാസത്തോടുകൂടിയായിരുന്നു. ആ പല്ലവമായ ആ വിശ്വാസത്തിൻെറ പൂർണ്ണഫലം എത്രയോ മുമ്പുതന്നെ അദ്ദേഹം അനുഭവിക്കുമായിരുന്നുഎന്നതാണ് എൻെറ വിശ്വാസം. ഏതെല്ലാം വളഞ്ഞ വഴികളിൽക്കൂടിയാണ് അദ്ദേഹം പുതിയ മാർഗ്ഗം സ്വന്തമായ രീതിയിൽ സ്വീകരിച്ചിട്ടുള്ളതെന്നു ഗാന്ധിജി തന്നെ നമ്മളോടു പറഞ്ഞിട്ടുണ്ട്. ആ വൃദ്ധമഹാപുരുഷനോടു അദ്ദേഹത്തിനു വലിയ ഭക്തിയാണ്. ഗാന്ധിജിക്കുവേണ്ടി സകലരോടും അദ്ദേഹം മല്ലടിക്കും. വാസ്തവത്തിൽ അദ്ദേഹം വർക്കിംഗ കമ്മിററിയിലേയും കോൺഗ്രസ്സിലെ ഭൂരിപക്ഷകക്ഷിയിലെയും സമരകർത്തൃകിയാണ്. ഓരോന്നുളത്തേയും പയററിൽ അദ്ദേഹം പ്രഹരം ഏല്ക്കുകയും ഏല്പിക്കുകയും ചെയ്യുന്നു: എന്നാൽ അദ്ദേഹം ഗുരുവിനെ അപ്പാടെ, മിണ്ടാതെ അനുസരിക്കുന്ന ഒരാളല്ല. വേണ്ടിവന്നാൽ ഗുരുഭൂതനോടു തെളിഞ്ഞ പരമാർത്ഥങ്ങൾ, അസുഖംതോന്നിക്കുന്നവതന്നെയായ പരമാർത്ഥങ്ങൾ നേരേ പറയുന്നവരുടെകൂട്ടത്തിൽ അദ്ദേഹം ആരുടേയും പിന്നിലല്ലെന്നാണ് ഞാൻ വിചാരിക്കുന്നതു. പലപ്പോഴും അദ്ദേഹം ഒത്തുകൂടുള്ളവരും മിണ്ടാതെ കഴിച്ചുകൂട്ടുന്നവരും തന്നേക്കാൾ ഔചിത്യവിചാരക്കാരുമായ മററാളുകളുടെ ഭാഗം സ്വമനസ്സാലെ വാദിക്കും. ഗാന്ധിയൻ അർത്ഥത്തിൽ ഒരു ശരിയായ ഗാന്ധിമാർഗ്ഗാനുയായിയുമല്ല അദ്ദേഹം. ഗാന്ധിസമെന്നറിയപ്പെടുന്ന മാർഗ്ഗത്തേക്കാൾ ഗാന്ധിയെന്ന ആളിനെയാണ് ഒരുപക്ഷേ അദ്ദേഹം സ്നേഹിക്കുന്നതു. അനുയായികളുടെകൂട്ടത്തിൽ ഗാന്ധിജിക്കു ഇടതുപക്ഷക്കാരും മദ്ധ്യപക്ഷക്കാരും വലതുപക്ഷക്കാരും ഉണ്ടെന്നുണ്ടെങ്കിൽ കൃപലാനിജി തീർച്ചയായും ഇടതുപക്ഷക്കാരനായിരുന്നു; ഇടതുപക്ഷക്കാരൻതന്നെയായിട്ടാണ് ഇരുന്നിട്ടുള്ളതും. ഗാന്ധിജിക്കു തൻെറ വിശ്വാസം സ്വീകരിച്ചിട്ടുള്ള നിരവധി അനുയായികളുണ്ടെന്നുള്ളതു ശരിയാണ്. ഒരു മഹാപുരുഷൻെറ അനുയായികൾ വലിയ കാലത്തെ സംക്രമിക്കാതെ തങ്ങളുടെ സജീവ ഗുരുവിനെ ഒരു നിർജ്ജീവ വിഗ്രഹമാക്കിത്തീർക്കുന്നു എന്നുള്ളതും തത്തുല്യം വാസ്തവമാണ്. എന്നാൽ ഗുരുവിൻെറ കാലശേഷവും ഗുരുവിൻെറ സജീവത പുലർത്തണമെന്നുള്ളതിൽ സജീവനിഷ്ഠനാണ് കൃപലാനിജി.

(കാപ്പിറൈററ് എൻ. ഐ. പി. പി.)

Printed and Published by N. Chandrasekharan Nair at the Sree Rama Vilas Press, Quilon